# ಕೆ.ಯಸ್.ಡಿ ನ್ಯೂಸ್

# KSD NEWS

Website:www.keralasamajam.co.in., jubileeinstitution.org

A Publication of Kerala Samajam Dooravaninagar (Regd)






സമാജത്തിന്റെ മുൻ പ്രസിഡന്റും,
മുൻ ജനറൽ സെക്രട്ടറിയും,
സാഹിത്യ വിഭാഗം ചെയർമാനുമായ
എം എസ് ചന്ദ്രശേഖരൻ വിട പറഞ്ഞു.
എം എസ് ന്
സമാജത്തിന്റെ ആദരാഞ്ജലികൾ



**കേരളസമാജം ദൂരവാണിനഗർ പ്രസിദ്ധീകരിക്കുന്ന കുടുംബ ത്രൈമാസിക**

**എല്ലാവർക്കും സമാജത്തിന്റെ പുതുവത്സരാശംസകൾ**

# KERALA SAMAJAM DOORAVANINAGAR (REGD.)

## LADIES WING COMMITTEE 2024-2025



| | | |
|---|---|---|
| **Gracy Peter** | **Sumathi Ramachandran** | **Sarasamma Sadanandan** |
| Chair Person | Vice Chair Person | Convenor |
| 9535477115 | 9900218809 | 9945240620 |

## ZONAL CONVENORS



| ITI | KRP | VJP | UDN | MDP | RMN-WEST | MGH | RMN-EAST |
|---|---|---|---|---|---|---|---|
| **Soudha Rahaman** | **Remya Jagadeesh** | **Sandhya Ramesh** | **Prameela Pushparajan** | **Rajeswari Santhosh** | **Devi Rajan** | **Vidya Muralidharan** | **Saraswathi Ravindran** |
| 8762385503 | 9916620986 | 9164075781 | 9739142036 | 8553310950 | 9742009190 | 9535245195 | 9916109484 |

## COMMITTEE MEMBERS



Sangeetha Ramachandran, Haseena P H, Namitha Sooraj, Salini Rajesh, Ajitha Sukumaran, Ranjini K B Sunil, Prema Vijayan, Prema Murali



Vijayalakshmi, Suma Mohan, A Indira, Madhavi Kunjan, Doshi Muthu, Omana Rajendran, Padmavathi Bhaskaran, Swarnalatha Sathish



Premitha Kunjappan, Shami Sandy, Sheeja Viju, Santhakumari, Suja Thomas, Bindu Aneesh, Fairine Guyson, Devaki Bhaskaran



Devaki Sahadevan, Ambika Radhakrishnan, Kumari Muthu, Arya O R, Lavya Subin, Divya Sumesh, Geetha Narayanan, Sheeba Rajan



Annie Nambiar, Sara Colby, Remya Santhosh, Bhanu Pradeep, Viji, Sumithra Padmanabhan



2024 ഓണാഘോഷ പൊതുയോഗത്തിന്റെ ദൃശ്യം



വയനാട് ദുരന്തനിവാരണ ഫണ്ടിലേക്ക് കേരള സമാജം ദൂരവാണിനഗർ ശേഖരിച്ച 5.75 ലക്ഷം രൂപയുടെ ഡ്രാഫ്റ്റ്
കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനു കൈമാറുന്നതിന്റെ ദൃശ്യം.

# ONAM CELEBRATIONS 2024
























**KSD NEWS**

Vol. 35, Issue 2
November 2024

കേരളസമാജം
ദൂരവാണിനഗർ
പ്രസിദ്ധീകരിക്കുന്ന
കുടുംബ ത്രൈമാസിക

**EDITORIAL BOARD**

**Chief Patron**
Muralidharan Nair
President, Kerala Samajam Dooravani Nagar

**Editor**
Dennis Paul
General Secretary
Kerala Samajam Dooravani Nagar

**Convenor**
Karthick C

**Members**
Vimal Raj
Ravindran P
Gopalakrishnan P
Santhakumaran C
Rajesh V P
Kunjappan C

**Photos by**
Muthu

**Published by**
Kerala Samajam Dooravani Nagar (Regd.)
D-69, ITI Township, Bangalore - 16

**Printed at**
National Printing Press
e-mail: nppbangalore@gmail.com

For Private Circulation only

Ph: Kerala Samajam: 080-2565 9645;
Mobile: +9163663 72320

Jubilee School: 080-25651999,
+91-63663 72312

Jubilee English High School-CBSE:
+91-63663 72314

Jubilee College: +91-63663 72317

E-mail: ksdnewsletter@gmail.com

# ഉള്ളടക്കം

- മുഖക്കുറിപ്പ് ....................3
- From the President .................... 4
- General Secretary's Report .................... 5
- From the Secretary DKSES .................... 6
- From the Principal, Jubilee School .................... 7
- From the Principal, JEHS - CBSE .................... 9
- From the Principal, Jubilee College .................... 10
- From the Chairperson Ladies Wing .................... 11
- അനുസ്മരണം: ഓർമ്മയിലെ പ്രിയ എം.എസ്. .................... 12
- അനുസ്മരണം: കെ.സി.ആർ. (കെ.സി. രവീന്ദ്രൻ) നമ്പ്യാർ .................... 15
- അനുസ്മരണം: പി.ബി. അജി .................... 15
- കവിത: വൈലോപ്പിള്ളി ....................17
- ശ്രീ ഇ.പി. രാജഗോപാലൻ: പി.എൻ. ഗോപീകൃഷ്ണന്റെ കവിതയെക്കുറിച്ച് ഫേസ്ബുക്കിൽ എഴുതിയത്....................18
- കവിത: ഒരു കള്ളന്റെ ജീവിതം ....................19
- കവിത: ഗാസയിലെ കുട്ടി....................19
- കഥ: ജമീല എന്ന പട്ടാളക്കാരൻ....................20
- എം.എസ്. ചന്ദ്രശേഖരൻ, അജി പി.ബി. എന്നിവരെ അനുസ്മരിച്ചു....................24
- കവിത: പൊന്നിൻ ചിങ്ങം....................25
- കവിത: തീരം തേടുന്ന തിര ....................25
- എഴുത്തുകാരോളം സർഗ്ഗാത്മകത ഉള്ളവരാണ് വായനക്കാർ – പി.എഫ്. മാത്യൂസ് ....................26
- എഴുത്തിൽ നല്ലതും ചീത്തയുമില്ല; എഴുത്തുമാത്രം – സുസ്മേഷ് ചന്ദ്രോത്ത്....................28
- Matrimonial .................... 30
- New Members List .................... 31
- Obituary .................... 32

## KSD NEWS ADVERTISEMENT TARIFF

| | |
|---|---|
| BACK COVER PAGE (Colour) | ₹ 10,000/- |
| BACK COVER INSIDE PAGE (Colour) | ₹ 8,000/- |
| INSIDE FULL PAGE (Black & White) | ₹ 6,000/- |
| INSIDE HALF PAGE (Black & White) | ₹ 3,000/- |
| INSIDE QUARTER PAGE (Black & White) | ₹ 1,500/- |

കെ.എസ്.ഡി. ന്യൂസിലേക്ക് കഥ, കവിത, ലേഖനങ്ങൾ തുടങ്ങിയവ പ്രസിദ്ധീകരണത്തിനായി ക്ഷണിക്കുന്നു. അയക്കേണ്ട വിലാസം:

**എഡിറ്റർ, കെ.എസ്.ഡി. ന്യൂസ്,**
ഡി–69, ഐ.ടി.ഐ. ടൗൺഷിപ്പ്, നോർത്ത് അവന്യൂ,
ബെംഗളൂരു – 560 016
E-mail: ksdnewsletter@gmail.com

# KERALA SAMAJAM DOORAVANINAGAR (Regd)
## Working Committee 2024-25
## List of Sub Committees

| Sl. No. | Name | - | Phone Number |
|---|---|---|---|
| Youth Wing | Gopalakrishnan P | Coordinator | 9998659770 |
| | Adv. Sujith C Pani | Coordinator | 9986508941 |
| Ladies Wing | Bhaskaran M A | Coordinator | 9448048732 |
| | Santhosh Nair | Coordinator | 8088248229 |
| Construction Committee | Chandrasekhara Kurup K | Chairman | 9945842273 |
| | Sreekumaran K | Member | 9448289952 |
| | Johny P C | Do | 9945841184 |
| | Pavithran K K | Do | 9945919144 |
| | Balakrishna Pillai N V | Do | 9880255835 |
| | Prasad E | Do | 9845450568 |
| | Purushothaman Nair | Do | 9945081741 |
| | Radhakrishnan Unnithan | Do | 9343352181 |
| KSD News, Website, Calendar and Publications | Karthick C | Convenor | 9986999734 |
| | Vimal Raj | Member | 9945611433 |
| | Ravindran P | Member | 8317436941 |
| | Gopalakrishnan P | Do | 9986597770 |
| | Santhakumaran C | Do | 7483946274 |
| | Rajesh V P | Do | 9845718439 |
| | Kunjappan C | Do | 9008273313 |
| | Dennis Paul | Editor | 7022762988 |
| Purchase Committee | Chandrasekhara Kurup K | Chairman | 9945842273 |
| | M K Chandran | Convenor | 8197018594 |
| | Prabhakaran P P | Member | 8971746362 |
| | Sreekumaran K | Do | 9448289952 |
| | Radhakrishnan Unnithan | Do | 9343352181 |
| | Santhakumaran C | Do | 7483946274 |
| | Viswanathan S | Do | 9880230574 |
| Repair & Maintenance Committee | Balakrishna Pillai N V | Chairman | 9880255835 |
| | Pavithran K K | Convenor | 9945919144 |
| | Syed Mastan | Member | 9945776174 |
| | Sreekumaran K | Do | 9448289952 |
| | Ceeno Sivadas | Do | 9986597888 |
| | Johny P C | Do | 9945841184 |
| | M. A. Bhaskaran | Do | 9448048732 |
| Refreshment Committee | M K Chandran | Chairman | 8197018594 |
| | Balakrishna Pillai N V | Convenor | 9880255835 |
| | Purushothaman Nair | Member | 9945081741 |
| | Suresh Babu | Do | 9980866968 |
| | Vijayakumar P B | Do | 9591756471 |
| | Rajesh V P | Do | 9845718439 |
| | Chandramohan T V | Do | 9945337229 |
| | Sukumaran A | Do | 9900838480 |
| | Anil Kumar P | Do | 9663820714 |
| | Venugopal R | Do | 9880401218 |
| | Rajendran K K | Do | 9448865716 |
| | Rajeevan K R | Do | 9632816299 |
| | Aravindakshan Nair | Do | 9980191784 |
| | Sasikumar C P | Do | 9448772483 |
| | All Zonal Secretaries | Do | |
| Library Committee | Vijayan M P | Chairman | 9448201501 |
| | Radhakrishnan Unnithan | Convenor | 9343352181 |
| | Syed Mastan | Member | 9945776174 |
| | Sathish S | Do | 7411422448 |
| | Karthick C | Do | 9986999734 |
| | Sunil Nambiar P | Do | 9845543626 |
| | Santhakumaran C | Do | 7483946274 |
| | Bhaskaran M A | Do | 9448048732 |
| | Rajesh V P | Do | 9845718439 |
| | Kunjappan C | Do | 9008273313 |
| Social Welfare/Ambulance/ Community Service Committee | Johny P C | Chairman | 9945841184 |
| | Pavithran K K | Convenor | 9448201501 |
| | Santhosh Nair | Member | 8088248229 |
| | Syed Mastan | Do | 9945776174 |
| | Raghavan V V | Do | 9980991384 |
| | Harshan | Do | 9449820490 |
| | Chandran Nair | Do | 9901158457 |
| | K P Ramachandran | Do | 9986232164 |
| | V K Thyagarajan | Do | 9980116953 |
| | Bhaskaran K | Do | 9448937022 |
| | Suresh Babu | Do | 9980866968 |
| | All Zonal Secretaries | Do | |
| Onam Chantha | M K Chandran | Chairman | 8197018594 |

| | | | |
|---|---|---|---|
| | Pavithran K K | Convenor | 9945919144 |
| | Viswanathan S | Convenor | 9880230574 |
| | Radhakrishnan Unnithan | Jt. Convenor | 9343352181 |
| | Bhaskaran M A | Jt Convenor | 9448048732 |
| | T V Chandramohan | Member | 9945337229 |
| | Sukumaran A | Do | 9900838480 |
| | Raju A U | Do | 9739369251 |
| | Prabhakaran P P | Do | 8971746362 |
| | Doshimuthu | Do | 9035518400 |
| | Prema Murali | Do | 9448055343 |
| | Rajan M M | Do | 9611476650 |
| | Ravindran P | Do | 8317436941 |
| | Sashikumar V | Do | 9845173837 |
| | Rajeevan K R | Do | 9632816299 |
| | Vijayakumar P B | Do | 9591756471 |
| | Ramesh Radhakrishna | Do | 9986613529 |
| | Rajendran K K | Do | 9448865716 |
| | Kumari | Do | 9741904133 |
| | Vimal Raj | Do | 9945611433 |
| | Jayakrishnan N K | Do | 9448207744 |
| | Anil Kumar M N | Do | 9620644060 |
| | Suresh Babu | Do | 9980866968 |
| | Santhosh Nair | Do | 8088248229 |
| | Syed Mastan | Do | 9945776174 |
| | Sasikumar C P | Do | 9448772483 |
| | Sunil Nambiar P | Do | 9845543626 |
| Legal Cell | Adv. Sujith C Pani | Convenor | 9986508941 |
| | Adv. Radhakrishnan Alapra | Member | 9449837651 |
| | Adv. Arun | Do | 9845326500 |
| | Haneef M | Do | 9448811111 |
| | All Zonal Secretaries | Do | |
| ISO | Peter George | M R | 9448511496 |
| | Ramesh Radhakrishna | Convenor | 9986613529 |
| | Ganesh C | Member | 9901947503 |
| | V K Surendran | Member | 9741154248 |
| PCEF | Chandrasekhara Kurup K | Chairman | 9945842273 |
| | Vijayan M P | Convenor | 9448201501 |
| | Haneef M | Member | 9448811111 |
| | All Zonal Secretaries | Member | |
| Onam Celebration | Gopalakrishnan P | Chairman | 9998659770 |
| | Beeno Sivadas | Convenor | 9986461474 |
| | Sathish S | Member | 7411422448 |
| | Sunil Nambiar P | Do | 9845543626 |
| | Pavithran K K | Do | 9945919144 |
| | Sreekumaran K | Do | 9448289952 |
| | Karthick C | Do | 9986999734 |
| | Rajendran K K | Do | 9448865716 |
| | Rajesh V P | Do | 9845718439 |
| | Ceeno Sivadas | Do | 9986597888 |
| | Doshimuthu | Do | 9035518400 |
| | Jayakrishnan N K | Do | 9448207744 |
| | Anil Kumar M N | Do | 9620644060 |
| | Sasikumar C P | Do | 9448772483 |
| | Syed Mastan | Do | 9945776174 |
| | Prabhakaran P P | Do | 8971746362 |
| | T V Chandramohan | Do | 9945337229 |
| | Bhaskaran M A | Do | 9448048732 |
| | Suresh Babu | Do | 9980866968 |
| | All Zonal Secretaries | Do | |
| Literary Committee | Kunjappan C | Convenor | 9008273313 |
| | Rekha Menon | Member | 9480199319 |
| | Geetha Narayanan | Do | 7259521524 |
| | Chandrasekharan Nair | Do | 9449889858 |
| | Surendran V K | Do | 9741154248 |
| | Dr. Rajan M P | Do | 9980684523 |
| | Saudha Rahman | Do | 8762385503 |
| TRMDRF | Pavithran K K | Coordinator | 9945919144 |
| | P. Balasubramanyam | AGM Nominated Member | 6360422016 |
| | Radhakrishnan Pilla P N | AGM Nominated Member | 9845585061 |
| | V. V. Raghavan | AGM Nominated Member | 9980991384 |

# മനുഷ്യ സഹകരണം തീർത്ത മഹാത്ഭുതം

ആധുനികതയുടെ പ്രതീകമായ നിർമ്മിത ബുദ്ധി (Artificial Intelligence) പോലുള്ള കുതിച്ചു ചാട്ടം നടക്കുന്ന കാലത്തും മനുഷ്യർ ലോകത്തെങ്ങും വംശത്തിന്റെയും മതത്തിന്റെയും പേരിൽ രക്തപ്പുഴ ഒഴുക്കുന്നത് തുടരുന്നു.

ബ്രിട്ടീഷ് അധീന മേഖലകളിൽ അധികാരം നിലനിർത്താൻ ലോർഡ് എൽഫിൻസ്റ്റർ കണ്ടു പിടിച്ച ഒരു മാർഗ്ഗമായിരുന്നു തമ്മിലടിപ്പിച്ച് ഭരിക്കുക എന്നത്. പൗരാണിക ഗ്രീസിൽ നിന്നാണ് ഇതിന്റെ മാതൃക ലോർഡ് എൽഫിൻസ്റ്റർ കണ്ടെത്തിയിരുന്നത്. വംശീയ–മത ഭ്രാന്തൻ ശക്തികളെയാണ് അക്കാലം മുതൽ ബ്രിട്ടീഷുകാർ അവരുടെ ആധിപത്യം നിലനിർത്താൻ ലോകത്തെങ്ങും ഉപയോഗപ്പെടുത്തിയിരുന്നത്.

ന്യൂനപക്ഷങ്ങളെ ശത്രു സ്ഥാനത്ത് പ്രതിഷ്ഠിച്ച്, കൊന്നൊടുക്കി ആര്യവംശ ശ്രേഷ്ഠത ഉറപ്പിക്കാൻ ശ്രമിച്ച ഹിറ്റ്ലറാണ് ഈ പ്രയോഗത്തിന്റെ ഏറ്റവും ക്രൂരമായ ഉദാഹരണം.

മത തീവ്രവാദികൾ ലോകത്തെങ്ങും ഈ മാതൃക തുടരുന്ന കാലത്തും മനുഷ്യ സഹകരണത്തിന്റെയും സൗഹാർദ്ദത്തിന്റെയും മഹനീയ മാതൃകകളും ഉണ്ടെന്നതാണ് ആശ്വാസം.

കേരളത്തിന്റെ ഇരുട്ടിൽ വെളിച്ചം പകർന്ന ശ്രേഷ്ഠനായ ഒരു സന്യാസിവര്യൻ ഉണ്ടായിരുന്നു. അക്കാലത്തെ മലബാറായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തന മേഖല. വാഗ്ഭടാനന്ദ സ്വാമിയെക്കുറിച്ചാണ് പറഞ്ഞു വരുന്നത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത സ്വാമിയാണ് വാഗ്ഭടാനന്ദൻ. കോഴിക്കോട് ഫറോക്കിൽ ഓട്ടു കമ്പനിത്തൊഴിലാളികൾക്ക് നേരെ നടന്ന വെടിവെപ്പിൽ പ്രതിഷേധിച്ച് സമര പന്തലിൽ ഉപവാസം അനുഷ്ഠിച്ച വ്യക്തിയാണ് വാഗ്ഭടാനന്ദ സ്വാമി.

''ക്ഷണമെഴുന്നേൽപ്പിൻ അഖിലേശ്വരനെ സ്മരിപ്പിൻ
അനീതിയോടെതിർപ്പിൻ''

എന്ന പ്രസിദ്ധമായ കവിതാ ശകലം അദ്ദേഹത്തിന്റെ നിലപാടിന്റെ മാനിഫെസ്റ്റോ ആണ്.

1917–ൽ കാരക്കാടുള്ള (ഇപ്പോഴത്തെ ഊരാളുങ്കൽ) ഒരു സംഘം പുരോഗമന വാദികളായ യുവാക്കൾ മലബാറിലെ നവോത്ഥാന നായകനും സാമൂഹിക പരിഷ്ക്കർത്താവുമായ സ്വാമിയെ അങ്ങോട്ട് ക്ഷണിച്ചു. ഗുരുവിന്റെ ആത്മവിദ്യാസംഘം എന്ന സംഘടന രൂപീകരിക്കുകയായിരുന്നു ഉദ്ദേശം. അതിൽ ഒരു യുവാവ് സ്വാമിയോട് വയറു വിശക്കുന്നവർക്ക് സ്വാമിക്ക് എന്ത് ശാന്തിയെക്കുറിച്ചാണ് പറയാൻ കഴിയുക എന്ന് ചോദിച്ചു. ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ സ്വാമി കണ്ടെത്തിയ ശ്രമത്തിന്റെ ഫലമാണ് ഇന്നു സഹകരണ മേഖലയിൽ ലോക പ്രസിദ്ധിയാർജ്ജിച്ച ULCCS എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ''ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി.''

സമൂഹത്തിലെ ഉന്നത ശ്രേണിയിൽ നിന്ന് കഠിനമായ അടിച്ചമർത്തലുകളും ബഹിഷ്ക്കരണവും അനേകം പ്രതിസന്ധികളും തടസ്സങ്ങളും അതിജീവിച്ചാണ് ആ യുവാക്കൾ ULCCS യെ ഇന്നത്തെ പ്രസിദ്ധിയിലേക്കുയർത്തിയത്.

ഐക്യ നാണയസംഘം (ഇന്നത്തെ ഊരാളുങ്കൽ സർവീസ് സഹകരണ ബാങ്ക്) എന്ന പേരിൽ തുടങ്ങുകയും അതിന്റെ ഭാഗമായി സാധാരണക്കാരുടെ മക്കൾക്ക് പഠിക്കാൻ ഒരു സ്കൂൾ ആരംഭിക്കുകയും ചെയ്തു.

1925 ഫെബ്രുവരി 13ന് അതിന്റെ ഭാഗമായി ഊരാളുങ്കൽ കൂലി വേലക്കാരുടെ പരസ്പര സഹായ സംഘം രജിസ്റ്റർ ചെയ്തു. 1924 ലെ വെള്ളപ്പൊക്കത്തിൽ തകർന്ന ബണ്ടുകളുടെയും മത്സ്യത്തൊഴിലാളികളുടെ ചാപ്പ(മീൻ ഉണക്കുകയും മറ്റും ചെയ്യുന്ന സ്ഥലം)കളുടെയും പുനർനിർമ്മാണത്തിലൂടെ നേടിയ ഫണ്ട് ഉപയോഗപ്പെടുത്തിയാണ് സൊസൈറ്റി രജിസ്റ്റർ ചെയ്തത്. ഇതാണ് ഇപ്പോഴത്തെ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി.

പിന്നീടും ഏറെ പ്രതിസന്ധികൾ നേരിട്ടാണ് സംഘം വളർന്നത്.

തൊഴിൽ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ ചെറിയ രൂപത്തിൽ തുടങ്ങിയ സൊസൈറ്റി ഇന്ന് കേരളത്തിലെ ഏറ്റവും മികച്ചതും വിശ്വസനീയവും ആയ കോൺട്രാക്റ്റ് കമ്പനിയാണ്. സോഫ്റ്റ്‌വെയർ ഉൽപാദനം, ഐ.ടി. സെന്ററുകളുടെ സ്ഥാപനം, പശ്ചാത്തല സൗകര്യ വികസനം, പാർപ്പിട നിർമ്മാണം, നൈപുണ്യ വികസനം, ടൂറിസം, ഉത്പന്നങ്ങളുടെ ഗുണമേന്മ പരിശോധന, നിർമ്മാണം, വിദ്യാഭ്യാസം, സാമൂഹികക്ഷേമം എന്നിങ്ങനെ വിവിധ മേഖലകളിൽ പടർന്നു പന്തലിച്ച സൊസൈറ്റി എഞ്ചിനിയർമാരടക്കം 18000 പേരുടെ തൊഴിൽ ദാതാവാണെന്ന് മാത്രമല്ല രാജ്യത്തെ ഏറ്റവും ഉയർന്ന ശമ്പളം നൽകുന്ന സ്ഥാപനവുമാണ്.

ULCCS സേവന രംഗത്തെ അത്ഭുതമാണ്. രാമനാട്ടുകര പാലം നിർമ്മിക്കാൻ 85 കോടിയുടെ ഭരണാനുമതിയും 74.96 കോടിയുടെ സാങ്കേതികാനുമതിയും ഉണ്ടായിരുന്നു. ഇത് കാലാവധിക്ക് മുമ്പേ 63 കോടിക്ക് പൂർത്തിയാക്കുകയും ബാക്കിയുള്ള 11.96 കോടി രൂപ സർക്കാരിന് തിരികെ നല്കുകയും ചെയ്തത്, ഇതുപോലുള്ള ULCCSന്റെ വിശ്വസനീയ മാതൃകകളിൽ ഒരു ഉദാഹരണം മാത്രമാണ്.

സ്ഥല പരിമിതി കാരണം മറ്റു ഉദാഹരണങ്ങളിലേക്കും സൊസൈറ്റി ഇടപെടുന്ന വൈവിധ്യ മേഘലകളെക്കുറിച്ചുള്ള വിവരണത്തിനും ശ്രമിക്കുന്നില്ല.

സഹകരണത്തിന്റെ ഉന്നത ഭാവമാണ് സ്നേഹം എന്ന് പറയാറുണ്ട്. വെറുപ്പും വിദ്വേഷവും പ്രചരിപ്പിക്കാൻ ഊർജ്ജം വ്യർത്ഥമാക്കാതെ സമൂഹം ഇതുപോലുള്ള സ്നേഹ സഹകരണം മാതൃകയാക്കുകയാണെങ്കിൽ – ''ഹാ വെളിച്ചത്തിനെന്തൊരു വെളിച്ചം'' എന്ന് സന്തോഷിക്കാമായിരുന്നു. വാഗ്ഭടാനന്ദ സ്വാമിയുടെ സ്മരണയ്ക്ക് മുന്നിൽ തല കുനിച്ചു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

# From the President



സമാജത്തിന്റെ മുൻ അധ്യക്ഷനും സാഹിത്യവിഭാഗത്തിന്റെ അധ്യക്ഷനും ആയിരുന്ന ശ്രീ എം.എസ്. ചന്ദ്രശേഖരൻ, പ്രവർത്തക സമിതി അംഗം ശ്രീ അജി പി.ബി., മുൻ ഭാരവാഹി ആയിരുന്ന ശ്രീ കെ.സി.ആർ. നമ്പ്യാർ എന്നിവരുടെ വിയോഗം സമാജത്തിന് വലിയ നഷ്ടമാണ്. അവരുടെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

പതിവുപോലെ ഇക്കുറിയും ഓണചന്തയും ഓണാഘോഷവും വിജയകരമായി നടത്തുവാൻ നമുക്ക് കഴിഞ്ഞു. എല്ലാ വിജയങ്ങളും നമ്മുടെ കൂട്ടായ്മയുടെ വിജയമാണ്. നമുക്കതിൽ അഭിമാനിക്കാം. വെല്ലുവിളികൾ പലതും മുന്നിലുണ്ടായിരുന്നു. എന്നാൽ അവയൊക്കെ വിജയകരമായി നേരിടുവാൻ നമുക്ക് കഴിഞ്ഞു. ശ്രമകരമായ ചന്തയോടനുബന്ധിച്ച പ്രവർത്തനം നിർവ്വഹിക്കുവാൻ പ്രായഭേദമന്യേ എല്ലാവരും സഹകരിച്ചു. യുവജന വിഭാഗം ഇക്കാര്യത്തിൽ കാണിച്ച ശുഷ്കാന്തി പ്രത്യേകം പാരാമർശ്ശിക്കേണ്ടതുണ്ട്. സമാജത്തിന്റെ അംഗമല്ലാത്തവർ, വിദ്യാഭ്യാസ സ്ഥാപനത്തിലെ ജീവനക്കാർ തുടങ്ങി പലരും ഈ പ്രവർത്തനത്തിന്റെ ഭാഗമായി. എല്ലാവർക്കും നന്ദി.

ഓണാഘോഷത്തോടനുബന്ധിച്ചു നടന്ന മത്സരങ്ങൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കുവാൻ യുവജനവിഭാഗം മുന്നിലുണ്ടായിരുന്നു. വലിയ പരാതികൾക്ക് വഴികൊടുക്കാതെ മത്സരങ്ങൾ പൂർത്തീകരിക്കുവാൻ സഹായിച്ച എല്ലാവർക്കും നന്ദി. സാഹിത്യവിഭാഗത്തിന്റെ നേതൃത്തത്തിൽ സംഘടിപ്പിച്ച സാഹിത്യ സംവാദം സാഹിത്യപ്രേമികളുടെ പങ്കാളിത്തത്താൽ ശ്രദ്ധേയമായിരുന്നു. ശ്രീ. പി.എഫ്. മാത്യൂസ്, ശ്രീ സുസ്മേഷ് ചന്ദ്രോത്ത് എന്നീ പ്രഗൽഭർ അവരുടെ സാന്നിധ്യത്താൽ വേദിയെ പ്രൗഢമാക്കി.

സെപ്റ്റംബർ 29–നു നടന്ന ഓണാഘോഷം കൃത്യം പത്തുമണിക്ക് തന്നെ തുടങ്ങി. അന്നേദിവസം അവതരിപ്പിച്ച നിലവാരമുള്ള കലാപരിപാടികൾ എല്ലാവരുടെയും പ്രശംസ ഏറ്റുവാങ്ങി. ഉച്ചക്കുശേഷം നടന്ന പൊതു സമ്മേളനത്തിൽ ശ്രീ കൃഷ്ണ ബൈര ഗൗഡ, റവന്യൂ വകുപ്പ് മന്ത്രി കർണാടക, ശ്രീമതി ചിഞ്ചുറാണി, മൃഗസംരക്ഷണവകുപ്പ് മന്ത്രി കേരള എന്നിവരുടെ മഹനീയ സാന്നിധ്യം മറ്റ് അതിഥികളോടൊപ്പം ഉണ്ടായി. ഓണസദ്യ എല്ലാവർക്കും കൊടുക്കുവാൻ കഴിഞ്ഞു എന്നതും സംതൃപ്തി നൽകുന്ന കാര്യമായി. മെഗാ ഗാനമേളയും സദസ്യർ നന്നായി ആസ്വദിച്ചു.

ഓണംപരിപാടി പൂർവ്വാധികം നന്നായി സംഘടിപ്പിക്കുവാൻ സാമ്പത്തികസഹായം നൽകി പ്രോത്സാഹിപ്പിച്ച എല്ലാവരെയും ഈ അവസരത്തിൽ ഓർക്കുന്നു. പ്രതേകിച്ച് ശ്രീ കൊത്തൂർ മഞ്ജുനാഥ് എം.എൽ.എ. നൽകിയത് വളരെ വലിയ സഹായമാണ്. നന്ദി സുഹൃത്തുകളെ...

ഓണാഘോഷമെന്ന ഭാരിച്ച ഉത്തരവാദിത്യം നിർവ്വഹിക്കുവാൻ സഹായിച്ച, സഹകരിച്ച എല്ലാവർക്കും നന്ദി.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം നന്നായി മുന്നോട്ട് പോകുന്നു. സി.ബി.എസ്.ഇ. സ്കൂളിന്റെ മുഖം മിനുക്കലിന്റെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട കാര്യങ്ങളും പുരോഗമിക്കുന്നു. അടുത്ത അധ്യയനവർഷത്തേക്കുള്ള പ്രവേശനം തുടങ്ങി. പരിമിതമായ അവസരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

എല്ലാ സ്ഥാപനങ്ങളിലും ക്ലാസ്സുകൾ പുരോഗമിക്കുന്നു. സ്കൂളുകളിലെ വാർഷിക ആഘോഷങ്ങൾ പ്ലാൻ അനുസരിച്ചുതന്നെ നടക്കുന്നതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

പുതിയ സ്ഥലത്തു കെട്ടിടനിർമ്മാണം വലിയ കാലതാമസമില്ലാതെ തുടങ്ങുവാൻ കഴിയും എന്നു കരുതുന്നു.

ഈ വർഷത്തെ സോണൽ ഫെസ്റ്റിവൽ ഡിസംബർ മാസം 29–നു നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളിൽനിന്നും പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി സമാജം നൽകുന്ന സേവനങ്ങൾക്ക് ആവശ്യക്കാർ ഏറെ ആണ്. സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ മുന്നോട്ടുവരണം എന്ന് ആശിക്കുന്നു.

നമ്മുടെ സമാജത്തെ മുന്നോട്ട് നയിക്കുവാൻ അംഗങ്ങളുടെ ഭാഗത്ത് നിന്നും മറ്റുള്ളവരിൽ നിന്നും ലഭിക്കുന്ന സഹകരണം വലുതാണ്. തുടർന്നും എല്ലാവരുടെയും സഹായസഹകരണം പ്രതീക്ഷിച്ചുകൊണ്ട്....

സസ്നേഹം,

**മുരളീധരൻ നായർ**

# General Secretary's Report



**പ്രതീക്ഷക്കൊത്തുയർന്ന ഉത്സവക്കാലം.**

പ്രതീക്ഷക്കനുസരിച്ച് ഇത്തവണത്തെ, ഓണച്ചന്ത, ഓണാഘോഷ മത്സരങ്ങൾ, ഓണാഘോഷ സാഹിത്യ സംവാദം, ഓണാഘോഷം എന്നീ പരിപാടികൾ വിജയിച്ചു. മികച്ച ആസൂത്രണവും അതിനനുസരിച്ചുള്ള പ്രവർത്തനവും അംഗങ്ങളിൽ നിന്നും അഭ്യുദായകാംക്ഷികളിൽ നിന്നും ലഭിച്ച നിർലോഭ സഹായ സഹകരണങ്ങളുമാണ് ഈ വിജയത്തിന്റെ അടിത്തറ. പ്രവർത്തക സമിതിയും, വനിതാ വിഭാഗവും, യുവജന വിഭാഗവും, സാഹിത്യ വിഭാഗവും ശക്തമായ ലക്ഷ്യബോധത്തോടെയും, പ്രതിബദ്ധതയോടെയും പ്രവർത്തിക്കുകയുണ്ടായി. ഇതു കൂടാതെ നിരവധി വൊളണ്ടിയർമാർ, ജൂബിലി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർ, അദ്ധ്യാപകർ തുടങ്ങിയവരുടെ വലിയ സംഘം ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

ഓണച്ചന്ത, ഓണാഘോഷ മത്സരങ്ങൾ, ഓണാഘോഷ സാഹിത്യോത്സവം, ഓണാഘോഷം എന്നീ പരിപാടികൾ വിജയിപ്പിക്കാൻ മുന്നിട്ടിറങ്ങിയ പ്രവർത്തകർക്ക് നന്ദി രേഖപ്പെടുത്താൻ നവംബർ 17–ന് നന്ദിപ്രകാശന യോഗം നടത്തുകയുണ്ടായി.

സെപ്റ്റംബർ 11 മുതൽ 14 വരെ ഓണച്ചന്ത വിജിനപുര ജൂബിലി സ്കൂളിലും, എൻ.ആർ.ഐ. ലേഔട്ടിലെ ജെ.ഇ.എച്ച്.എസ്സിലും 4 ദിവസം വീതം നടത്താൻ സഹായിച്ച വൊളണ്ടിയർമാർക്ക് നന്ദി പറയാൻ വാക്കുകൾ മതിയാകില്ല.

ചന്ത കഴിഞ്ഞ് 14 ദിവസത്തിനുള്ളിൽ, സെപ്റ്റംബർ 29–ന് ഓണാഘോഷവും നടത്തി. തയ്യാറെടുപ്പിന് ചുരുങ്ങിയ ഇടവേളയായിരുന്നു ലഭിച്ചത്.

28–09–2024ന് വൈകുന്നേരം വിജിനപുര ജൂബിലി സ്കൂളിൽ നടത്തിയ സാഹിത്യ സംവാദത്തിൽ പ്രശസ്ത എഴുത്തുകാരനായ പി.എഫ്. മാത്യൂസ് പങ്കെടുത്തു സംസാരിച്ചു. അവിചാരിതമായി ശ്രീ പി.എഫ്. മാത്യൂസിനെ കാണാനെത്തിയ പ്രമുഖ സാഹിത്യകാരൻ സുസ്മേഷ് ചന്ത്രോത്തിനെയും നമുക്ക് പരിപാടിയിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. ബാംഗ്ലൂരിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എഴുത്തുകാരും ആസ്വാദകരും പങ്കെടുത്ത് സംസാരിച്ചു. എല്ലാവർക്കും സമാജത്തിന്റെ നന്ദി.

ഓണാഘോഷ വേദിയിൽ പരിപാടികൾ അവതരിപ്പിക്കാൻ അവസരം ചോദിച്ചു പലരും വരാറുണ്ട്. മത്സര വിജയികൾ, ജൂബിലി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, യുവജന – വനിതാ വിഭാഗം എന്നിവർക്ക് മാത്രമാണ് ഓണാഘോഷ വേദിയിൽ അവസരം നല്കി വരുന്നത്.

ഈ പരിമിതി മറികടക്കാനും കലാപരിപാടികൾ അവതരിപ്പിക്കാൻ താൽപ്പര്യമുള്ള എല്ലാവർക്കും അവസരം നല്കാനുമാണ് സോണൽ ഫെസ്റ്റിവൽ നടത്തി വരുന്നത്. ഡിസംബർ 29–ന്, രാവിലെ 10 മുതൽ രാത്രി 8 വരെ വിജിനപുര ജൂബിലി സ്കൂളിൽ നടക്കുന്ന സംയുക്ത മേഖലാ കലോത്സവത്തിൽ (Combined Zonal Festival) കലാ പരിപാടികൾ അവതരിപ്പിക്കാൻ താൽപ്പര്യമുള്ള എല്ലാവർക്കും അവസരം നല്കുന്നതായിരിക്കും. മികച്ച കലാ പരിപാടികൾ അവതരിപ്പിച്ചു കൊണ്ട് ഈ അവസരം ധന്യമാക്കാൻ എല്ലാവരോടും അപേക്ഷിക്കുന്നു.

നിർദ്ധന വിദ്യാർത്ഥി പഠന സഹായ നിധി (Poor Children Education Fund) ൽ നിന്ന് വിജിനപുര ജൂബിലി സ്കൂളിൽ പഠിക്കുന്ന അർഹതയുള്ള 32 കുട്ടികൾക്ക് ഈ വർഷം 9 മാസം വീതം ഫീസിളവ് നൽകി. കൂടുതൽ വിദ്യാർത്ഥികൾക്ക് ഈ സഹായം നൽകാൻ PCEF ലേക്ക് ഉദാരമായ സംഭാവന നല്കി സഹകരിക്കണമെന്ന് എല്ലാ ഉദാരമതികളോടും അപേക്ഷിക്കുന്നു.

വിജിനപുര ജൂബിലി സ്കൂളിലെ 20 മലയാളി വിദ്യാർത്ഥികൾക്ക് മാതൃഭൂമി ദിനപ്പത്രത്തിന്റെ മധുരം മലയാളം പരിപാടിയുടെ ഭാഗമായി മാതൃഭൂമി ദിനപ്പത്രം നല്കി വരുന്നുണ്ട്. കുട്ടികൾ ഇത് നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ രക്ഷിതാക്കളും ശ്രദ്ധവെക്കണം.

പ്രതിമാസ സാഹിത്യ സംവാദത്തിന്റെ ഭാഗമായി 10–12–2024 ന് രാവിലെ 10 മുതൽ വിജിനപുര ജൂബിലി സ്കൂളിൽ നടത്തിയ പരിപാടിയിൽ പ്രശസ്ത സാഹിത്യകാരൻ സുസ്മേഷ് ചന്ത്രോത്തിന്റെ ഭരതേട്ടൻ എന്ന കഥ വായനയും നല്ലെഴുത്തിന്റെ നവലോക നിർമ്മിതി എന്ന വിഷയത്തെക്കുറിച്ച് സംവാദവും നടന്നു. സുസ്മേഷ് ചന്ത്രോത്ത് വിഷയത്തോടൊപ്പം എഴുത്തനുഭവങ്ങളും പങ്കു വെച്ചു. ബാംഗ്ലൂരിലെ എഴുത്തുകാരും ആസ്വാദകരും കഥ വായനയിലും, ചർച്ചയിലും പങ്കെടുത്തു. ചിലർ കവിത ചൊല്ലിയും പരിപാടി ധന്യമാക്കി.

ഗാനരചയിതാവ്, കവി, അഭിനേതാവ്, ചലച്ചിത്ര സംവിധായകൻ, നിർമ്മാതാവ് എന്നീ നിലകളിൽ മലയാള സംസ്കാരത്തിന് അതുല്യ സംഭാവനകൾ നല്കിയ പി.ഭാസ്കരൻ മാഷിന്റെ ജന്മശതാബ്ദിയാണ് ഈ വർഷം. 15–12–2024ന് രാവിലെ 10.30 മുതൽ വിജിനപുര ജൂബിലി സ്കൂളിൽ നടക്കുന്ന പരിപാടിയിൽ ഭാസ്കരൻ മാഷിന്റെ ഗാന – കാവ്യാലാപനവും ഉണ്ടായിരിക്കും. ചലച്ചിത്ര നിരൂപണത്തിന് ദേശീയ പുരസ്കാരം ലഭിച്ച ശ്രീ ജി.പി. രാമചന്ദ്രൻ അനുസ്മരണ പ്രഭാഷണം നടത്തും.

സമാജത്തിന് വിലമതിക്കാനാകാത്ത വളരെ പ്രധാനപ്പെട്ട വ്യക്തികളുടെ വേർപാട് സംഭവിച്ച ഒരു വർഷമാണ് കടന്നു പോകുന്നത്. ഓണച്ചന്തയുടെ രണ്ടാം ദിവസമാണ്, പ്രവർത്തക സമിതി അംഗമായ അജി പി.ബി.യുടെ വേർപാട്. ഓണാഘോഷ ദിവസം വിട പറഞ്ഞത് സമാജത്തിന്റെ മുൻ പ്രസിഡന്റും മുൻ ജനറൽ സെക്രട്ടറിയും ഇപ്പോഴത്തെ സാഹിത്യ വിഭാഗം ചെയർമാനുമായ എം.എസ്. ചന്ദ്രശേഖരനായിരുന്നു. വേർപാടിന്റെ വേദനകൾ തിങ്ങി നിന്ന ഘട്ടത്തിലും ഓണചന്തയും ഓണാഘോഷവും മുടങ്ങാതെ മുന്നോട്ട് കൊണ്ടു പോവുക എന്നത് അനിവാര്യമായിരുന്നല്ലോ.

ഇപ്പോഴിതാ 1963 മുതൽ സമാജം പ്രവർത്തനങ്ങളിൽ സജീവമായുണ്ടായിരുന്ന, മുൻ ട്രഷററും, പ്രവർത്തക സമിതി അംഗവും, സാഹിത്യ വിഭാഗം അംഗവും കവിയുമായ കെ.സി. ആർ നമ്പ്യാരും വിടപറഞ്ഞിരിക്കുന്നു. എല്ലാവരുടെയും ഓർമ്മയ്ക്ക് മുന്നിൽ ശിരസ്സ് നമിച്ച് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

നോർക്ക റൂട്ട്സിന്റെ ഇൻഷുറൻസ് ഐ.ഡി. കാർഡിനും, പെൻഷൻ സ്കീമിനും ഇതു വരെ ലഭിച്ച അപേക്ഷകൾ ബാംഗ്ലൂർ നോർക്ക ഓഫീസിൽ എത്തിക്കുകയും അതിന്റെ പണമടയ്ക്കുകയും ചെയ്തിട്ടുണ്ട്. മറുനാടൻ മലയാളികൾക്കായുള്ള നോർക്ക റൂട്ട്സിന്റെ ക്ഷേമ പദ്ധതികൾ ഉപയോഗപ്പെടുത്താൻ അർഹതയുള്ള എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

വയനാട് ദുരന്തനിവാരണ ഫണ്ടിലേക്ക് സമാജം ശേഖരിച്ച 5.75 ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് നൽകിയ വിവരം സസന്തോഷം അറിയിക്കുന്നു.

ഓണാഘോഷ പരിപാടിയിൽ കർണാടക റവന്യൂ മന്ത്രി ശ്രീ ബൈര ഗൗഡയെ പങ്കെടുപ്പിക്കാൻ സഹായിച്ച പ്രവർത്തക സമിതി അംഗം ശ്രീ ഹനീഫക്കും, സമാജം ശേഖരിച്ച വയനാട് ദുരന്ത നിവാരണ ഫണ്ട് കേരള മുഖ്യമന്ത്രിക്ക് നേരിട്ട് നല്കാൻ അവസരമൊരുക്കുകയും, കേരള മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചു റാണിയെ ഓണാഘോഷ പരിപാടിയിൽ പങ്കെടുപ്പിക്കാൻ സഹായിക്കുകയും ചെയ്ത ശ്രീ. മുരളി, ശ്രീ സതീഷ് എന്നിവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

ഈ വർഷവും അവസാനിക്കുകയാണ്. എല്ലാവർക്കും പുതു വത്സരാശംസകൾ നേർന്നു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

**ഡെന്നിസ് പോൾ**

# From the Secretary DKSES



Respected Members,

"As education is the foundation upon which an individual builds their life, it is essential that we continually strive for improvement. As Aristotle once said, 'The roots of education are bitter, but the fruit is sweet.' At Jubilee institutions we are committed to provide high quality education that prepares our students for success in all aspects of life.

SA1 and midterm exam results showed a significant improvement in all grades.

Students of our Schools participated in various inter school competitions and won several awards and appreciations, (details are reported by the respective school Principals.)

Annual Sports of JEHS completed with active participation of students and parents. This year annual day celebration (Rhapsody season 6) of JEHS conducted on 6th and & 7th of December 2024. On 6th it was for Nursery to 2nd Grade students and on 7th it was for Grade 3rd to 9th. The theme of the program was 'Kalachakram – Cycle of Time). Congratulation to the students and Team JEHS for presenting a wonderful performance.

JEHS has scheduled its' inter pre-school competition, Annual Kinder Fest. Busy Bees-Season 6 on 14th December.

Jubilee school Vijinapura also completed its annual day Blossom for LKG to grade 3 students. Annual sports finals will be conducted at JEHS Ground on 21st December.

Cultural competitions of Jubilee college are scheduled on 11th December and by January we will be completing all our celebrations except Graduation Day.

Study Tour/Excursion for Grade 10 students of JEHS and SSLC students of Jubilee school is planned to get completed in this month itself.

Academics reviews are held with students' teachers and parents to improve and get good results in the final exams.

Works on ISO certification is in progress, aim is to get the certification in this academic year itself. Like to appreciate the work and initiative taken by Mr. Ramesh Radhakrishnan our working Committee member and ISO Sub Committee member.

Admission for academic year 2025-26 for JEHS - Nursery to Grade IX already started. We have retained last year Admission fees for all the grades.

Jubilee School shall be starting registration for admission to the academic year 2025-26 from 11th December.

Requirements of Books, Uniform and furniture are getting ready and we shall initiate steps to provide it intime.

Modification as part of facelift of JEHS is already completed.

The 30th CBSE National Conference in Kolkata high lighted several significant updates and initiatives for the upcoming academic years. We will be reviewing the gaps and will try to implements all mandatory requirements.

Wishes all members a very Happy & Prosperous New Year 2025 in advance.

**K. Chandrasekhara Kurup**

**JUBILEE HELP DESK: WE ARE READY TO ADDRESS YOUR SUGGESTIONS, GRIEVANCES AND CONCERNS**

To avoid any communications lapses in our institutions we have opened an effective help-desk with Help Line Contact number for all the three institutions and with an E-mail ID.

| | | |
|---|---|---|
| Jubilee School Vijanapua: | +91 63663 72312 | Time: 8.30 am to 5.30 pm |
| Jubilee English High School (CBSE): | +91 63663 72314 | Email ID: helpjubilee@gmail.com |
| Jubilee College: | +91 63663 72317 | |

# From the Principal, Jubilee School
## Vijinapura



*"The function of education is to teach one to think intensively and to think critically. Intelligence plus character — that is the goal of true education."* - Martin Luther King Jr.

As we share the quarterly updates of our activities, we take the modesty to say that we did our best to do as we had planned. This session was event full and joyful. Nursery section enjoyed with art and craft works, bag less day and colours day. Recipe telling session sparked with action and imagination. From 10/07/24 to 14/07 24, our school Scouts and guides attended patrol leader camp at Chikkabalapur. 8 Scouts and 3 guides attended the camp. Tritiya sopan test is completed by 8 guides and 5 Scouts. On 24/08/24, Indian Academy conducted inter school competition' Prathibha 'and our students received many prizes.

On the 31st of August 2024, Jubilee School hosted a grand exhibition showcasing the creativity, innovation, and hard work of the students. The event was inaugurated by Shri. Muraleedharan Nair, President Kerala Samajam Dooravaninagar. It was a resounding success, drawing a large crowd of parents, teachers, students of various schools. The exhibition featured a wide range of themes across different subjects. Projects included scientific experiments, historical displays, art installations, and technological innovations. Of particular note was the section dedicated to computer science and technology, where students presented projects on hollogram, 3D printer, lacer engraver etc. The event highlighted the interdisciplinary skills of the students, as they combined knowledge from subjects like science, social science, maths, craft, scouts and guides, etc to create comprehensive and engaging presentations. Cultural corner showcased "Kannadada Vaibhava" with the uniqueness of different aspects of Cultural heritage and traditional highlights of Karnataka. The event was graced by the presence of the Board of Directors. Many remarked on the increasing sophistication of the projects, particularly in the puppet show of mathematics department. The exhibits of scouts and guides added charm to the show which included numismatic, philately bunting, usage of various knots and many more. It was really a visual treat for the audience filled with knowledge and enthusiasm. Highlight of social science was Dandi march of the students. It was a celebration of student talent and academic excellence. To embrace our linguistic roots and spread love to Hindi we have celebrated Hindi Diwas with many cultural programme on 18/09/24.

Our school management organised Orientation program for SSLC students on 26/9/2024, from 9.30 am to 10.30am. The session was handled by Mrs. Sonal Patel, child Counselor, CBT practitoner, Emotional intelligence coach & Director of Banjara Academy, emphasized the holistic development and emotional well being of children. She gave detailed information about career guidance, skills required to be successful in a particular career, how to choose an impressive career, specific subjects involved in that, importance of EQ and IQ, academic and non academic career.The next session was handled by Madam Archana. She gave tips for exams, started the session with a small activity of listening power, discussed topics like importance of good attitude, prior preparation,own time table, place of study, concentration techniques, mind mapping, legible and good handwriting.

Gandhi Jayanthi was celebrated in our school on 2/10//2024, along with that we honoured the birthday of Lal Bahadur Shastri. The programme started with garlanding the portraits and offering flowers symbolizing due respect and honour to Mahathma Gandhi and Shastri. To imbibe the true meaning of the day and follow glorious trails of the noble souls towards a peaceful and prosperous world, speeches were presented by the students on their lives and principles.

On 17th October 2024 Valmiki Jayanti was celebrated in our school with great religious fervor. The staff and students paid tribute to Great Sage Valmiki . The students of grade IX and X presented a write up and discussed elaborately about the life and teachings of the Aadi Kavi Maharishi Valmiki.

Kannada Rajyotsava is celebrated every year in our school to mark the anniversary of the formation of a unified Kannada-speaking state on November 1, 1956. With this spirit of unity among us, our school celebrated Kannada Rajyotsava with great prompt. The morning assembly commenced with the devotional prayer along with the pledge being addressed in Kannada. This continued with the singing of the state anthem, and it created a sense of pride and glory in all the teachers' and students' hearts.

From November 20th to 22nd, Dwithiya sopan testing camp is successfully completed by 5 Scouts. An interactive and impactful workshop to introduce effective teaching techniques was conducted by the department for Tenth grade handling teachers.

On November 26, 2024, Jubilee school celebrated Constitution Day

to honor the adoption of the Indian Constitution. This day commemorates the significant moment in history when the Constitution of India was formally adopted by the Constituent Assembly in 1949 and came into effect on January 26, 1950. The event aimed to raise awareness about the Constitution and its importance in shaping the nation's democracy. In Prathibha Karanji, taluk level competition Md. Ahaan Khan secured first prize in Kannada recitation and Nithyashree from 10th grade secured third prize in speech.

I genuinely want to take a moment to thank our management team for all the support and guidance they have provided during this quarter and my sincere wishes for them to accomplish their new steps.

With warmest regards

**Kala A.**
**Principal, Jubilee School**
**Vijinapura**

# Shining Stars of Perfection: Celebrating 100% Attendance



SAATVIK SATHISH
GRADE 5 D



SHAIK AYAAN AHMED
GRADE I D



PARVANA A
GRADE 1 E



TIRTHA PANOLI
GRADE IX A



SIVAPRIYA C S
GRADE IX A



TANNMAI DASH
GRADE IX A



VINESH G
GRADE IX A



RONNITH KOTIAN N
GRADE IX

We extend our heartfelt congratulations to the students of JEHS who have achieved 100% attendance during the academic year 2023-24.Your unwavering commitment, remarkable discipline, and dedication to learning are truly commendable.

You are an inspiration to your peers, and your achievement reflects the core values of perseverance and responsibility. We are immensely proud of your efforts and celebrate this milestone with great pride.

Ronnith Kottian N deserves a special mention as he was present on all the working days, since he has joined our school. Every academic year he was a recipient of 100 percent attendance award.

Keep shining, and may this be the beginning of many more successes in your journey!

With admiration and best wishes,

**Kerala Samajam Doorvaninagar**

# From the Principal, JEHS - CBSE



*"Give a man a fish and you feed him for a day; teach a man to fish and you feed him for a lifetime."* – Maimonides

As passionate educators, we deeply resonate with this philosophy. At JEHS, we continue to provide a holistic education through a dynamic array of enriching activities.

On August 1st and 2nd, we proudly hosted the Jubilee Premier League—Season 6, featuring exhilarating Inter-School Football and Basketball competitions. Our esteemed Chief Guest, Mr. Razaq T P, commended the players for their exceptional sportsmanship and emphasized the importance of discipline, resilience, and integrity. Around twenty schools participated, with Delhi Public School, East triumphing in Football, while Birla Open Minds International School and Euro School, Whitefield secured the trophies for Boys' and Girls' Basketball, respectively. I'm thrilled to announce that JEHS proudly claimed the Runner-Up trophy for football!

To inspire our Grade 10 students, we organized a motivational talk with the insightful Ms. Lekha Nair, who shared invaluable strategies on goal-setting and transforming negative emotions into empowering thoughts.

Our youngest learners also reveled in sports events on August 8th, where kindergarten students engaged in delightful outdoor games, fostering camaraderie and team spirit.

We celebrated our 78th Independence Day on August 15th with a vibrant showcase of performances reflecting India's rich diversity. Our distinguished Chief Guest, Col Sabu Joseph, a celebrated veteran, underscored the importance of upholding our nation's dignity and integrity. All the three institutions showcased the best displays which captured the minds of the parents and audience. I am grateful to the opportunity given by our esteemed management to host the event.

In honour of Independence Day, the Deccan Herald hosted an essay writing competition, and I am immensely proud to announce that students Sanvi N Gujjar (IX C) and D Sreehari Rajesh (VI C) had their compelling essays featured in the newspaper.

On August 19th, we celebrated Vishwa SamskritaDinam (World Sanskrit Day) with enthusiasm, where students from grades VII-IX hosted a captivating assembly entirely in Sanskrit, rekindling interest in this classical language.

The Foundational Years observed a lively No Bag Day on August 27th, filled with engaging activities like Behaviour and Shapes Activities, making learning interactive and enjoyable.

On September 4th, our Grade V students embarked on an enlightening educational trip to Nehru Planetarium, where they experienced an immersive sky theatre show that left a profound impression.

We also conducted an essential traffic awareness program for higher-grade students on September 4th, led by ACP Mr. Chaitanya and his dedicated team from K R Puram Police Station, emphasizing the significance of traffic norms and youth awareness.

Hindi Diwas was celebrated on September 20th with a spirited assembly for grades 3 to 8, showcasing the beauty and significance of the Hindi language through an array of engaging activities.

Grades 1 to 4 enjoyed a delightful field trip to Rangoli Gardens on September 27th and October 1st, participating in exciting group activities and a lively DJ party that encouraged bonding and independent thinking.

On September 27th, we hosted an inspiring motivational talk for Grade 10 by Banjara Academy, where speakers Ms. Archana K and Ms. Sonal Patel provided valuable insights on setting effective career goals and the importance of extracurricular activities.

Our teachers and staff had a pleasant outing to Avania Resort, Kolar on 2nd October which was an enjoyable and memorable day for them. I take this opportunity to thank our management for organising this.

Our JEHS Kiddo Zone organized a heartwarming 'Family Day' on October 5th, aimed at strengthening the bond between parents and the school community. We were honoured to have Board members and Chief Guest Ms. Smruthi N Sasi, a Jubilee School alumna.

I am humbled to share that JEHS received the prestigious award for 'Affordable and QualityEducation' at IKA 2024, recognizing our unwavering commitment to holistic education and excellence. This remarkable event, organized by Eldrok India, provided a platform for engagement with esteemed educators. The award was proudly accepted by Sri Chandrasekhara Kurup, Secretary DKSES, and our Vice Principal, Ms. Rashmi C.

We celebrated our Junior Sports Day on 8th November where the Chief Guests Ms. Tara Bai and master Garuda Balaji were impressed by the talent displayed by our tiny tots. On our senior Sports Day on 9th November, the chief guest Mr. Jayaraj appealed to the parents to make sure that children are encouraged to take up any sport of their interest. Our President Mr. Muraleedharan Nair highlighted the values which the children imbibe while actively involved in sports activities. I take this opportunity to thank our management for their unwavering support in conducting this event smoothly.

I am happy to share that our students Ryan Lahar Jayadesh of grade 8 and his sister Iva Lahar Jayadesh of grade 6 have made India proud by winning silver and bronze medals at 24th FSKA World Cup Karate Championship held at Goa.

On 16th and 17th November, our grade 8 and 9 students had a field trip to Agastya Foundation, Kuppam. This well planned trip was aligned with our curriculum which offered children a unique opportunity to enjoy quality time understanding the science concepts in the serene and rejuvenating environment of nature. This was possible only with the generous support of our management. I thank my teachers who made the students feel at home throughout this trip.

I extend my heartfelt gratitude to our dedicated management, devoted teachers, and supportive parents. Together, we will continue to elevate the standard of excellence at JEHS.

Warm wishes,

**Rekha Kurup**
**Principal, JEHS**




# From the Principal, Jubilee College

## A Pioneer Institute in Education

**ONOTSAV AND RAJYOTSAV IN JUBILEE**

**Onam:** Onam is celebrated by all communities in Kerala, making it a secular and inclusive festival. It is the time to reflect on the values of unity, equality and generosity. This festival is celebrated with great pomp and show. On this auspicious day, people offer prayers to King Mahabali for the well-being and longevity of their family members, friends and relatives. People pray and show gratitude towards the land for the good harvest.

Onam celebrations of Jubilee College, "ONOTSAV" was inaugurated by Shri. Muralidharan Nair, President, Kerala Samajam on the 21st of September 2024. The programme began by welcoming Mahabali by college Principal with Chendamelam and Thalappoli. Shri. Dennis Paul, Shri. K. Chandrashekhara Kurup and Shri. M.P. Vijayan addressed the gathering.

A brief introduction to the significance of Onam was given by Mrs. Swapna Sankar, College Coordinator. Cultural events were inaugurated by Mrs. Rekha Kurup, Principal, Jubilee CBSE School by lighting the traditional "Kalivilakku".

Cultural club of Jubilee College entertained the audience with mega dance and musical performances which included Thiruvathira, Margamkali, Oppana, Folk Dances, Vanjipattu And Folk Songs. The audience was captivated by the vibrant costumes, graceful movements and melodious tunes.

The guests and audience were welcomed to the event by Shri. Babu Baskar, Vice Principal and the vote of thanks was proposed by Miss. Jaishree M, College Union President. The programme culminated with distribution of Payasam.

**Karnataka Formation Day:** Karnataka formation day "KARNATAKA RAJYOTSAV" is celebrated on November 1st of every year to commemorate the formation of Karnataka state. The Day is significant because it marks the unification of Kannada speaking regions in South India to form the state of Karnataka. It is not just about making the birth of the state but it is a vibrant celebration that showcases Karnataka's rich heritage.

Rajyotsava celebration of Jubilee College was inaugurated on the 15th of November 2024 by Shri Muralidharan Nair, President, Kerala Samajam in the presence of respected DKSES board members and committee members.

College Kannada Sangha entertained the audience with a medley of folk songs and dances. Kannada Sangha animator Mrs. Rekha S.B. explained the significance of Rajyotsava Celebration. Miss. Jaishree M., President, College Union welcomed the gathering and N. Vignesh, Joint Secretary, College Union proposed the Vote of Thanks.

I would like to thank Shri. Muralidhran Nair, President, KSD and his team of board members for their continuous support.

**Dr. Baby George**
**Principal**

## PCEF (നിർദ്ധന വിദ്യാർത്ഥി പഠന സഹായ നിധി)

PCEF നിർദ്ധന വിദ്യാർത്ഥി പഠന സഹായ നിധിയിലേക്ക് ഉദാരമായ സംഭാവന നൽകാൻ അഭ്യർത്ഥിക്കുന്നു.

സമാജത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പരമ പ്രധാനം എന്നു വിശേഷിപ്പിക്കാവുന്ന ഒന്നാണ് നിർദ്ധന വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായം.

പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകാനുള്ള സമാജത്തിന്റെ സഹായ നിധിയാണ് പി.സി.ഇ.എഫ്. ജൂബിലി സ്കൂളിൽ പഠിക്കുന്ന നിർദ്ധന വിദ്യാർത്ഥികൾ ക്കാണ് ഈ ഫണ്ടിൽ നിന്ന് സഹായം ലഭിക്കുക. പി.സി.ഇ.എഫ്.ലേക്ക് ലഭി ക്കുന്ന അപേക്ഷകളിൽ നിന്ന് അർഹരായ വരെ കണ്ടെത്തി സഹായം നൽകുകയാണ് പതിവ്. ഫണ്ടിന്റെ അഭാവം കാരണം അർഹതപ്പെട്ട എല്ലാവർക്കും സഹായം അനുവദിക്കാൻ പറ്റാറില്ല.

സഹാനുഭൂതിയും സാമ്പത്തിക ഭദ്രതയുമുള്ള എത്രയോ ഉദാരമതികൾ നമുക്കിടയിലുണ്ട്. നിർദ്ധന വിദ്യാർത്ഥി പഠന സഹായ നിധിയിലേക്ക് ഉദാരമായ സംഭാവന നല്കി സഹായിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.



# From the Chairperson Ladies Wing

Dear Friends,

Greetings from the members of Ladies wing.

Onam celebrations 2024 of Kerala Samajam Dooravaninagar (R), commencing with Onam Chantha and culminating with the grand Onam celebrations on 28th and 29th September went on with the usual pomp and show and ended successfully. Members of the Ladies wing participated in all the events. This year also we prepared about eight varieties of Pickles for the Onam Chantha which were picked up like hot cakes. We would like to thank the Working Committee members, Jubilee school staff and the youth wing for their support to us during the prepararion of Pickles and Payasam for the Onam Chantha.

Ladies wing members took part in most of the literary and cultural competitions held as part of Onam celebrations and won prizes. We presented three programs in the grand Onam celebrations.

This year the Ladies wing actively took part in the collection for "Wynad distress relief fund" program floated by the Kerala Samajam and contributed a handsome amount.

We are looking forward for conducting medical camps for the benefit of our members. A Hearing aid camp is being organised in the month of December. This will be followed by various other camps in the coming months.

**Mrs. Gracey Peter**
**Chairperson**
**KSD Ladies Wing**

# My Memorable Trip to Agastya



The trip to Agastya Foundation was one of my most memorable trips ever.This trip made me understand more about science and Math. Its really unbelievable that how a human can create such wonders. Each building in Agastya is crafted so beautifully and each building shows us the importance of science. One special thing about this place is the food, its all organic and hence tasty,healthy and delicious. The accommodation provided by the team was really nice and well organized. The stay was probably my second favorite thing in Agastya. Though I mentioned about my second favorite, I would be happy to talk about my first favorite, that's their well-equipped labs and the experiments conducted there. I could learn many things during experiments in the lab.

There was one another interesting fact, that was Nature-walk. Nowadays we walk less, as we become lazy to walk, prefer other means of transport. We often take auto for small distance. In Agastya, through this nature-walk, we could feel the nature, could breathe fresh air which we lack in our city.

The view from our dormitory where we stayed was amazing. We could see scenic mountains, lots of greenery which we often miss in this city.

One of my favorite experiments would probably be the one which we did was in Physics lab. We made a magic trick out of box. A mirror was placed diagonally bisecting the box. A transparent screen was placed opposite the mirror. There was also a small hole in the other half of the box. The box was such that when looked through the screen, the mirror makes it look like a full box. When we insert a coin through one opening above the box, it falls into the other part of the box, but it looks as blank inside the box. This is the magic which can do with others, and can be a magician for day too.

Overall, I absolutely loved the trip. Thanks to all the teachers and the management for giving us an exposure towards nature. We as a team expecting further more trips like this in future.

**Swara Sanoj**
**IX A**
**Jubilee English High School**

**അനുസ്മരണം**

# ഓർമ്മയിലെ പ്രിയ എം.എസ്.

*(സമാജത്തിന്റെ മുൻ പ്രസിഡന്റും, മുൻ ജനറൽ സെക്രട്ടറിയും, ഇപ്പോഴത്തെ സാഹിത്യ വിഭാഗം ചെയർമാനുമായിരുന്ന എം.എസ്. ചന്ദ്രശേഖരനെ അനുസമരിച്ച് എഴുതിയ കുറിപ്പ്)*

ഈ വർഷം ഓണച്ചന്തയുടെ അവസാന മണിക്കൂറുകളിൽ ഒരു ഫോൺ വന്നു. എം.എസ്. ആയിരുന്നു അപ്പുറത്ത്. അങ്ങോട്ടെന്തെങ്കിലും പറഞ്ഞു തുടങ്ങുന്നതിനു മുമ്പ് പതിവ് പോലെ ഇങ്ങോട്ട്.

''ഡെന്നീസെവിടെയാ?''

ഇവിടെ വിജിനപുര ജൂബിലി സ്കൂളിലാണ്.

''ഞാൻ ഒരു സാധനം കൊടുത്തയയ്ക്കുന്നു. വേണ്ടെന്ന് പറയരുത്''

എന്തെങ്കിലും അങ്ങോട്ട് പറയുന്നതിനു മുമ്പ് ഫോൺ നിശ്ശബ്ദമായി.

കുറച്ചു കഴിഞ്ഞപ്പോൾ എം.എസ്ന്റെ സഹായി ഗുരു എന്നറിയപ്പെടുന്ന ഗുരുരാജ് ഒരു ബാഗ് കൊണ്ടു വന്നു തന്നിട്ട് പോയി.

വിജിനപുര ജൂബിലി സ്കൂളിൽ ഓണച്ചന്ത ഇപ്പോഴും ഉത്സവസമാനമാണ്. ആ ഉത്സവത്തിന്റെ ഭാഗമായി, അതിന്റെ തിരക്കുകളിൽ സ്വയം അലിഞ്ഞില്ലാതാവുകയായിരുന്നു. ഈ വർഷത്തെ ഉത്സവത്തിന്റെ കൊടി താഴ്ത്തുകയാണ്. അജിയുടെ വേർപാട് സൃഷ്ടിച്ച വൻ ഷോക്ക് ഒഴിച്ചാൽ, ഓണച്ചന്ത നല്ല രീതിയിൽ നടത്താൻ കഴിഞ്ഞതിന്റെ സംതൃപ്തിയോടെ പ്രവർത്തകരും ഭാരവാഹികളും പരസ്പരം ഓണാശംസകൾ പറഞ്ഞു പിരിഞ്ഞു. വീണ്ടും വീട്ടിലെ ഏകാന്തതയിൽ തിരിച്ചെത്തി.

എം.എസ്. കൊടുത്തയച്ചത് എന്താണെന്ന് ഇതുവരെ നോക്കിയിട്ടില്ല. സാധാരണ നിലയിൽ പുസ്തകങ്ങളാണ് കൊടുത്തയക്കാറുള്ളത്. ഒരു തവണ ചന്ദ്രശേഖരൻ നായരോടൊപ്പം എം.എസ്.ന്റെ വീട്ടിൽ പോയപ്പോൾ ഒരു കെട്ട് പുസ്തകങ്ങൾ തന്നു. ഇതൊക്കെ എപ്പോ വായിച്ചു തീർക്കാനാ എന്ന് മനസ്സിൽ കരുതി. പറഞ്ഞില്ല. അപ്പോൾ എം.എസ്. ഒറ്റക്കായിരുന്നു വീട്ടൽ. സഹായി ഗുരു എന്തിനോ പുറത്തു പോയിരിക്കുകയാണ്. തീരെ വയ്യെങ്കിലും എം.എസ്. അന്ന് ഞങ്ങൾക്ക് നല്ല മധുരമുള്ള ജ്യൂസ് ഉണ്ടാക്കിത്തന്നു.

ഇപ്പോൾ കൊടുത്തയച്ചത് പുസ്തകമായിരുന്നില്ല. രാമരാജ് ബ്രാണ്ടിലുള്ള ഒരു വെള്ള ഷർട്ടും ബനിയനും. ഓണക്കോടി. സ്നേഹത്തോടെ ജ്യേഷ്ഠ സഹോദരൻ തന്ന ഓണസമ്മാനം. എം.എസ്.നെ ഉടനെ വിളിച്ച് നന്ദി പറഞ്ഞു.

''താങ്ക്സ് ഒന്നും പറയരുത്. ഇത് ഗിഫ്റ്റ് ഒന്നുമല്ല. ഒരു സന്തോഷം. ഡെന്നിസ് ഇതു വരെ വെള്ള ഷർട്ട് ഇട്ടു കണ്ടിട്ടില്ല. അത് കൊണ്ട് കൊടുത്തയച്ചതാണ്'' ഇത് കൂടാതെ ഒരു ചോദ്യവും. ''ഓട്സ് കഞ്ഞി തന്നെയാണോ, ഓണത്തിനും. എന്താ ചെയ്യാ'' എന്ന് നെടുവീർപ്പിടുകയും ചെയ്തു.

എം.എസ്. നല്ല രീതിയിൽ വസ്ത്രം ധരിക്കുന്ന ആളാണ്. സാഹിത്യ വേദികളിൽ പലപ്പോഴും ഒരു ഓവർ കോട്ടും ധരിച്ചാണ് വരിക.

ഒരിക്കൽ അദ്ദേഹം അറിയപ്പെടുന്ന ഒരു എഴുത്തുകാരനെ ഒരു സംഘടന ക്ഷണിച്ചതനുസരിച്ച് കൂട്ടി കൊണ്ടു പോയത്രെ. സംഘാടകർ പൂച്ചെണ്ട് നൽകി സ്വീകരിച്ചത് എം.എസ്.നെ ആയിരുന്നത്രെ!! അപ്പോൾ തന്നെ അദ്ദേഹം അത് തിരുത്തിച്ചു. സാഹിത്യകാരൻ എന്ന പൊതു ധാരണക്ക് ഇണങ്ങുന്നത് അദ്ദേഹത്തിന്റെ ശരീര പ്രകൃതവും വസ്ത്രധാരണവും രൂപഭാവങ്ങളുമായിരുന്നു.

സാഹിത്യ വിഭാഗം കൺവീനർ ശ്രീ കുഞ്ഞപ്പനോടൊപ്പമാണ് പലപ്പോഴും എം.എസ്.ന്റെ വീട്ടിൽ പോകാറ്. അപൂർവ്വ സന്ദർഭങ്ങളിൽ തനിയെയും. ഒരിക്കൽ ശ്രീ കുഞ്ഞപ്പനോടൊത്ത് പോയപ്പോൾ എം.എസ്. ഫുട്ബാൾ കാണുകയാണ്. എനിക്കാണെങ്കിൽ ഫുട്ബോൾ കളി കാണുമ്പോൾ മറ്റൊന്നും മനസ്സിൽ കേറില്ല.

രാത്രി നടന്നതിന്റെ റീപ്ലേ ആണെന്ന് എം.എസ്. പറഞ്ഞു. അതിനിടയിൽ അദ്ദേഹം പുസ്തങ്ങളെക്കുറിച്ച് പറയാൻ തുടങ്ങി. വായിച്ച പുസ്തകങ്ങളുടെ ഗുണദോഷങ്ങൾ. അതിനിടയിൽ ചില തമിഴ് സാഹിത്യ കൃതികളെക്കുറിച്ചും, ചില തമിഴ് സിനിമകളെകുറിച്ചും പറഞ്ഞു.

തമിഴ് മേഖലയിലെ അദ്ദേഹത്തിന്റെ താൽപര്യം എങ്ങനെ ഉണ്ടായതാണെന്ന് ചോദിച്ചു. ശ്രീലങ്കയിലെ തമിഴ് പ്രദേശത്തായിരുന്നു ബാല്യമെന്നും, പ്രാഥമിക വിദ്യാഭ്യാസം തമിഴിലായിരുന്നെന്നും, പിന്നീട് അച്ഛനോടൊപ്പം സ്വന്ത സ്ഥലമായ തൃശ്ശൂരിലേക്ക് വരികയായിരുന്നെന്നും എം.എസ്. പറഞ്ഞു.

സംസാരത്തിൽ ശ്രീലങ്കയും തൃശ്ശൂരും ഒക്കെ വിഷയമായി.

ഇത്രമാത്രം വായിച്ചു കൂട്ടിയ മനുഷ്യനെ വേറെ കണ്ടിട്ടില്ല. ആർത്തിയുള്ള വായനക്കാരനായിരുന്നു എം.എസ്. വായിച്ച എല്ലാ പുസ്തകങ്ങളെക്കുറിച്ചും അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നു. ''ആരാച്ചാർ'' എന്ന നോവലിന് ഇത്രയധികം പേജിന്റെ ആവശ്യമില്ലായിരുന്നു എന്നു പറയും. ''മനുഷ്യന് ഒരു ആമുഖം'' എന്ന നോവലിന്റെ ആഴമില്ല ''സമുദ്ര ശില''യ്ക്ക്. എന്നിങ്ങനെ സ്വന്തം അഭിരുചിക്ക് നിരക്കാത്ത കൃതികളാണെങ്കിൽ കണിശമായിരിക്കും വിമർശനം. പരിശീലനം കൊണ്ടാവാം എം.എസ്. പുസ്തകങ്ങൾ പെട്ടെന്ന് വായിച്ചു തീർക്കും. ആഴ്ചതിപ്പുകൾ ഒന്നും വിടാതെ ഇരുന്ന ഇരുപ്പിൽ വായിച്ചു തീർക്കും. ആരെക്കുറിച്ചുള്ള റെഫറൻസിനും അദ്ദേഹത്തെ ആശ്രയിക്കാമായിരുന്നു. പ്രശസ്ത കന്നഡ സാഹിത്യകാരനായ യു.ആർ. അനന്തമൂർത്തിയെക്കുറിച്ച് ശ്രീ മനു ചക്രവർത്തി എഡിറ്റ് ചെയ്ത പുസ്തകം ആവശ്യമായിവന്നു. അന്വേഷിച്ചപ്പോൾ എം.എസ്ന്റെ ഗ്രന്ഥ ശേഖരത്തിലുണ്ടായിരുന്നു. മറ്റൊരിക്കൽ അദ്ദേഹം ഒരു പുസ്തകം തന്നു. പ്രശസ്ത മാധ്യമ പ്രവർത്തകൻ രാജ്ദീപ് സർദേശായി ആയിടെ ബാംഗ്ലൂരിൽ വെച്ച് പ്രകാശനം ചെയ്ത അദ്ദേഹത്തിന്റെ പുസ്തകമായിരുന്നു എം.എസ്. തന്നത്. ബുക്ക് റിലീസ് പരിപാടിക്ക് പോയിരുന്നെന്നും അവിടെ നിന്ന് കയ്യൊപ്പിട്ട് വാങ്ങിയതാണെന്നും പറഞ്ഞു. അത്ഭുതം തോന്നി. ഒരു നിർവചനങ്ങളിലും ഒതുങ്ങാത്ത വ്യക്തിത്വം.

ബാംഗ്ലൂരിൽ വന്നു ഐ.ടി.ഐ. ലിമിറ്റഡിൽ ജോലി ലഭിക്കുകയും താമസം ഐ.ടി.ഐ. ടൗൺഷിപ്പിലെ ഹോസ്റ്റലിൽ ആരംഭിക്കുകയും ചെയ്ത അന്നുമുതൽ തുടങ്ങിയതാണത്രെ അദ്ദേഹത്തിന് കേരളസമാജം ദൂരവാണി നഗറുമായുള്ള ബന്ധം. ഹോസ്റ്റലിലെ മറ്റു സുഹൃത്തുക്കൾ പല കളികളിൽ ഒഴിവ് സമയം ചെലവഴിച്ചപ്പോൾ എം.എസ്. വായനയുടെ ലോകത്തിൽ ആത്മ സംതൃപ്തി കണ്ടെത്തുകയായിരുന്നു. തന്റെ ആരോഗ്യസ്ഥി

തി കളികൾക്ക് പറ്റിയതല്ല എന്നത് കൊണ്ടാണ് പുസ്തകങ്ങളുമായുള്ള ചങ്ങാത്തം തുടങ്ങിയതെന്ന് എം.എസ്. പറയാറുണ്ട്. സമാജം ലൈബ്രറിയിലെ പുസ്തകങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തിയത് എം.എസ്. തന്നെയായിരിക്കണം. അതിന്റെ മഹത്വം ആ വ്യക്തിത്വത്തിൽ പ്രതിഫലിക്കുകയും ചെയ്തിരുന്നു.

എം.എസ്. ഒരു നല്ല എഴുത്തുകാരൻ കൂടിയായിരുന്നു. അദ്ദേഹം എഴുതിയ ഒരു ചെറുകഥ, ഐ.ടി.ഐ. പ്രസിദ്ധീകരിച്ചു വന്നിരുന്ന ബഹുഭാഷാ പ്രസിദ്ധീകരണമായിരുന്ന Phone Industry Newsന്റെ ഒരു പഴയ ലക്കത്തിൽ കാണുകയുണ്ടായി. എഴുപതുകളിൽ ആണിത്. കഥയുടെ പേര് ഇപ്പോൾ ഓർമ്മ വരുന്നില്ല. ഒരു സ്ത്രീ ഓഫീസിൽ ഇരുന്ന് എന്തിനോ ക്ലോസ്ഡ് ഫയലുകൾ മറിച്ചു നോക്കുമ്പോൾ അവരുടെ ഭർത്താവിന്റെ ക്ലോസ്ഡ് ഫയൽ കാണുന്നു. ഭർത്താവിനെ നിർബന്ധിച്ച് അവർ ഒരു സ്കൂട്ടർ വാങ്ങിപ്പിച്ചിരുന്നു. അന്നവർക്ക് ജോലിയില്ല വീട്ടമ്മയായിരുന്നു. ഒരിക്കൽ ഭർത്താവ് സ്കൂട്ടർ അപകടത്തിൽ മരിക്കുന്നു. അത് കൊണ്ടാണ് കമ്പനി ഭാര്യക്ക് ജോലി നൽകിയത്. Compassionate Ground ൽ പൊതുമേഖലകളിൽ ആശ്രിതർക്ക് ജോലി നൽകുക പതിവായിരുന്നു. കുറ്റബോധത്തോടെയും അതീവ ദുഖത്തോടെയും ആ സ്ത്രീ ഭർത്താവിന്റെ ഓർമ്മകളിലൂടെ സഞ്ചരിക്കുന്നതായിരുന്നു കഥയുടെ ഇതിവൃത്തം.

ഈ കഥ വായിച്ച ശേഷമാണ് എം.എസ്. എന്ന വ്യക്തിയെ കാണണം, പരിചയപ്പെടണം എന്നൊക്കെ തോന്നിയത്. കഥകളും, ലേഖനങ്ങളും അഭിമുഖങ്ങളും, യാത്രാ വിവരങ്ങളുമൊക്കെ എം.എസ്. എഴുതിയിട്ടുണ്ട്. ചില ചലച്ചിത്ര നിരൂപണങ്ങൾ അദ്ദേഹം മാതൃഭൂമി വാരാന്ത്യപ്പതിപ്പിലും, ദേശാഭിമാനി വാരികയിലും അദ്ദേഹം എഴുതിയിരുന്നു. കെ.എസ്.ഡി. ന്യൂസിൽ അദ്ദേഹം ഒരിക്കൽ എഴുതിയ കഥയിൽ നമ്മുടെ വി.വി. രാഘവൻ ഒരു കഥാപാത്രമായിരുന്നു. ഒരു തവണ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം വൃദ്ധ വീക്ഷണം എന്ന പേരിൽ ഒരു ലേഖനമാണ് തന്നത്. ഏറ്റവും ഒടുവിൽ എഴുതിയത് ''വർക്ക് ഫ്രം ഹോം'' എന്ന കഥയാണ്. ഐ.ടി. സെക്ടർ യുവതീ യുവാക്കൾ അനുഭവിക്കുന്ന ആധുനിക അടിമത്തത്തിന്റെ (Modern Slavery) മികച്ച ആവിഷ്ക്കാരമായിരുന്നു ആ കഥ. വാർദ്ധക്യം ബാധിച്ചില്ലെന്ന് മാത്രമല്ല നിരന്തരം നവീകരിച്ച ഒരു യുവ മനസ്സായിരുന്നു അദ്ദേഹത്തിന്റേത് എന്ന് എടുത്തു പറയേണ്ടതുണ്ട്.

1981–ലോ മറ്റോ ആണെന്നാണ് ഓർമ്മ. ഇപ്പോഴത്തെ കേരള സാഹിത്യ അക്കാദമി സെക്രട്ടറി ശ്രീ. സി.പി. അബൂബക്കർ സമാജത്തിൽ വന്നിരുന്നു. അന്നദ്ദേഹം വിദ്യാർത്ഥിയായിരുന്നു. മറുനാടൻ മലയാളികളുടെ സാഹിത്യ സംഭാവന എന്ന വിഷയത്തെ ആസ്പദമാക്കി ഗവേഷണം നടത്തുകയായിരുന്നു അദ്ദേഹം. അതിന്റെ ഭാഗമായി ബാംഗ്ലൂരിലെ മലയാളി എഴുത്തുകാരെ കണ്ടു വിവരം ശേഖരിക്കാൻ വന്നതായിരുന്നു സി.പി. അബൂബക്കർ. ബാംഗ്ലൂരിൽ അക്കാലത്ത് എഴുത്തുകാർ വളരെ കുറവായിരുന്നു. എം.എസ്ന്റെ കാര്യവും എം.എസ്.നെക്കുറിച്ച് അറിയാവുന്ന വിവരവും സി.പി.യോട് പങ്കുവെക്കുകയുണ്ടായി. ബാംഗ്ലൂരിൽ അന്നു നിലവിലുണ്ടായിരുന്ന റൈറ്റേഴ്സ് ആന്റ് റീഡേഴ്സ് ഫോറം സ്ഥാപക ഗ്രൂപ്പ് അംഗം കൂടിയായിരുന്നു എം.എസ്.

ഹുഡി–രാജപാളയ ഭാഗത്ത് നിന്ന് ടിൻ ഫാക്ടറിയുടെ പിൻ ഭാഗത്തേക്ക് താമസം മാറ്റിയപ്പോഴാണ് എം.എസ്.നെ നേരിട്ട് കാണാനും സംസാരിക്കാനുമൊക്കെ അവസരം ലഭിച്ചത്. കൂടെ താസിച്ചിരുന്നവർ ട്രേഡ് യൂണിയൻ രംഗത്തും, കലാസാഹിത്യ രംഗത്തും പ്രവർത്തിക്കുന്നവരായത് കൊണ്ട് ആവരുടെ സാന്നിധ്യം ആ പ്രദേശത്തെ എല്ലാ മലയാളികളുടെയും ശ്രദ്ധയാകർഷിച്ചിരുന്നു. സമാജത്തിന്റെ മുൻകാല ഉപാദ്ധ്യക്ഷനും യൂണിയൻ പ്രവർത്തകനുമായിരുന്ന രാജേട്ടന്റെ (ടി. രാജൻ) കൂടെയാണ് എം.എസ്. ആ സാങ്കേതത്തിലേക്ക് വന്നിരുന്നത്. സമാജത്തിന്റെ പ്രവർത്തനങ്ങളിലേക്ക് ഞങ്ങളെ കൈപിടിച്ചുയർത്തിയത് അവരും ശ്രീ. ഇ.ആർ.കെ. വാര്യരുമൊക്കെയാണ്.

തുടർന്ന്, വായന, പുസ്തകങ്ങൾ, ചില സിനിമകൾ, ചില വാർത്തകൾ എന്നിവയൊക്കെയാണ് എം.എസ്. കാണുമ്പോൾ, ചിലപ്പോൾ ഫോണിലൂടെ വിഷയമാക്കാറുള്ളത്. ഇടക്ക് ചോദിക്കും ഡെന്നീസിന് ഇടക്കൊക്കെ എന്തെങ്കിലും എഴുതിക്കൂടെ എന്ന്.

മലയാളമാണ് സമാജത്തിന്റെ അടിത്തറ എന്നത് നിരന്തരം പ്രവർത്തനത്തിലൂടെ ഓർമ്മിപ്പിച്ചു കൊണ്ടിരുന്ന വ്യക്തിയായിരുന്നു എം.എസ്. അതിന്റെ ഒരു പ്രതിഫലനമാണ് സമാജത്തിന്റെ സാഹിത്യ മത്സരങ്ങൾ. ഇതിന്റെ വിധി കർത്താവായി എം.എസ്. തേടിപിടിച്ചത് എഴുത്തുകാരനും നിരൂപകനും വാഗ്മിയുമായ ശ്രീ കെ.പി. ശങ്കരൻ മാഷെയാണ്. അന്നദ്ദേഹം മൈസൂർ യൂണിവേഴ്സിറ്റി ക്യാമ്പിലായിരുന്നു താമസം. ശങ്കരൻ മാഷ് ഓണാഘോഷ സാഹിത്യ സംവാദ പരിപാടികളിൽ തുടർച്ചയായി പങ്കെടുത്തു വന്നിരുന്നു. അങ്ങനെ വരാറുള്ളപ്പോൾ അദ്ദേഹം മത്സരത്തിൽ സമ്മാനം നേടിയ കഥകളെക്കുറിച്ചും സംസാരിക്കാറുണ്ട്. അദ്ദേഹം നാട്ടിലേക്ക് തിരിച്ചു പോയതോടെ ആ പതിവ് നിന്നു. അതിനു ശേഷം പലപ്പോഴും എം.എസ്. തന്നെയായിരുന്നു കഥകളുടെ വിധി കർത്താവ്.

എം.എസ്. സമാജം പ്രസിഡന്റായിരുന്നപ്പോൾ ഇത് എഴുതുന്ന വ്യക്തി വൈസ് പ്രസിഡന്റായിരുന്നു. ഒട്ടേറെ രസകരമായ അനുഭവങ്ങൾ അക്കാലത്തെക്കുറിച്ച് പറയാനുണ്ടെങ്കിലും സ്ഥല പരിമിതി കാരണം അതൊഴിവാക്കുന്നു. വാർഷിക പൊതുയോഗത്തിൽ ആരോ ഓണാഘോഷ പരിപാടിയിൽ പങ്കെടുത്ത എഴുത്തുകാരനെക്കുറിച്ച് മോശം പരാമർശം നടത്തിയപ്പോൾ എം.എസ്. ആകെ ചൂടായി. നമ്മുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിയ എഴുത്തുകാരെ അപമാനിക്കുന്ന ഒരു വാക്കും മിനിറ്റ്സിൽ ഉണ്ടാവില്ലെന്ന് പറഞ്ഞത് ഇപ്പോഴും ഓർക്കുന്നു. അർഹിക്കുന്ന രീതിയിൽ അദ്ദേഹത്തെ പരിഗണിച്ചില്ലെങ്കിൽ പൊട്ടിത്തെറിക്കുന്ന സ്വഭാവവും എം.എസ്.നുണ്ടായിരുന്നു. പലപ്പോഴും വീഴ്ച പറ്റിയത് എന്റെ ഭാഗത്തായത് കൊണ്ട് അങ്ങോട്ട് തർക്കിക്കാൻ പോകാറില്ല. അത് കൊണ്ട് അദ്ദേഹം ഉടനെ തണുക്കും.

ഏത് പ്രഭാഷണത്തിലും അദ്ദേഹം പൊതുവെ വിമർശനം ഉന്നയിക്കാറുള്ളത് ജാതി–മത സംഘടനകളെക്കുറിച്ചാണ്. ഇപ്പോൾ എവിടെയാണ് മലയാളി എന്നും ചോദിക്കും. ഏത് സംഘടനയുടെ വേദിയായാലും ആദ്യത്തെ പരാമർശം ഇതായിരിക്കും. അതിനു ശേഷമാണ് അദ്ദേഹം വിഷയത്തിലേക്ക് വരുന്നത്. ജാതി–മത സംഘടനകളിലൊന്നും എം.എസ്. അംഗമായിരുന്നില്ല. പരിപൂർണ്ണമായി മതാതീതനായിരുന്നു അദ്ദേഹം. വീട്ടിൽ സീതാറാം യെച്ചൂരിയോടൊപ്പം എം.എസ്.ന്റെ ഫോട്ടോ കണ്ടപ്പോൾ ചോദിച്ചു. കാരുണ്യ ചെയർമാൻ ഗോപിയോടൊപ്പം സീതാറാം യെച്ചൂരിയുടെ പ്രഭാഷണം കേൾക്കാൻ പോയിരുന്നതാണെന്നും

അപ്പോൾ എടുത്തതാണെന്നും എം.എസ്. പറഞ്ഞു.

ടിൻ ഫാക്ടറിയുടെ പിൻവശം ഞങ്ങൾ താമസമാക്കിയപ്പോൾ രാജേട്ടനാണ് അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ ആദ്യ ദുരന്തത്തെക്കുറിച്ച് പറഞ്ഞത്. അദ്ദേഹത്തിന്റെ മകൾ ബാല്യത്തിൽ വിട പറഞ്ഞു. അദ്ദേഹത്തിന്റെ ഉള്ളിൽ അതൊരു ശാശ്വത ദുഖമായി അലട്ടിയിരിക്കുമെങ്കിലും പുറമെ ഒന്നും പ്രകടമായിരുന്നില്ല.

അല്ലെങ്കിലും പ്രിയപ്പെട്ടവരുടെ വേർപാടിനെക്കുറിച്ച് മറ്റൊരാളോട് പറയുമ്പോൾ അവർക്കത് വെറും വാക്കുകളായിരിക്കും.

മറ്റൊരു ദുരന്തം, (മഹാദുരന്തം എന്നു പറയുന്നതാണ് ശരി) കൂടി അദ്ദേഹത്തെ വേട്ടയാടി. അദ്ദേഹത്തിന്റെ പ്രിയ ജീവിത പങ്കാളി ക്യാൻസർ പിടിപെട്ട് വിടപറഞ്ഞു. ഇത് അദ്ദേഹത്തിന് താങ്ങാവുന്നതിലും അധികമായിരുന്നു. രോഗം തിരിച്ചറിഞ്ഞപ്പോൾ ഡോക്ടർ പറഞ്ഞത്രെ അമേരിക്കയിൽ കൊണ്ടു പോയി ചികിത്സിക്കുകയാണെങ്കിൽ ഒരു പക്ഷെ കുറച്ചു കാലം കൂടി ലഭിച്ചേക്കും എന്ന്. ഒരു പൊതുമേഖല ഉദ്യോഗസ്ഥന് അന്നത് അചിന്ത്യമായ കാര്യമായിരുന്നു. അതിനു ശേഷം എത്രയോ കാലം കഴിഞ്ഞിട്ടും പ്രഭാഷണങ്ങൾ നടത്തുമ്പോൾ ആ ഓർമ്മയിൽ തൊണ്ട ഇടറുന്നത് ശ്രദ്ധിച്ചിട്ടുണ്ട്.

എം.എസ്. പ്രമേഹ സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും അതൊന്നും ദൈനം ദിന ജീവിതത്തിന് വലിയ തടസ്സം സൃഷ്ടിച്ചിരുന്നില്ല. എന്നാൽ ഒരിക്കൽ അദ്ദേഹത്തെ കാണാൻ പോയപ്പോൾ നെറ്റിയിൽ ഒരു പ്ലാസ്റ്റർ കണ്ടു. ഇടയ്ക്കിടെ വീഴുന്നെന്നും അങ്ങനെയാണ് മുറിവുണ്ടായതെന്നും അദ്ദേഹം പറഞ്ഞു. അത് കൂടിക്കൂടി വന്നപ്പോൾ ഒരു സർജറി ആവശ്യമായി വന്നു. സർജറി കഴിഞ്ഞ് മണിപ്പാൽ ആസ്പത്രിയിലെ വാർഡിൽ കിടക്കുമ്പോഴാണ് ചന്ദ്രശേഖരൻ നായരോടൊപ്പം എം.എസ്.നെ കാണാൻ പോയത്. എം.എസ്. അപ്പോൾ സർജറി വേണ്ടിയിരുന്നില്ല എന്ന അഭിപ്രായം പറഞ്ഞു. പക്ഷെ അദ്ദേഹം കുറച്ചു കാലം കൂടി വലിയ പ്രശ്നങ്ങളില്ലാതെ മുന്നോട്ട് പോയത് ആ സർജറി നടത്തിയത് കൊണ്ടായിരുന്നു. ഇതിനെ തുടർന്നാണ് മകൻ അരുൺ എം.എസ്ന് ഒരു സഹായിയെ ഏർപ്പെടുത്തിയത്. ഗുരുരാജ് എന്നാണ് സഹായിയുടെ പേരെങ്കിലും എല്ലാവരും വിളിച്ചിരുന്നത് ഗുരു എന്നായിരുന്നു. ഗുരു ഒരു നിഴൽ പോലെ എം.എസ്നെ എല്ലായിടത്തും പിന്തുടർന്നു. മകൻ അരുണിന്റെ സ്നേഹവും ക്ഷമയും നിറഞ്ഞ പെരുമാറ്റം അങ്ങേയറ്റം മാതൃകാപരമായിരുന്നു. എം.എസ്.ന്റെ ജീവിതത്തിൽ ഉണ്ടായ വേർപാടുകളുടെ വേദന എം.എസ്.നെ അലട്ടാതിരിക്കാൻ അരുണും കുടുംബവും സദാ പരിശ്രമിച്ചിരുന്നു. എം.എസ്.ന് ലഭിച്ച അപൂർവ്വ സൗഭാഗ്യമാണത്.

സർജറിക്ക് ശേഷം ഒരുവിധം പൂർവ്വസ്ഥിതി വീണ്ടെടുക്കുവാൻ എം.എസ്ന് കഴിഞ്ഞിരുന്നു. വീണ്ടും വീഴാതെ നടന്നു തുടങ്ങി. വായന, എഴുത്ത്, ചില പരിപാടികളിൽ പങ്കെടുക്കൽ എന്നീ പ്രവർത്തനങ്ങൾ തുടർന്നു. സമാജത്തിന്റെ മുൻ ട്രഷററും കവിയുമായ കെ.സി.ആർ. നമ്പ്യാർക്ക് അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് യാത്രയപ്പ് നൽകിയപ്പോൾ എം.എസ്. പങ്കെടുത്തു. പ്രവർത്തക സമിതി അംഗം പി.ബി. അജി വിട പറഞ്ഞപ്പോൾ അവിടെ അദ്ദേഹം എത്തിയത് വളരെ അവശ നിലയിലായിരുന്നു. അദ്ദേഹത്തെ അവസാനമായി കണ്ടത് അന്നാണ്. സമാജത്തിന്റെ ഓണാഘോഷ ദിവസം രാവിലെ എം.എസ്. ന്റെ വളരെ അടുത്ത സുഹൃത്തായ സി.കെ. വർഗ്ഗീസ് വാട്സ്ആപ്പ് മെസ്സേജിലൂടെ നാട്ടിൽ നിന്ന് വിവരം അറിയിച്ചു. എം.എസ്. പോയെന്ന്. അക്ഷരാർത്ഥത്തിൽ നടുക്കമുണ്ടാക്കിയ വിവരം. അത് കണ്ട ഉടനെ സമാജം ട്രഷറർ എം.കെ. ചന്ദ്രനെ വിളിച്ച് എം.എസ്ന്റെ വീട്ടിൽ ചെന്ന് വിവരം അന്വേഷിക്കാൻ പറഞ്ഞു. അപ്പോഴേക്കും ആരൊക്കെയോ വിളിക്കാൻ തുടങ്ങി. എം.എസ്ന്റെ മകൻ അരുണിനെ വിളിച്ചിട്ട് കിട്ടിയതുമില്ല. തുടർച്ചയായ വിളികൾ അവഗണിക്കാനും നിവൃത്തിയില്ല. എം.എസ്. ന്റെ വീട്ടിലേക്ക് പോകാൻ ബുക്ക് ചെയ്ത വണ്ടികൾ ഒന്നൊന്നായി ക്യാൻസൽ ആയിക്കൊണ്ടിരുന്നു. ഒടുവിൽ അവിടെ എത്തിയതിനു ശേഷമാണ് വിവരം സ്ഥിരീകരിക്കാൻ കഴിഞ്ഞത്. പ്രസിഡന്റിനോടൊപ്പം ഓണാഘോഷ സ്ഥലത്തെത്തി അവിടെത്തന്നെ അനുശോചനയോഗം നടത്തുകയും ചെയ്തു.

സമാജം ലൈബ്രേറിയൻ രാജനോട് എം.എസ്.ന്റെ സഹായി പറഞ്ഞത് അതിനു മുമ്പത്തെ രാത്രി എം.എസ്. ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്ന് എന്തോ പ്രസംഗിക്കാൻ തുടങ്ങിയത്രെ. എന്റെ പ്രസംഗം തീർന്നു എന്നു ഗുരുവിനോട് പറഞ്ഞു വീണ്ടും കിടക്കുകയും ചെയ്തത്രേ.

ഓണാഘോഷ സാഹിത്യ സമ്മേളനത്തിന് തൊട്ടു മുമ്പുള്ള ദിവസം കൺവീനർ ശ്രീ. സി. കുഞ്ഞപ്പൻ വിളിച്ചപ്പോൾ കുഞ്ഞപ്പാ എന്റെ ഞരമ്പുകളൊക്കെ തളരുകയാണ് എന്നു പറയുകയുണ്ടായത്രെ.

എന്തായാലും എം.എസ്. വിട പറഞ്ഞു. പ്രകൃതി മനുഷ്യനു മേൽ അതിന്റെ ആധിപത്യം ഉറപ്പിക്കുന്ന അവസ്ഥയാണ് മരണം. ഇനി എം.എസ്. കാലത്തിലൂടെ സഞ്ചരിക്കുക ഓർമ്മകളിലൂടെ ആയിരിക്കും. പ്രിയ എം.എസ്. വിട.

■




**KERALA SAMAJAM DOORAVANINAGAR AMBULANCE SERVICES - ON NO PROFIT BASIS**

**CALL:**
**6366372310 | 6366372320 | 9945841184**

**അനുസ്മരണം**

# കെ.സി.ആർ. (കെ.സി. രവീന്ദ്രൻ) നമ്പ്യാർ

ദീർഘകാലം സമാജം പ്രവർത്തനങ്ങളിൽ സജീവമായിരുന്ന കെ.സി. ആർ നമ്പ്യാർ നമ്മെ വിട്ടു പിരിഞ്ഞു. അദ്ദേഹം സമാജത്തിന്റെ ട്രഷറർ, പ്രവർത്തക സമിതി അംഗം, സാഹിത്യ വിഭാഗം അംഗം എന്നിങ്ങനെ വിവിധ ചുമതലകൾ പ്രശംസനീയമായ രീതിയിൽ നിർവ്വഹിച്ചിട്ടുണ്ട്.

കവിതയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന മേഖല. ബാംഗ്ലൂരിൽ കൊമ്പൻ ആന്റണി സാർ ജീവിച്ചിരുന്നപ്പോൾ അദ്ദേഹം ഒരു അക്ഷരശ്ലോക സദസ്സിന് ചുക്കാൻ പിടിച്ചിരുന്നു. ഈ അക്ഷരശ്ലോക സദസ്സിലെ സജീവ സാന്നിദ്ധ്യമായിരുന്നു കെ.സി.ആർ. നമ്പ്യാർ. ബാംഗ്ലൂരിലെ കവികൾക്കും സാഹിത്യ ആസ്വാദകർക്കും സുപരിചിതനായിരുന്നു കെ.സി.ആർ.

കെ.പി. ശങ്കരൻ മാഷ് മൈസൂരിൽ നിന്ന് നാട്ടിലേക്ക് താമസം മാറ്റിയ കാലം മുതൽ ഈ അടുത്ത കാലം വരെ സമാജം നടത്തിവരുന്ന കവിതാ മത്സരങ്ങളിലെ വിധി കർത്താവായിരുന്നു അദ്ദേഹം. അനാരോഗ്യം കാരണമാണ് അദ്ദേഹം പിന്നീട് ആ ചുമതലയിൽ നിന്ന് ഒഴിഞ്ഞു നിന്നത്.

കവിത വൃത്ത ബദ്ധമായിരിക്കണം എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. മറ്റുള്ള കവിതകൾ ഇപ്പോഴുള്ള കുട്ടികൾ, പാന്റുമല്ല നിക്കറുമല്ല എന്ന മട്ടിലുള്ള ഈ ബെർമുഡ എന്നപേരിൽ ഒരു സാധനം ഇടുന്നില്ലേ, അതുപോലെ ഗദ്യവുമല്ല പദ്യവുമല്ല എന്ന രീതിയിലുള്ള കവിതയൊന്നും ഞാൻ അംഗീകരിക്കില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഇക്കാര്യത്തിൽ കുറച്ചൊക്കെ ഫ്ലക്സിബിലിറ്റി വേണ്ടേ കെ.സി.ആർ. എന്നു ചോദിച്ചാൽ, എനിക്കത് പറ്റില്ലെന്ന് തീർത്ത് പറയും.

സമാജത്തിന്റെ കവിത ചൊല്ലൽ മത്സരങ്ങളിലും കെ.സി.ആർ. പലപ്പോഴും വിധികർത്താക്കളുടെ പാനലിൽ ഉണ്ടാവാറുണ്ട്.

ജോലി ചെയ്തിരുന്ന ഐ.ടി.ഐ. ലിമിറ്റഡിൽ അദ്ദേഹത്തിന് വിവിധ ഭാഷകൾ സംസാരിക്കുന്ന ഒട്ടേറെ മനുഷ്യരടങ്ങുന്ന വിപുലമായ സൗഹൃദ വലയം ഉണ്ടായിരുന്നു. ഐ.ടി.ഐയിൽ നിന്ന് വിരമിച്ച ശേഷം കുറച്ചു കാലം കോഷീസ് ഹോസ്പിറ്റലിലും അദ്ദേഹം ജോലി ചെയ്തിരുന്നു.

അപൂർവ്വ സന്ദർഭങ്ങളിൽ കെ.സി.ആർ, ഇന്ന ആളുടെ ഇന്ന കവിത വായിച്ചിരുന്നോ എന്നു ചോദിച്ചാൽ എനിക്കിപ്പം ആ കവിതയൊന്നും കിട്ടുന്നില്ല ഡെന്നിസ് എന്നു പറയും.

ചില പരിപാടികൾക്കൊന്നും കാണുന്നില്ലല്ലോ എന്നു ചോദിച്ചാൽ, എത്തിപ്പെടണമെങ്കിൽ ആരുടെയെങ്കിലും സഹായം വേണം, അതാണ് ചിലതിനൊക്കെ വരാൻ കഴിയാത്തത് എന്നു പറയും.

കുറച്ചു കാലമായി അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി മോശമായി വരികയായിരുന്നു. അത് ഒരു നിർണ്ണായക ഘട്ടത്തിൽ എത്തിയപ്പോഴാണ് കെ.സി.ആർ. നാട്ടിലേക്ക് തിരിച്ചു പോകാൻ തീരുമാനിച്ചത്.

സമാജം സോണൽ സെക്രട്ടറി കെ.കെ. പവിത്രനാണ് കെ.സി.ആർ. നാട്ടിലേക്ക് തിരിച്ചു പോവുകയാണെന്ന് അറിയിച്ചത്. അദ്ദേഹത്തിന് ഒരു യാത്രയയപ്പ് നൽകിക്കൂടെ എന്നും പവിത്രൻ ചോദിച്ചു. അത് തീർച്ചയായും ചെയ്യേണ്ട കാര്യമാണല്ലോ, നമുക്ക് ചെയ്യാം പവിത്രൻ എന്നു പറഞ്ഞു. വിജിനപുര ജൂബിലി സ്കൂളിൽ യാത്രയയപ്പ് നടത്താമെന്നായിരുന്നു കണക്കുകൂട്ടൽ. പ്രസിഡന്റിനെ വിവരം അറിയിച്ചപ്പോൾ അത് നടക്കില്ല കെ.സി. ആറിന് സ്കൂളിലേക്കൊന്നും വരാൻ പറ്റില്ല, അത് കൊണ്ട് നമ്മൾ അദ്ദേഹത്തിന്റെ വീട്ടിൽ പോയി യാത്രയയപ്പ് നല്കുകയാണ് വേണ്ടതെന്ന് പറഞ്ഞു. ഉടനെ അതിനുള്ള ഒരുക്കങ്ങൾ ചെയ്തു. കെ.സി. ആറിന്റെ അനുമതിയോടെ അദ്ദേഹത്തിന്റെ വീട്ടിൽ തന്നെ യാത്രയയപ്പ് നടത്തി. മുൻ ഭാരവാഹികളിൽ പലരും പങ്കെടുക്കുകയും സംസാരിക്കുകയും ചെയ്തു.

കെ.സി.ആർ. നാട്ടിൽ പോയതിനു ശേഷം സമാജം പ്രവർത്തക സമിതി അംഗവും കെ.സി.ആറിന്റെ മകനുമായ സുനിലിനോട് അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ച് അന്വേഷിക്കാറുണ്ട്. ഇപ്പോൾ കുറച്ചൊക്കെ വ്യത്യാസമുണ്ട് എന്നായിരുന്നു സുനിലിന്റെ മറുപടി.

നവംബർ പതിനാലിന് വിജിനപുര ജൂബിലി സ്കൂളിൽ പ്രൈമറി വിഭാഗത്തിന്റെ വാർഷികാഘോഷം നടക്കുന്നതിനിടയിലാണ് കെ.സി.ആർ. വിടവാങ്ങി എന്ന വിവരം സുനിൽ അറിയിച്ചത്. വൈകുന്നേരം വീട്ടുവളപ്പിൽ തന്നെ സംസ്കാരവും നടക്കുമെന്ന് സുനിൽ അറിയിച്ചു.

സഫലമീ യാത്ര എന്നു എപ്പോഴും അഭിമാനിക്കാൻ വക നല്കുന്നതാണ് അദ്ദേഹത്തിന്റെ ജീവിത യാത്ര. പ്രിയ കെ.സി.ആർ. വിട.

കെ.സി.ആർ. നമ്പ്യാരുടെ ജീവിതപങ്കാളി ശ്രീമതി. നിർമ്മല പി., മക്കളായ സുനിൽ കുമാർ പി, സുരേഷ് പി, സൂരജ് പി. എന്നിവരുടെയും മറ്റു കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്കുചേരുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു. ■

**അനുസ്മരണം**

# പി.ബി. അജി

സമാജം പ്രവർത്തക സമിതി അംഗമായിരുന്ന പി.ബി. അജിയുടെ വേർപാട് അവിശ്വസനീയവും, അകാലികവും, തീർത്തും ആകസ്മികവുമായിരുന്നു. യുവജന വിഭാഗം ചെയർമാൻ രാഹുൽ വല്ലാത്ത വിറയോലെടെയാണ് വിവരം അറിയിച്ചത്. കേട്ടവർ കേട്ടവർ അവിശ്വസിക്കാൻ തന്നെയാണ് ഇഷ്ടപ്പെട്ടത്. അജി അത്ര മാത്രം പ്രിയങ്കരനായിരുന്നു എല്ലാവർക്കും.

ഓണച്ചന്തയുടെ ഉദ്ഘാടന ദിവസം പഴം സ്റ്റാളിൽ വളരെ സജീവമായി, എല്ലാവരോടും ചിരിച്ചും കളിച്ചുമൊക്കെ ഉണ്ടായിരുന്ന വ്യക്തി, നാളെ കാണാം എന്നു പറഞ്ഞു പിരിഞ്ഞ വ്യക്തി പിന്നെ വന്നില്ല. ചന്തയുടെ രണ്ടാം ദിവസം ചന്തയിലേക്ക് വരാനുള്ള ഒരുക്കങ്ങൾക്കിടയിൽ എല്ലാവരെയും തേടിയെത്തിയത് ഈ ദുരന്ത വാർത്തയായിരുന്നു.

രാഹുൽ പറഞ്ഞപ്പോള് ആദ്യം വിശ്വാസം വന്നില്ല. കോഷീസ് ഹോസ്പിറ്റലിൽ ട്രീറ്റ്മെന്റ് നടക്കുകയാണോ എന്നു ചോദിച്ചു. അല്ല അങ്കിൾ അജിയേട്ടൻ പോയങ്കിൾ എന്ന് ഉറപ്പിച്ചു പറഞ്ഞു.

വീട്ടിൽ നിന്ന് കോഷീസ് ഹോസ്പിറ്റലിലേക്ക് ഓട്ടോയിൽ പോകുന്നതിനിടയിൽ ഗ്രൂപ്പിലിടാനുള്ള ആ ഷോക്കിങ്ങ് ന്യൂസ്, പൂർണ്ണ വി

വരങ്ങളുടെ അഭാവത്തിൽ സംക്ഷിപ്തമായി തയ്യാറാക്കി അയച്ചു.

കോഷീസ് ഹോസ്പിറ്റലിൽ എത്തിയപ്പോൾ അജിയെ അവിടെ നിന്ന് ഈസ്റ്റ് പോയന്റ് മെഡിക്കൽ കോളേജിലേക്ക് കൊണ്ട് പോയെന്ന് മനസ്സിലാക്കി. വേഗം JEHS–ൽ എത്താൻ പറഞ്ഞ് പ്രസിഡന്റിന്റെ ഫോൺ വന്നു. അവിടെ എത്തിയപ്പോൾ എല്ലാവരും ഇടി വെട്ടേറ്റവരെപ്പോലെ നിൽക്കുകയാണ്. ഉടനെ JEHS–ൽ തന്നെ അനുശോചനയോഗത്തിനുള്ള ഒരുക്കങ്ങളായി. ഉള്ള സമാജം പ്രവർത്തകർ ഒത്തുചേർന്ന് അനുശോചനം യോഗം നടത്തി.

ട്രഷററോടൊപ്പം അജിയെ കാണാൻ ഈസ്റ്റ് പോയന്റ് മെഡിക്കൽ കോളേജിലേക്ക് പോയി. അപ്പോഴേക്കും ബോഡി ഫ്രീസറിൽ വെച്ചു കഴിഞ്ഞിരുന്നു. എന്ത് കൊണ്ടോ കാവൽക്കാരൻ ഫ്രീസർ തുറന്ന് ഞങ്ങൾക്ക് കാണിച്ചു തന്നു.

തുടർന്ന് വിജിനപുര ജൂബിലി സ്കൂളിൽ ചന്തയുടെ ഭാഗമായി എത്തിച്ചേർന്ന സമാജം പ്രവർത്തകർ ഒത്തുചേർന്ന് അവിടെയും അനുശോചന യോഗം ചേർന്ന് ആദരാഞ്ജലികൾ അർപ്പിച്ചു.

സമാജം ട്രഷറർ ശ്രീ എം.കെ. ചന്ദ്രൻ അജിയെ സംബന്ധിച്ച ഒരു കാര്യം പറഞ്ഞിരുന്നു. താൻ കോൺട്രാക്ട് എടുത്തിട്ടുള്ള മൂന്നു വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണെന്നും അത് കൊണ്ട് ഓണച്ചന്തയിലൊന്നും ഇത്തവണ എത്താൻ പറ്റുമെന്ന് തോന്നുന്നില്ലെന്നും അജി പറഞ്ഞിരുന്നെന്നുമായിരുന്നു ചന്ദ്രൻ പറഞ്ഞത്. പക്ഷെ ഒടുവിൽ അതൊന്നും വക വെക്കാതെയായിരുന്നു അജി ഓണച്ചന്തയുടെ പ്രവർത്തനങ്ങളിൽ ഇടപെട്ടിരുന്നത്. ഇത് ഒരു അപൂർവ്വ മാതൃകയാണ്. അടിയന്തര പ്രാധാന്യമുള്ള സ്വന്തം കാര്യങ്ങൾ മാറ്റി വെച്ചു കൊണ്ട് സംഘടനയോടുള്ള സ്നേഹാത്മാർത്ഥന സമർപ്പണം. അത് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.

സമാജത്തിന്റെ വലിയ പ്രതീക്ഷയായിരുന്നു അജി. യുവജന വിഭാഗം പ്രവർത്തകരുടെ ആരാധനാ പാത്രമായിരുന്നു അജി. ഈ വയസ്സിനുള്ളിൽ അജി വളർത്തിയെടുത്ത സൗഹൃദ വലയത്തിന്റെ വ്യാപ്തി വിസ്മയിപ്പിക്കുന്നതായിരുന്നു. ഈ അടുത്ത കാലത്തായി ഗായകൻ എന്ന നിലയിൽ കൂടി അജിക്ക് വിപുലമായ അംഗീകാരം ലഭിച്ചു വരുകയായിരുന്നു.

അജിയെ അവസാനമായി കാണാൻ എത്തിയ വമ്പിച്ച ജനക്കൂട്ടം ഒരു മനുഷ്യ ജീവിതം അർത്ഥപൂർണ്ണമായതിന്റെ സാക്ഷ്യമാണ്.

അജിയുടെ വീട്ടിൽ അന്ത്യാഭിവാദ്യം അർപ്പിക്കാൻ പ്രസിഡന്റിനോടും മറ്റു ഭാരവാഹികളോടുമൊപ്പം എത്തിയ സന്ദർഭം അക്ഷരാർത്ഥത്തിൽ ഹൃദയഭേദകമായിരുന്നു. അവിടെ ഹൃദയം തകർന്നിരിക്കുന്ന അമ്മയോട് സജി പറഞ്ഞു ഇതാ ഡെന്നിസ് അങ്കിൾ. സത്യം പറഞ്ഞാൽ എന്ത് പറഞ്ഞ് ആ അമ്മയെ സമാധാനിപ്പിക്കാൻ കഴിയും എന്നറിയില്ലായിരുന്നു. എത്രയോ കാലമായി ഞങ്ങളുടെ പലരുടെയും ബാംഗ്ലൂരിലെ സ്വന്തം കുടുംബമായിരുന്നു ഭാസി ഏട്ടനും (ഭാസ്കരൻ നായർ) ശാന്തേടത്തിയും മക്കളും അടങ്ങിയ കുടുംബം. ഭാസി ഏട്ടൻ ഇന്നില്ല. ആ അമ്മയുടെ മുന്നിൽ ആശ്വാസ വാക്കുകളില്ലാതെ നിശ്ശബ്ദനായി കുറച്ചു നേരം നിന്നു. മറ്റൊന്നും അപ്പോൾ സാദ്ധ്യമല്ലായിരുന്നു.

അഭിനേതാവ് എന്ന നിലയിലും അജി വളരുകയായിരുന്നു. ഇതിന് അടിത്തറ പാകിയത് സമാജം എൺപതുകളിൽ കുട്ടികൾക്ക് വേണ്ടി നടത്തിയ നാടക പഠന പരിശീലന പരിപാടികളായിരുന്നു. ഈ നാടക പരിശീലനപരിപാടി തുടങ്ങിയതിനുള്ള കാരണം അക്കാലത്ത് ടിൻ ഫാക്ടറിക്ക് പിന്നിൽ താമസം തുടങ്ങിയ ഒരു സംഘം യുവാക്കൾ സമാജം പ്രവർത്തനങ്ങളിൽ സജീവമായതാണ്. അക്കാലത്ത് തന്നെ കുട്ടികൾക്ക് വേണ്ടി അവധിക്കാല മലയാളം ക്ലാസ്സുകൾ നടത്തിയിരുന്നു. അത് മാത്രം മതിയാവില്ല കുട്ടികളെ മലയാളികളാക്കാൻ എന്ന് ഈ യുവാക്കൾക്ക് തോന്നിയിരുന്നു. അങ്ങനെ തോന്നാൻ ഒരു കാരണമുണ്ട്. അവരോട് അടുപ്പം പുലർത്തിയിരുന്ന അടുത്ത വീട്ടിലെ ഒരു മലയാളി കുട്ടി വന്നു ഇങ്ങനെ പറഞ്ഞു. അങ്കിൾ അടുത്ത വീട്ടിലെ ചേച്ചി കുട്ടിയിട്ടു എന്ന്. ഇത് മാത്രമല്ല കുട്ടികൾ പറഞ്ഞിരുന്ന മലയാളം വളരെ വികലവുമായിരുന്നു. കുട്ടികൾ പരസ്പരം സംസാരിച്ചിരുന്നത് തമിഴിലായിരുന്നു. ഇതൊക്കെ ബാംഗ്ലൂരിൽ മലയാളി രക്ഷിതാക്കൾക്ക് ജനിക്കുന്ന കുട്ടികൾ ചെറിയ അളവിലെങ്കിലും മലയാളികൾ ആകേണ്ടേതല്ലേ എന്ന ഗൗരവപൂർണ്ണമായ ആലോചനക്ക് വഴിവെച്ചു. അതിന്റെ ഭാഗമായാണ് കുട്ടികളെ പങ്കെടുപ്പിച്ചുള്ള പ്രവർത്തനങ്ങൾക്ക് വഴി വെച്ചത്.

കുട്ടികളെ തിയേറ്ററുമായി ബന്ധപ്പെടുത്തിയാൽ അവർ നാടകം മാത്രമല്ലല്ലോ പഠിക്കുക. Theatre is an ensemble of all art forms എന്നാണല്ലോ പറയുക. മാത്രമല്ല അതിന്റെ ആകെത്തുക മാനവികതയും കൂടിയാണ്. അങ്ങനെയാണ് കന്നഡ നാടക രംഗത്ത് ശ്രദ്ധേയനായ ആയിടെ നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽ നിന്ന് പഠിച്ചിറങ്ങിയ ഗംഗാധർ സ്വാമിയെ കൊണ്ടുവന്നത്. അദ്ദേഹമാണ് അജിയടക്കമുള്ള കുട്ടികൾക്ക് അഭിനയം, രംഗകല, നൃത്തം, മൈമിംഗ്, രംഗസംഗീതം തുടങ്ങിയ എല്ലാ കാര്യങ്ങളിലും പരിശീലനം നല്കിയത്. തുടർന്ന് ഡോ. സിദ്ധലിംഗയ്യയുടെ കവിതയെ അടിസ്ഥാനമാക്കിയുള്ള കത്തെ മത്തു ധർമ്മ എന്ന സംഗീത ശിൽപം, മാവേലിയെ തിരിച്ചു തരൂ, ഗലീലിയോ (കന്നഡയിലും, മലയാളത്തിലും) കപ്പു സീമെയ കഥെ, മഴവില്ല് തുടങ്ങിയ നാടകങ്ങളൊക്കെ അവതരിപ്പിച്ചത്. ഇതൊക്കെ പല വേദികളിലും അവതരിപ്പിക്കുകയുണ്ടായി. ആ നാടകങ്ങളിലൊക്കെ പങ്കെടുത്ത അജിയടക്കമുള്ള കുട്ടികളൊക്കെ പ്രത്യക്ഷമായും പരോക്ഷമായും സമാജം പ്രവർത്തനങ്ങളിലേക്ക് പിൽക്കാലത്ത് കടന്നു വന്നിട്ടുണ്ട്. അങ്ങനെ കുട്ടിക്കാലത്ത് തന്നെ സമാജവുമായി ബന്ധം പുലർത്താൻ കഴിഞ്ഞത് അജി എന്ന ബാലന്റെ വ്യക്തിത്വ രൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തിയിരിക്കണം.

ബാംഗ്ലൂരിൽ സി.പി.എ.സി.യുടെ പല നാടകങ്ങളിലും അജി അഭിനയിച്ചിട്ടുണ്ട്. ബാംഗ്ലൂരിന്റെ പല ഭാഗത്തും സി.പി.എ.സി. നടത്തിയിരുന്ന കന്നഡ തെരുവ് നാടകങ്ങളിൽ അജി നടനും സജീവ സാന്നിദ്ധ്യവുമായിരുന്നു. ആ നാടകപ്രവർത്തനങ്ങളിലൂടെ അജിക്ക് ദൂരവാണി നഗറിൽ മാത്രമല്ല ബാംഗ്ലൂരിലാകെ സുഹൃദ് വലയം സൃഷ്ടിക്കാനും കഴിഞ്ഞിരുന്നു. ഇത് കൂടാതെ സോഷ്യൽ മീഡിയയിൽ അജി ഒരു ശ്രദ്ധാ കേന്ദ്രവുമായി മാറിയിരുന്നു.

ബഹുമുഖ പ്രതിഭയും സമാജത്തിന്റെ പ്രതീക്ഷയുമായിരുന്ന അജിയുടെ വേർപാട് അദ്ദേഹത്തിന്റെ കുടുംബത്തിനും സമാജത്തിനും തീരാനഷ്ടമാണ്. അജിയുടെ അമ്മ ശാന്തേടത്തിയുടെയും സഹാദരൻ ശ്രീ. സജിയുടെയും, സഹോദരി ശ്രീമതി. രാജിയുടെയും മറ്റു കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്കുചേരുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തുകൊണ്ട് ഈ അനുസ്മരണ കുറിപ്പ് അവസാനിപ്പിക്കുന്നു.


■

**കവിത**

# വൈലോപ്പിള്ളി



**പി.എൻ. ഗോപീകൃഷ്ണൻ**



കവിതയും ഗാനവും നടക്കാനിറങ്ങി
മരങ്ങൾ ഉടുത്തൊരുങ്ങിയിരുന്നു.
പക്ഷികൾ പൂമ്പാറ്റകളായ് മാറിയിരിന്നു.
പൂക്കളിൽ ചുവടുവെച്ച്
വസന്തം നൃത്തം ചവിട്ടുന്നുണ്ടായിരുന്നു.

പുതിയൊരു കാറ്റായി പറക്കാൻ
ഗാനം കവിതയെ ക്ഷണിച്ചു.

''ഞാനില്ല.'' കവിത പറഞ്ഞു.
''ഇത് വസന്തവായു അല്ല
വസൂരി രോഗാണുക്കളാണ്''[1]
വൈലോപ്പിള്ളി ഞെട്ടിയുണർന്നു.
ദേവസ്വം ക്വാർട്ടേഴ്സിന്റെ വാതിൽ
തള്ളിത്തുറന്നു.
ദൈവം യേശുവിൽ നിന്നകറ്റിയ പാനപാത്രം
ചെരിഞ്ഞൊഴുകിയ പോലെ
ഇരുട്ട് കട്ടപിടിച്ചു കിടക്കുന്നു.

ഭ്രാന്തിന്റെ പേനുകളെ
ലോകത്തിന്റെ തലച്ചോറിൽ നിന്ന്
നുള്ളിക്കളയണം.
വൈലോപ്പിള്ളി കരുതി.
ലോകം ചെരിയുമ്പോൾ
ആളുകൾക്ക് പിടിച്ചുനിൽക്കാൻ
കവിതയുടെ ഉരുക്കുവടം വേണം.

സുന്ധിതി തൻ മറുപുറം തേടി
ഹെർക്കുലീസ് സൈക്കിളിൽ
കവി പുറപ്പെട്ടു.

''തൃശ്ശൂർ ഒരു വൃത്തവും
വിടർത്തിവെച്ച ആരക്കാലുകളുമാണ്''
വൈലോപ്പിള്ളി എന്ന മാഷ് പറഞ്ഞു.
''അല്ല, അതൊരു കൂറ്റൻ ചിലന്തിയാണ്.
എട്ടുദിക്കിലും കാലുകൾ പരത്തിയിട്ടത്.''
വൈലോപ്പിള്ളി എന്ന കവി തിരുത്തി.

ആ രാത്രിയിൽ നഗരം
അതൊന്നുമായിരുന്നില്ല
ഏതോ വ്യാകുലമാതാവിന്റെ
പള്ളിയായിരുന്നു.
വഴികൾ വിലാപകാവ്യത്തിന്റെ
വരികൾ പോലെ നീണ്ടിരുന്നു.
''ദു:ഖമൊക്കെ പറവാനോ
വാക്കുപോരാ മാനുഷ്യർക്ക്
ഉൾക്കനെ ചിന്തിച്ചുകൊള്ളാൻ
ബുദ്ധിയും പോരാ.''[2]

താൻ ജെറുസലേമിലാണ്,
വൈലോപ്പിള്ളി വിചാരിച്ചു.
അവിടെ ആളുകൾ പാടുകയാണ്:

''ആളുമാറി അടിച്ചയ്യോ ചൂളി നിന്റെ
ദേഹമെല്ലാം
ചീളു പെട്ടു മുറിഞ്ഞു നീ വലഞ്ഞോ പുത്രാ?
ഉള്ളിലുള്ള വൈര്യമോടെ യൂദർ നിന്റെ തലയി
ന്മേൽ
മുള്ളുകൊണ്ട് മുടിവെച്ച് തറച്ചോ പുത്രാ?
തലയെല്ലാം മുറിഞ്ഞയ്യോ ഒലിക്കുന്ന ചോര
കണ്ടാൽ
അലസിയെൻ ഉള്ളിലെന്തു പറവൂ പുത്രാ?
തല തൊട്ടങ്ങടിയോളം തൊലിയില്ലാ മുറിവയ്യോ
പുലി പോലെ നിന്റെ ദേഹം മുറിച്ചോ പുത്രാ[3]

നെഹ്റു പാർക്കിനടുത്ത്
ഒരു ബീഡിക്കട മാത്രം തുറന്നുവെച്ചിരിക്കുന്നു.
പ്രേതങ്ങൾക്ക് ബീഡിവിൽക്കാനാകും.

കടക്കാരൻ പറഞ്ഞു:
''നാലുകെട്ട് ബീഡിയുണ്ടായിരുന്നു.
നാലും വാങ്ങിക്കൊണ്ടുപോയി.
ആദ്യാമൻ ബീഡി കത്തിക്കാൻ
ഒരു ബോംബു ചോദിച്ചു.''

''അത് ചങ്ങമ്പുഴ.''
വൈലോപ്പിള്ളി പറഞ്ഞു.

''രണ്ടാമൻ
ബീഡി തലതിരിച്ച് കടിച്ചുപിടിച്ചു
നിലാവിന്റെ ഒരു തരി
എവിടെ നിന്നോ ഓടി വന്ന്
ബീഡിത്തലപ്പിൽ ഉരഞ്ഞ് തീയുണ്ടാക്കി.''

''അത് പി''
വൈലോപ്പിള്ളി പറഞ്ഞു.

''ശാന്തനായ മൂന്നാമൻ
ബീഡി റോട്ടിലുരച്ച് കത്തിച്ച്
ശാന്തനായി കടന്നുപോയി.''

''അത് മഞ്ഞുപർവതം എന്ന് തോന്നിപ്പിക്കുന്ന
കേരളത്തിലെ ഏക അഗ്നിപർവതമാണ്.
പേര് ഇടശ്ശേരി,''
സ്ഫിങ്ക്സിനോട് ഈഡിപ്പസ് എന്നപോലെ[4]
വൈലോപ്പിള്ളി പറഞ്ഞു.

''നാലാമൻ ദാ
അവിടെ നിൽപ്പുണ്ട്.''

നെഹ്റു പ്രതിമയ്ക്ക് കീഴെ
ഇരുട്ടിൽ മറ്റൊരു ഇരുട്ടായി
ഒരാൾ നിൽപ്പുണ്ടായിരുന്നു
അയാൾ
കാര്യത്തിലോ കളിയിലോ
പാടാൻ തുടങ്ങി:
''നീയെരിച്ചതിൻ ശേഷമാണല്ലോ
തീയെരിച്ചതസ്സാധുവിൻ മാടം.''[5]

വൈലോപ്പിള്ളിക്ക് ആളെ മനസ്സിലായി.
'വീടി വായിൽ വിപത്തു കത്തിച്ചോൻ'[6]

''ഒരു പുക തരുമോ?''
വൈലോപ്പിള്ളി ചോദിച്ചു.

ലോകം എന്ന മാടം കത്തിച്ച്
വൈലോപ്പിള്ളി മടങ്ങിപ്പോയി.

---

1. വസന്തവായുവിൽ വസൂരിരോഗാണുവിനെയും പുള്ളി മാൻ വിഹരിക്കുന്ന വനാന്തരങ്ങളിൽ പുള്ളിപ്പുലിയെയും ദർശിക്കുന്നതാണ് തന്റെ കലാസങ്കല്പമെന്ന് വൈലോപ്പിള്ളി എഴുതിയിട്ടുണ്ട്.


2,3 പുത്തൻപാന: അർണോസ് പാതിരി, യേശുവിന്റെ അന്ത്യനി മിഷങ്ങളിലെ കന്യാമറിയത്തിന്റെ വിലാപം രേഖപ്പെടുത്തിയ പന്ത്രണ്ടാം പാദത്തിൽ നിന്ന്.

4. തീബ്സിനടുത്ത് വസിച്ചിരുന്ന സ്ഫിങ്ക്സ് ആ വഴി കടന്നുപോകുന്നവരോട് കടംകഥ പോലുള്ള ചോദ്യം ഉന്നയി ച്ചിരുന്നു. ഈഡിപ്പസ് അതിന് ശരിയുത്തരം പറയുന്നതോടെ സ്ഫിങ്ക്സ് ആത്മഹത്യചെയ്യുന്നു.

5,6 കുടിയൊഴിക്കൽഅ വൈലോപ്പിള്ളി. അതിലെ തൊഴിലാളി യുടെ കുടിൽ കത്തുന്നത്, വസ്തുതാപരമായി മകൻ കൊളുത്തി യ ബീഡിയിൽനിന്നാണ്. എന്നാൽ തന്റെ അബോധമാണ് ആ കുടിലു കത്തിച്ചതെന്ന് കവികഥാപാത്രത്തിന്റെ കുറ്റബോധം.

## ശ്രീ ഇ.പി. രാജഗോപാലൻ

# പി.എൻ. ഗോപീകൃഷ്ണന്റെ കവിതയെക്കുറിച്ച് ഫേസ്ബുക്കിൽ എഴുതിയത്



**ഇ.പി. രാജഗോപാലൻ**

കവിതയുടെ ഊർജ്ജം എന്നാൽ പുതിയ വിലയിരുത്തലുകളും പുതിയ സന്ദർഭങ്ങളും ഉണ്ടാക്കാനുള്ള പ്രാപ്തിയാണ്. കവിതയുടെ ഒരു ചരിത്രാവലോകനം എന്ന നിലയിൽ ധൈഷണികപാഠമായിരിക്കുകയും സന്ദർഭങ്ങളുടെ തീക്ഷ്ണതയും ചടുലതയും കൊണ്ട് നാടകീയശോഭ കൈവരിക്കുകയും ചെയ്ത ഒരു കവിത കയ്യിലെത്തിയപ്പോൾ പൊട്ടക്കവിതകളുണ്ടാക്കുന്ന ചെടിപ്പ് കുറേയൊക്കെ പോയി. കവിത: വൈലോപ്പിള്ളി. കവി: പി.എൻ. ഗോപീകൃഷ്ണൻ. മാതൃഭൂമി ആഴ്ചപ്പതിപ്പിലാണ് കവിത വന്നത്.

തിക്ഷ്ണതയാണ് നാടകീയമായ നവീനതയായി ഈ കവിതയിൽ പ്രവർത്തിക്കുന്നത്. പൈങ്കിളിത്തം എന്ന വ്യവസ്ഥാനുകൂലമായ പ്രകൃതത്തെ ആദ്യം തന്നെ കവിത പിണക്കിയകറ്റുന്നു. വസന്തവായുവെന്ന് പൈങ്കിളിക്കാർ പറയുന്നത് വസൂരിരോഗാണുക്കൾ പാറി നടക്കുന്ന ഇടമാണ് എന്ന തിരിച്ചറിവ് – വൈലോപ്പള്ളിസ്മൃതി തന്നെ ഇത് – ഈ കവിതയുടെ മൗലികപ്രകൃതം എന്താണ് എന്ന് ചൂണ്ടിക്കാട്ടുന്ന തുടക്കമാണ്.

സൈക്കിൾ ആധുനികതയുടെ വാഹനമാണ്. എന്നാൽ സ്വശരീരത്തിന്റെ ബലം കൊണ്ടാണ് അതിൽ സഞ്ചരിക്കേണ്ടത്. അതാണ് സൈക്കിളിന്റെ സവിശേഷചരിത്രത്വം. സൈക്കിൾ സവാരി കൊണ്ട് തൃശൂർ എന്ന ജീവിതസ്ഥലത്തെ സ്വപ്നനാടകീയതയുടെ അനുഭവ ഭാഷയിൽ പുതുതായി കണ്ടെടുക്കുകയാണ് കവിത. സൈക്കിൾ ചവിട്ടി സഞ്ചരിക്കുന്ന കവി തന്നിലെ വൈരുദ്ധ്യം ആദ്യമറിയുന്നു. പിന്നെ നഗരത്തെ പുതുതായി കേൾക്കുന്നു. ബീഡിക്കടക്കാരന്റെ വാസ്തവാവതരണങ്ങൾക്ക് മലികവ്യാഖ്യാനങ്ങൾ നൽകുന്നു. താൻ കൂടി ഉൾപ്പെടുന്ന കവികാലത്തെ വേറെ മട്ടിൽ ചിത്രപ്പെടുത്തുന്നു. ചങ്ങമ്പുഴയും പി കുഞ്ഞിരാമൻ നായരും ഇടശ്ശേരിയും ഈ വേളയിൽ പുതുതായി സ്ഥാനപ്പെടുന്നു. അതിന്റെ മൂർച്ഛയെന്ന പോലെ തന്റെ ഒരു കഥാപാത്രത്തിന്റെ സന്ദർഭത്തെ സന്ധിക്കുന്നു.

ആകെക്കൂടി ഉണ്ടാവുന്നത് ഒരു സർറിയൽ സന്ദർഭമാണ്. എന്നാലത് ധൂമിലമായ, എത്തും പിടിയും കിട്ടാത്ത ഒന്നല്ല. ഇതുവഴി ചടുലമായ ദൃശ്യാത്മകത കൂടി സാധിച്ചുകൊണ്ട് സമാന്തരമായ കാവ്യചരിത്രം പണിയുകയാണ്.

ഇതിന് അബോധമായ പ്രേരണയായിട്ടുണ്ടാവുക വൈലോപ്പിള്ളിയുടെ തന്നെ കാവ്യമായ ''കുടിയൊഴിക്കലി''ലെ, യാഥാർത്ഥ്യത്തിന്റെയും അതിയാഥാർത്ഥ്യത്തിന്റെയും കൂടിക്കലരൽ ഉണ്ടാക്കുന്ന തീവ്രമായ കാവ്യാനുഭവവും ബദലായ ചരിത്രാനുഭവവുമായിരിക്കാം. തേക്കിൻകാട് മൈതാനിയിൽ അഭയാർത്ഥിക്കൂരക്കരികെയിരുന്ന് അരി വേവിക്കുന്ന അടുപ്പിനരികിൽ നകൽ തോണ്ടുന്ന മഹാദേവനായ ശിവൻ – കുപ്പ ചികയുന്ന ഗണപതി; കുട്ട നെയ്യുന്ന പാർവ്വതി; ജ്യോതിഷം കേൾപ്പിക്കുന്ന കാർത്തികേയൻ; ലോട്ടറിടിക്കറ്റ് വിളിച്ചു പറഞ്ഞു വിൽക്കുന്ന ശിവഭൂതങ്ങൾ – ഇങ്ങനെയൊരു ഭാവനയുള്ള മറ്റൊരു വൈലോപ്പിള്ളിക്കവിതയും ഉണ്ട്. അതും ഈ കവിതയ്ക്ക് സർഗ്ഗോർജ്ജം പകർന്നിരിക്കണം.

വ്യക്തിപരമായ ഒരു കാര്യം കൂടി ഇവിടെ വെളിവാക്കാം. തികച്ചും മ്ലാനമായ നിലയിലാണ് ഈ കവിത വായിച്ചത്. നല്ല തലവേദനയും ജലദോഷവും പനിത്തോന്നലും ഉണ്ടായിരുന്നു. കവിത വായിക്കവേ ഉണ്ടായ ഉണർവ്വ് ഈ നിലയിൽ കാര്യമായ മാറ്റം ഉണ്ടാക്കി.

■


## കേരളസമാജം ദൂരവാണിനഗർ ഓണാഘോഷത്തോടനുബന്ധിച്ച് നടത്തിയ കവിതാമത്സര വിജയികൾ



**ഒന്നാം സ്ഥാനം:**
***ഒരു കള്ളന്റെ ജീവിതം***
**ആദി, കാലടി**



**രണ്ടാം സ്ഥാനം**
***മരങ്ങൾ, കിളികൾ, പൂക്കൾ***
**ആന്റണി കെ.വി., എറണാകുളം**



**മൂന്നാം സ്ഥാനം**
***ശവപ്പറമ്പിൽ***
**എ.വി. ചന്ദ്രൻ, കണ്ണൂർ**

## കേരളസമാജം ദൂരവാണിനഗർ ഓണാഘോഷത്തോടനുബന്ധിച്ച് നടത്തിയ കഥാ മത്സര വിജയികൾ



**ഒന്നാം സ്ഥാനം:**
***ജമീല എന്ന പട്ടാളക്കാരൻ***
**ശിവൻ മേതല, എറണാകുളം**



**രണ്ടാം സ്ഥാനം**
***സോളോഗമി***
**രഞ്ജിത്ത് നമ്പ്യാർ, ബാംഗ്ലൂർ**



**മൂന്നാം സ്ഥാനം**
***ബാംഗ്ലൂർ നഗരത്തിലെ കഴുതകൾ***
**ജോമോൻ ജോസ്, തൃപ്പൂണിത്തുറ**

**കവിത**

# ഒരു കള്ളന്റെ ജീവിതം

**ഓണാഘോഷത്തോടനുബന്ധിച്ചു നടത്തിയ കവിത മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കവിത.**



**ആദി, കാലടി**

ഒരു കള്ളന്റെ ജീവിതം വെളിച്ചത്തോട്
യുദ്ധം ചെയ്തതാണാരംഭിക്കുന്നത്

വെളിച്ചത്തിന്റെ
ലോകത്തിലയാൾ
ഒരിക്കലും വെളിപ്പെടുന്നില്ല

നിങ്ങളുടെ പകലുകളിൽ കണ്ട് ശീലിച്ച
കണ്ണ്
മൂക്ക്
വാ–ഒന്നിനും കള്ളന്റെ ഛായയില്ല.

മേലാകെ കറുപ്പ് പൂശിയ കള്ളനെ
നിങ്ങൾ രാത്രിയെന്ന് തന്നെ തെറ്റിദ്ധരിക്കും

പകൽ സൂര്യനെ പട്ടമാക്കി പറത്തുന്ന കളിയിൽ
അയാൾ പങ്കെടുക്കില്ല

രാത്രിയുടെ ഭാരം അയാളുടെ
ചുമലിനെ വളച്ചിട്ടുണ്ടാകും

നിലമറിയാതെ ഓരോ ചലനങ്ങളിലും
അയാൾ പ്രേതമാകും

കള്ളന്റെ ജീവിതം വെളിച്ചത്തെ ഇല്ലാതാക്കി
യാണാരംഭിക്കുന്നത്.

രാത്രിയെ കുറിച്ച് നിങ്ങൾക്കൊന്നും അറിയില്ല

വാല് മടക്കി മേലാകെ മുലയുള്ള
പട്ടി കരയുന്ന ശബ്ദം നിങ്ങൾ
കേൾക്കുന്നുണ്ടോ?
ഇല്ല.
രാത്രി മാത്രം പാടുന്ന ഒരു കിളിയെ?
ഇല്ല.
ചന്ദ്രന്റെ വെളിച്ചത്തിന്റെ തോത്
അറിയില്ല.

ഒന്നും നിങ്ങൾക്കറിയില്ല.

നിങ്ങളുറങ്ങുമ്പോൾ മതിൽ ചാടിയ
കള്ളനെ നിങ്ങൾ രാത്രിയെന്ന് തന്നെ തെറ്റി
ദ്ധരിക്കുന്നു.

നിങ്ങളുടെ മുറിയിലെ വിലപ്പെട്ടതൊന്നും
അയാൾ കട്ടെടുക്കുന്നില്ല

നിങ്ങളുടെ പണ്ടം, പണം യാതൊന്നും
അയാൾക്ക് വേണ്ട.
പിന്നെ?
ഉറക്കമെണീറ്റാൽ നിങ്ങൾ ഒന്നും ഓർത്തി
രിക്കണമെന്നില്ല.

രാത്രി കണ്ട സ്വപ്നമെന്തെന്ന്
ദിവസം മുഴുവൻ നിങ്ങൾ ചിന്തിക്കും

എന്തായിരുന്നു?

നേരുപറഞ്ഞാൽ നിങ്ങളുടെ
സ്വപ്നത്തെയാണ് അയാൾ കട്ടെടുത്തത്

രാത്രിജീവിതം നഷ്ടപ്പെട്ട ഒരാൾക്ക്
വേറെന്താണ് മോഷ്ടിക്കാനുള്ളത് ?

■

**കവിത**

# ഗാസയിലെ കുട്ടി

**സ്കൂൾ കലോത്സവത്തിൽ, മലയാളം കവിതാ രചന വിഭാഗത്തിൽ സി.എച്ച്.എം. ഹയർ സെക്കൻഡറി സ്കൂളിലെ (കണ്ണൂർ, എളയാവൂർ) പത്താം തരത്തിലെ മുഹമ്മദ് ഹിദാഷ് പി.എഴുതി ഒന്നാം സമ്മാനത്തിന് അർഹത നേടിയ കവിത.**

## വിഷയം: ഇരുട്ട്

തകർന്നു വീണ വീടിന്റെ
പാതി ബാക്കിയായ ചുമരിൽ
കത്തിത്തീരാത്ത കനൽക്കട്ടകൊണ്ട് ചിത്രം
വരയ്ക്കുന്ന ഗാസയിലെ ഒരു കുട്ടി.

ഞെരിഞ്ഞമർന്ന നഗരത്തിന്റെ
ശ്മശാന മൂകതയിൽ
അവനൊരു അരുവി വരച്ചു.
തീ തിന്ന് തുപ്പിയ ഇടങ്ങളിൽ
ഒത്തിരി ആശ്വാസമാകും എന്ന് അവൻ കരുതി
കാണും.

പിന്നീട് അവനൊരു പൂന്തോട്ടം വരച്ചു.
അവനൊരു വസന്തത്തെ പ്രതീക്ഷിച്ചു കാണും.

അതിനു നടുവിലൊരു മൈതാനം. വെള്ളയിൽ
പൊതിഞ്ഞ തന്റെ കൂട്ടുകാർക്ക് കളിക്കാൻ ഒരു
ഇടം വേണമല്ലോ.

പിന്നെയൊരു ആകാശം.
കാലൊടിഞ്ഞ തന്റെ കൊച്ചനുജൻ പാറി
പ്പറക്കാൻ രണ്ട് ചിറകുകൾ.

ഇത്രയുമായപ്പോഴേക്കും ആകാശം കറുത്തി
രുണ്ടു.
നിസ്സഹായതയുടെ മൂടൽമഞ്ഞിലൊളിക്കാൻ
അവൻ ശ്രമിക്കുന്നു...

പൂന്തോട്ടത്തിന് ചുറ്റും കാൽപെരുമാറ്റം
പെരുക്കുന്നു.
സൈറണുകൾ... പീരങ്കിയുടെ ഗർജനം...!


അപ്പോഴേക്കും ഭീമൻ പക്ഷികൾ,
മൂടുപടം തീർത്തു.
ആകാശത്തുനിന്നും ഒരു വെളിച്ചം താഴേക്ക്
കുതിക്കുന്നു.

അവൻ ഇരുട്ടിനെ തിരയുകയാണ്...
അവനിപ്പോൾ വെളിച്ചം ഭയമാണ്.
ഇരുട്ടോളം ഒളിക്കാൻ പറ്റിയ മറ്റൊരിടം വേറെ
എവിടെയാണ്...?

**മുഹമ്മദ് ഹിദാഷ് പി.**

കഥ

# ജമീല എന്ന പട്ടാളക്കാരൻ



ശിവൻ മേതല

**ഓണാഘോഷത്തോടനുബന്ധിച്ചു നടത്തിയ കഥ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കഥ.**

യുദ്ധം തട്ടിപ്പറിക്കുന്നത് ജീവിക്കാനുള്ള അവകാശമാണ്. തരുന്നത് വേദനയും നിരാശയും മാത്രം. വ്യർത്ഥമായ ഈ കാത്തിരിപ്പ് ഇനിയും നീളുന്നതിൽ എന്താണ് പ്രയോജനം. ഒന്ന് തീർന്ന് കിട്ടിയിരുന്നെങ്കിൽ.

ചുമലിൽ നിന്ന് ഒഴുകിപ്പോയ രക്തത്തിനൊപ്പം മുന്നോട്ടുള്ള കാഴ്ച പൂർണ്ണമായും നശിച്ചിരുന്നു; മരിക്കാനുള്ള ഭയം ചോർന്ന് തീർന്നിരുന്നു.

ഇടതുഭാഗം പൂർണ്ണമായും മരവിച്ച അവസ്ഥയിലാണ്. വെടിയുണ്ട തുരന്ന കോൾവായിൽനിന്ന് രക്തം ഇപ്പോഴും കിനിഞ്ഞിറങ്ങുന്നു. ഒരു ഇലയുടെ തണൽപോലുമില്ലാത്ത പൂഞ്ച് വാലിയിലേക്ക് സൂര്യൻ തീയാണ് കോരിയിടുന്നത്. കവറിംഗ് ഫയറും നിന്നിരുക്കുന്നു. എല്ലാവരും വീണുപോയിരിക്കും.

അടുത്ത് കണ്ട ചെറിയ പാറയുടെ മറവിലേക്ക് വലതുവശം താങ്ങി ഇഴഞ്ഞു. അടഞ്ഞുപോകുന്ന കണ്ണുകൾ ബലമായി തുറന്ന് മുകളിലേക്ക് നോക്കി. കുട്ടിക്കാലം വിട്ടുമാറാത്ത, ചപ്രത്തലമുടിയുള്ള രണ്ട് പെൺകുട്ടികൾ വീടിന്റെ മണൽ മുറ്റത്തുകൂടി ഓടിക്കളിക്കുന്നു. ചാരിവെച്ച റൈഫിളിന് മുകളിലേക്ക് അമരാൻ തുടങ്ങുമ്പോഴായിരുന്ന ഹൃദയവും ബോധവും തെറിച്ചുപോകുന്ന ശബ്ദം.

സ്ഫോടനശബ്ദത്തിൽ ജമീല ഞെട്ടിപ്പിടഞ്ഞ് കണ്ണുതുറന്നു. ചുറ്റും നോക്കി. പരിസരബോധം വരാൻ സമയമെടുത്തു. ശസ്ത്രക്രിയ കഴിഞ്ഞ് വന്നതുമുതൽ അങ്ങനെയാണ്. യുദ്ധത്തിന്റെ സ്വപ്നങ്ങളാണ് എന്നും. മാംസവും അസ്ഥിയും കടന്ന് ഹൃദയത്തിലേക്ക് തുളച്ചുകയറുന്ന ഷെല്ലുകളാണ് കണ്ണ് തുറപ്പിക്കുക.

അവ്യക്തതയാണ് മനസ്സിൽ. ബോർഡിൽ മായ്ക്കാതെ വീണ്ടും വീണ്ടും എഴുതിയപോലെ, വ്യക്തമെങ്കിലും വേർതിരിച്ചെടുക്കാനാകാത്ത പോലെ ആഗ്രഹിക്കുന്നതായിരിക്കില്ല ആലോചിക്കുന്നത്. പ്രവർത്തിച്ച് തുടങ്ങുന്നതായിരിക്കില്ല പൂർത്തിയാക്കുന്നത്. മനസിന്റെയും ശരീരത്തിന്റെയും ചലനങ്ങൾ നിയന്ത്രിച്ച് തന്നോടൊപ്പം നിഴലില്ലാത്ത ഒരാൾ എപ്പോഴും ഉള്ളതുപോലെ.

നേരിൽ കണ്ടിട്ടുപോലുമില്ലാത്ത ഒരാളെ ഓർത്തുകൊണ്ടാണ് ഈയിടെയായി ജമീലയുടെ ദിവസങ്ങൾ തുടങ്ങുന്നത്. ചെറിയാൻ വർഗ്ഗീസ് എന്നായിരുന്നത്രെ അദ്ദേഹത്തിന്റെ പേര്. കേരളത്തിൽ കോട്ടയം ജില്ലയിൽ എവിടെയോ ആണ് വീട്. പാളിപ്പോകുന്ന ഓർമ്മകളെ നിയന്ത്രിച്ച്, ഭർത്താവിനേയും മകനേയും ഇപ്പോഴും മനസസിലാകുന്നുണ്ടല്ലോ എന്ന് സമാധാനിച്ച് കിടക്കയിൽ നിന്ന് എഴുന്നേൽക്കുമ്പോൾ സുബ്ഹ് നിസ്കാരത്തിനുള്ള വാങ്ക് വിളി കേട്ടു.

അടുക്കളയുടെ വാതിലിന്നരികിൽനിന്ന് പഴയ രീതിയിൽ ചികഞ്ഞെടുക്കാൻ ശ്രമിച്ചു അവർ. 'ചപ്പാത്തിയും കറിയും ഉണ്ടാക്കണം.' ഒരിക്കൽ കൂടി ഉരുവിട്ട് ഉറപ്പിച്ചു. എട്ടുമണിക്ക് മെഡിക്കൽ കോളേജിന്റെ ബസ്സ് വരുന്നതുവരെ തിരക്കാണ്. മുറ്റത്തു വിറകടുപ്പിൽ വെള്ളം ചൂടാക്കണം. തലേദിവസത്തെ പാത്രങ്ങൾ കഴുകണം, കറിയും ചപ്പാത്തിയുമുണ്ടാക്കണം. ഭർത്താവിന്റെയും ഒരേയൊരു മകന്റെയും ആവശ്യങ്ങൾ അറിഞ്ഞു ചെയ്യാനാണല്ലോ പടച്ചോൻ നമ്മളെ നിയമിച്ചിരിക്കുന്നത്. അവർക്ക് കഴിക്കാനും കൊണ്ടുപോകാനുമുള്ളത് തയ്യാറാക്കി കൊടുത്തശേഷം മാത്രമേ ജമീല ഒരു ചായപോലും കുടിക്കാറുള്ളു. പ്രഭാതകൃത്യങ്ങൾ പോലും അതിനുശേഷമായിരുന്നു അതാണ് വർഷങ്ങളായുള്ള ശീലം.

ശാരീരിക അസ്വസ്ഥതകളെ വകവയ്ക്കാതെ അടുക്കളയിലേക്ക് കയറുമ്പോൾ നഷ്ടപ്പെട്ടു എന്നു കരുതിയ ജീവിതം തിരിച്ചുകിട്ടിയതിന്റെ ആശ്വാസത്തിലായിരുന്നു അവൾ.

ഇരുനിറവെളുപ്പാണ് ജമീല. അഞ്ചരയടി പൊക്കം. അധികം വണ്ണമില്ലാത്ത ഉറച്ച ശരീരം. തലയിൽ ഇട്ടിരിക്കുന്ന തട്ടത്തിനിടയിലൂടെ ഓപ്പറേഷൻ ചെയ്തതിന്റെ വടു തെളിഞ്ഞ് കാണാം. കറുപ്പിലും വെളുപ്പിലും കിളിർത്തു വരുന്ന മുടി. ക്ഷീണവും വയ്യായ്കയും ഉണ്ടെങ്കിലും ഉറച്ച കാൽവയ്പ്പുകളോടെയാണ് നടത്തം.

ജമ്മുവിൽ നിന്ന് മുപ്പത്തഞ്ച് കിലോമീറ്റർ അകലെ മാൽപൂർ എന്ന ബസ്തിയിലാണ് ജമീല ജനിച്ചത്. പാടത്തിന് നടുക്കുകൂടെ വലിയ വട്ടത്തിലുള്ള മുള്ളുകമ്പി ചുരുളുകൾ ഇട്ട് രാജ്യത്തെ രണ്ടായി തിരിക്കുന്ന മാൽപൂർ അഖ്നൂറിനടുത്താണ്.

ജമ്മു ടൗണിൽ കാലുചൗക്കിനടുത്തുള്ള ആർമി ഹോസ്പിറ്റലിന് മുന്നിലാണ് വർഷങ്ങളായി താമസം. വീടിനോട് ചേർന്ന് ലെസ്സി വിൽക്കുന്ന ഒരു കട നടത്തുന്നു. ഭർത്താവ് ഹസ്സൻ ആശുപത്രിയിലെ താത്കാലിക ജീവനക്കാരൻ. ഒരേയൊരു മകൻ മെഡിസിന് മൂന്നാം വർഷം പഠിക്കുകയാണ്.

'അവർ രണ്ടുപേരും പോയാൽപിന്നെ എത്രനേരാ വീട്ടിൽ വെറുതെ ഇരിക്കണെ.' ലെസ്സി വിൽപ്പന തുടങ്ങാൻ ജമീലക്ക് അതായിരുന്നു കാരണം.

എല്ലാ സൗകര്യങ്ങളും ഉള്ളതാണ് ജമ്മുവിലെ ആർമി ഹോസ്പിറ്റൽ. രജൗരി, കുപ്വാര, പൂഞ്ച്, അഖ്നൂർ, പത്താൻകോട്ട്.... തുടങ്ങിയ അതിർത്തിപ്രദേശങ്ങളിൽ നിന്ന് ബോംബ് ബ്ലാസ്റ്റിംഗിലും അല്ലാതെയും മാരകമായ മുറിവേറ്റ് പട്ടാളക്കാരും ഗ്രാമവാസികളും വരുന്നതുകൊണ്ട് എന്നും തിരക്കായിരിക്കും. നാട്ടുകാർക്കും ചികിത്സ സർക്കാർ ചിലവിൽ ആണ്.

ഉച്ച സമയങ്ങളിലാണ് ലെസ്സി കഴിക്കാൻ ആളുകൾ ധാരാളമായി വരിക. തണുപ്പിച്ച് വച്ചിരിക്കുന്ന തൈര് പഞ്ചസാര ചേർത്ത് മിക്സിയിൽ അടിച്ച് കൊടുത്താൽ മതി. അദ്ധ്വാനം കുറവ്. ആശുപത്രി ജീവനക്കാരും ഡോക്ടർമാരും ജമീലയുടെ ഉപഭോക്താക്കളാണ്. അടിച്ച് പതപ്പിച്ച് മുകളിൽ മലായി വച്ച് ജമീല കൊടുക്കുന്ന ലസ്സി കഴിക്കാൻ ഉച്ചയൂണ് കഴിഞ്ഞാണ് ഡോക്ടർമാർ സാധാരണയായി വരാറ്. ലെസ്സിക്കൊപ്പം വെളുത്ത ചിരിയോടെ ജമീല നിൽക്കും. തല അല്പം ചരിച്ച് മിഴികൾ വെട്ടിമറിയുന്ന ജമീലയുടെ ചിരിക്ക് നാല്പതിലും പ്രത്യേക അഴകായിരുന്നു. അസുഖം വരുന്നതുവരെ.

തമാശരൂപത്തിലായിരുന്നു അസുഖത്തിന്റെ തുടക്കം. ഒരു അവധി ദിവസം ഒരുമിച്ചിരുന്ന് ഊണുകഴിക്കുകയായിരുന്നു മൂവരും. പാത്രത്തിൽ നിന്ന് ചോറുവാരി ഉയരുന്ന ഉമ്മച്ചിയുടെ കൈ തലയ്ക്ക് മുകളിലേക്ക് പോകുന്നു. ഷമീർ ചിരിച്ചുകൊണ്ട് അടുത്തിരുന്ന ഉപ്പയെ തോണ്ടി കാണിക്കുകയും മൂവരും പറഞ്ഞ് ചിരിക്കുകയും ചെയ്തു.

'അത് ഞാൻ എന്തോ ഓർത്തുകൊണ്ട് കഴിച്ചപ്പോൾ അങ്ങനെ ആയിപ്പോയതാണ്.' നിസ്സാര കാര്യത്തിന് വേണ്ടപ്പെട്ടവർ കളിയാക്കിയതിൽ അവർക്ക് വല്ലായ്മ തോന്നി.

ഇടവിട്ട് വരുന്ന തലവേദനയും ഛർദ്ദിയും സഹിക്കാൻ വയ്യാതായപ്പോഴാണ് ഡോക്ടറെ കണ്ടത്. 'തലവേദന വിട്ടുമാറുന്നില്ലല്ലോ ഡോക്ടറെ.' ചുണ്ടിൽ നിന്നും ലെസ്സിമലായി തുടച്ച് കടയിൽ നിന്ന് പോകാനിറങ്ങിയ ന്യൂറോ സർജനോട് ഒരു ദിവസം ജമീല പറഞ്ഞു.

ടെസ്റ്റുകളും സ്കാനിംഗും നടത്തി. മെഡുല്ലോ ബ്ലാസ്റ്റോമ എന്ന രോഗം കണ്ടെത്താനായത് അവസാന സ്റ്റേജിലാണ്.

കാഴ്ചശക്തിയും ഓർമ്മശക്തിയും കുറഞ്ഞു തുടങ്ങി. ആദ്യമായി ബോധമറ്റുവീണത് കാർഗിൽ വിജയത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്കിടയിലേക്കാണ്. ബൊഫോർസ് തോക്കുകളും ടാങ്കുകളും യുദ്ധസാമഗ്രികളും പ്രദർശനത്തിനായി നിരത്തിവച്ചിരുന്ന സത്വാരിയിലെ പ്രദർശനഗ്രൗണ്ടിൽ തലചുറ്റി വഴുകയായിരുന്നു.

'തലച്ചോറിനകത്ത് ചെറിയ മുഴപോലെ ഉണ്ട്. ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യാം. റേഡിയേഷനും കീമോതെറാപ്പിയും വേണ്ടിവരും. എല്ലാം ശരിയാവും.' ഡോക്ടർമാർ ജമീലയെ ആശ്വസിപ്പിച്ചു..

'ഈ തലച്ചോറെന്ന് പറയണത് രണ്ട് ഭാഗമായിട്ടാണ് ഉമ്മ. സെറിബ്രവും, സെറിബെല്ലവും. താഴെയുള്ള ചെറിയ ഭാഗമാണ് സെറിബെല്ലം. ഉമ്മക്ക് അതിന് മാത്രമെ ചെറിയ കുഴപ്പമുള്ളു.' കോളേജ് ലൈബ്രറിയിൽ നിന്ന് കൊണ്ടുവന്ന പുസ്തകം നിവർത്തിവെച്ച് ഷെമീർ വിശദീകരിക്കും.

'അതിനെ അനുമസ്തിഷ്കം എന്നും പറയും. മനുഷ്യന്റെ ചലനത്തിന്റെ വിശദമായ രൂപം കാലിബ്രേറ്റ് ചെയ്യുന്നു എന്നാണ് പുസ്തകത്തിൽ പറയുന്നത്. ചലനങ്ങൾ, ശ്രദ്ധ, ഭയം, ഭാഷ, ആനന്ദം..... ഇത്തരം കാര്യങ്ങളാണ് അത് നിയന്ത്രിക്കുന്നതത്രെ. എന്ന് പറഞ്ഞാൽ പ്രധാനപ്പെട്ട കാര്യങ്ങളൊക്കെ ചെയ്യുന്ന വലിയ ഭാഗത്തിന് കുഴപ്പം ഒന്നുമില്ല എന്നർത്ഥം...

നാഡീകോശങ്ങൾ നാരുപോലെ ആയിപ്പോയി എന്നും ഒരു മുഴ ആയി രൂപാന്തരപ്പെട്ടു എന്നും പറഞ്ഞു. ആശുപത്രിയിൽ ചെന്നപ്പോൾ ഒരു കൈയ്യിന്റെ വിരൽ മറ്റേ കൈയ്യിലൂടെ മുകളറ്റം വരെ കൊണ്ടുപോകാൻ പറഞ്ഞത് ഓർക്കുന്നുണ്ടോ. രോഗം കണ്ടുപിടിക്കാനുള്ള ആദ്യത്തെ ടെസ്റ്റായിരുന്ന അത്.' ഒരു മെഡിക്കൽ വിദ്യാർത്ഥി എന്ന നിലയിൽ തനിക്കുള്ള അറിവ് ഉമ്മക്ക് പങ്കുവെച്ച് ഷെമീർ അഭിമാനം കൊണ്ടു.... 'സാരോല്യ, വേഗം മാറണ അസുഖം ആണ്.

ജമീലയുടെ ചിരിക്ക് നിറം കുറഞ്ഞുവന്നു. ദിവസങ്ങൾ പഴക്കമുള്ള തൈര് അടിക്കുമ്പോൾ മുകളിൽ പതഞ്ഞുകൂടുന്ന കരിമ്പൻ നിറത്തിൽ.

'ചികിത്സ ചെയ്യാതിരുന്നാൽ മൂന്നുമാസം പ്രതീക്ഷിച്ചാൽ മതി. ചെയ്താൽ അതിജീവനം കുറച്ചുനാളുകൾകൂടി നീളാം. അത്രമാത്രം.... മസ്തിഷ്ക ശസ്ത്രക്രിയ ബുദ്ധിമുട്ടുള്ളതാണ്. ' സീനിയർ ന്യൂറോസർജൻ ഹസ്സനെ മാറ്റിനിർത്തി പ്പറഞ്ഞു.

'തലച്ചോറ് മാറ്റിവയ്ക്കാൻ പറ്റോ ഡോക്ടർ?.'

'ഇല്ല ഇതുവരെ അങ്ങനെ ഒന്ന് എങ്ങും വിജയിച്ചിട്ടില്ല.

....മസ്തിഷ്കം അവിശ്വസനീയമാംവിധം സങ്കീർണ്ണമായ ഒരു അവയവം ആണ്. ന്യൂറോണുകൾ, രക്തക്കുഴലുകൾ, മറ്റ് നിർണ്ണായക ഘടനകൾ എന്നിവയുടെ സങ്കീർണ്ണ ബന്ധങ്ങൾ ഉൾക്കൊള്ളുന്നു. ഉയർന്ന പ്രതിരോധശേഷിയുള്ള അവയവം ആയതുകൊണ്ട് പുറത്തുനിന്ന് ഉള്ളതിനോട് സഹിഷ്ണുത വളരെ കുറവാണ്. സൂഷ്മനാഡിയിലെ മുറിവുകൾ ശരിയായ രീതിയിൽ ചേർക്കാൻ ലോകത്ത് ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. മാറ്റിവയ്ക്കപ്പെട്ട ഭാഗത്തേക്കുള്ള രക്തവിതരണം, പോഷകവിതരണം എന്നിവ തടസ്സപ്പെടാം.

...ഭാഗീകമായി മാറ്റിവെച്ചാലും സങ്കീർണ്ണത ഏറെയാണ്. ഉദാഹരണമായി, ലണ്ടൻപോലെ ഒരു വലിയ നഗരം പറിച്ച് പാരീസിലേക്ക് നടുന്നതുപോലിരിക്കും അത്. പാരീസിന്റെ ഒരു ഭാഗം ഇളക്കി മാറ്റി ലണ്ടൻ അതിലേക്ക് ഇറക്കിവക്കുന്നു. അതിലെ ഓരോ കണക്ഷനും മനുഷ്യമുടിയേക്കാൾ കൃത്യത വേണ്ടതാണ്. ശരിയായി ബന്ധിപ്പിച്ചില്ലെങ്കിൽ ഒന്നും പ്രവർത്തിക്കുകയില്ല. കുടിവെള്ളവും മലിനജലവും പരസ്പരം ബന്ധിപ്പിച്ചാലോ, കൈകൾ നിയന്ത്രിക്കുന്ന ന്യൂറോണുകൾ കാലിലേക്കൊ കണ്ണിലേക്കോ ബന്ധിപ്പിച്ചാലോ? നിങ്ങളുടെ തലച്ചോർ ഇംഗ്ലീഷ് സംസാരിക്കുമ്പോൾ ശരീരം ഫ്രഞ്ച് സംസാരിക്കും. നടക്കാൻ ആഗ്രഹിക്കുമ്പോൾ ചിരിക്കും....

താങ്കൾ പറയാറില്ലെ ജമീലക്ക് തന്നോട് വലിയ സ്നേഹമാണെന്ന്. അതൊക്കെ തെറ്റും. ഹൃദയമല്ല, തലച്ചോറാണ് സ്നേഹവും നിയന്ത്രിക്കുന്നത്. ഓപ്പറേഷൻ ചെയ്താൽ ഒരു പക്ഷെ ജമീല ഹസ്സനെ തിരിച്ചറിഞ്ഞില്ലെന്നും വരാം. ഏറ്റവും പ്രയാസമുള്ള കാര്യം എല്ലാകൊണ്ടും ചേരുന്ന ഒരാളുടെ തല ജീവനോടെ അടുത്ത ഓപ്പറേഷൻ ടേബിളിൽ കിട്ടണമെന്നതാണ്.

.....ഷിക്കാഗോയിൽ ഒരു കേസ് ഈയിടെ ഏതാണ്ട് വിജയത്തിലെത്തി എന്ന് വായിച്ചു. പൂർണ്ണമായും ശരിയായില്ല എന്നാണ് അറിഞ്ഞത്. അവിടുത്തെ അത്രേം നല്ല ഡോക്ടർമാർ ഇവിടെ ഇല്ലല്ലോ. ആശുപത്രിയിൽ സൗകര്യങ്ങളും കുറവ്.' അന്തിച്ച് നിന്നപ്പോൾ ഡോക്ടർ സമാധാനിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഹസ്സന്റെ മുഖത്ത് നിരാശയാണ് വളർന്നത്.

'... ഒരു ചാൻസ് എടുത്താൽത്തന്നെ പരിമിതികളുണ്ട്. വലിയ ചിലവ് വരുന്ന ഓപ്പറേഷൻ അതിർത്തി ഗ്രാമത്തിന്റെ അഡ്രസ്സ് ആയതുകൊണ്ട് സാമ്പത്തിക കാര്യങ്ങൾക്ക് സർക്കാരിന്റെ സഹായം കിട്ടിയേക്കും.... രണ്ട് കാര്യങ്ങളാണ് പ്രധാനം. ന്യൂറൽ നെറ്റ് വർക്കുകളും സംയോജിത കണക്ഷനുകളുമുള്ള ഒരു നാനൈറ്റ് കമ്പ്യൂട്ടറിന്റെ സഹായം ഓപ്പറേഷന് വേണ്ടിവരും. വ്യത്യസ്ത ന്യൂറോൺ ആക് സോണുകൾ തിരിച്ചറിയാനും മാപ്പ് ചെയ്യാനും കണ്ടെത്തലുകൾ കേന്ദ്ര പ്രോസസ്സിംഗ് യൂണിറ്റിലേക്ക് അയയ്ക്കാനും പറ്റുന്ന കമ്പ്യൂട്ടർ പുറത്തുനിന്ന് ഒരു എക്സ്പെർട്ടിനേയും.

കേന്ദ്ര മന്ത്രിമാരുടെയോ, വിദേശസെക്രട്ടറിമാരുടെയോ ഇടപെടൽ, എക്സ്പെർട്ടിന്റെ അവയിലബിലിറ്റി, എല്ലാരീതിയുലും മാച്ച് ചെയ്യുന്ന ജീവനുള്ള തലച്ചോറിന്റെ ലഭ്യത.... ഇതൊന്നും സാദ്ധ്യമാകാത്തതുകൊണ്ട് ജമീല മരിച്ചുകൊണ്ടിരുന്നു.

'എനിക്ക് ഇങ്ങനെ ജീവിക്കേണ്ട.' അവർ പിറുപിറുത്തു നടന്നു, എല്ലാവരോടും പിണങ്ങി നടന്നു. 'ഞാൻ പട്ടീനേപ്പോലെ നാലു കാലിൽ നടന്നാലും ഇഴഞ്ഞാലും ഭ്രാന്ത് പിടിച്ചാലും ആരും നിങ്ങളെ കുറ്റം പറയൂല്ല' ജമീല പറഞ്ഞു. 'ഡോക്ടറ് അമേരിക്കേലൊക്കെ പോയി പഠിച്ചതല്ലെ. റിമോരിയിലും പൂഞ്ചിലും ഓരോ ദെവസോം എത്ര എണ്ണാ മയ്യത്താവണേ.... നിങ്ങള് ഏച്ചുകെട്ടി നോക്ക് ഡോക്ടറേ. ചാവണത് ഞാനല്ലെ.'

താൻ പറഞ്ഞ കാര്യങ്ങളോർത്ത് ജമീലക്ക് ചിരിവന്നു. അടുക്കളയിൽ ഫ്രിഡ്ജ്, സ്റ്റൗ, പാത്രങ്ങളിരിക്കുന്ന ഷെൽഫ് എല്ലാം

നോക്കിക്കാണുകയായിരുന്ന ജമീല അപ്പോൾ. വാഷ്ബേസിനിൽ മുഖം കഴുകി, തലേദിവസത്തെ പാത്രങ്ങൾ പെറുക്കികൂട്ടുന്നതിനിടയിലാണ് ഒരു കട്ടൻചായ കുടിച്ചാലോ എന്ന് പതിവില്ലാത്തവിധം അവർക്ക് തോന്നിയത്. അതിനെ ശരിവക്കുംവിധം ഹൃദയം മിടിച്ചു. ചുണ്ടുകൾക്കും നാവിനും ദാഹിച്ചു.

അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തി ചായ കുടിക്കുമ്പോഴാണ് അടുക്കളയ്ക്ക് വേണ്ടത്ര വിസ്താരമില്ല എന്ന തോന്നൽ വന്നത്. കട്ടൻ ചായ വാഷ് ബേസിനരികെ വച്ച്ക കൈ അങ്ങോട്ടും ഇങ്ങോട്ടും വിടർത്തി ചുവടുകൾ വച്ച് അത് സ്ഥിരീകരിച്ചു. വായു ശക്തമായി അകത്തേക്ക് വലിച്ച് ആശുപത്രിയിൽ ശ്വാസകോശത്തിന് കുഴപ്പമൊന്നും സംഭവിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തിയെങ്കിലും കലത്തിൽ വെള്ളവുമായി അടുക്കളയിൽ നിന്ന് പുറത്തെ വിശാലതയിലേക്കിറങ്ങിയപ്പോഴാണ് ആശ്വാസമായത്. രാവിലത്തെ ഈ ജോലിത്തിരക്ക് ഇല്ലായിരുന്നെങ്കിൽ രണ്ടു കിലോമീറ്റർ നടക്കാൻ കഴിയുമായിരുന്നേനെ എന്ന് പരിതപിച്ചു. മുറ്റത്തുകൂടി കൈവീശി രണ്ടു ചാൽ നടന്നതിനുശേഷമാണ് അടുപ്പിൽ തീ കൂട്ടിയത്. ചുള്ളിക്കമ്പുകൾക്ക് തീപിടിച്ച അടുപ്പിൽനിന്നും വെളുത്ത പുക ചുരുൾചുരുളായി പൊങ്ങിയത് കൗതുകത്തോടെ ജമീല നോക്കിയിരുന്നു. തലച്ചോറിൽനിന്ന് കുണ്ഡലിനി വഴി മിന്നൽപിണർപോലെ എന്തോ ഒന്ന് ശ്വാസകോശത്തിലേക്ക് പാഞ്ഞു.

തലച്ചോറിലെ ന്യൂറോണുകൾ ഓർമ്മകൾ ചികഞ്ഞെടുത്തപ്പോൾ കണ്ണും വായുമടച്ച് മുന്നോട്ടാഞ്ഞ് ഉയരുന്ന പുകയിൽ മുഖമൊളിപ്പിച്ച് ഇരിക്കുകയായിരുന്ന ജമീല. ശ്വാസകോശത്തിലേക്ക് തള്ളിക്കയറിയ പുകയെ അവിടെ അടച്ചിട്ടു ശ്വാസം പിടിച്ചു. പെട്ടെന്നാണ് അടിവയറ്റിൽ ഒരിളക്കം പതിവില്ലാത്തവിധം വന്നതും കക്കൂസില പോകണമെന്ന് തോന്നിയതും. കൈയ്യെത്തിച്ച് കഴുകുമ്പോൾ ഒരു ശൂന്യത അവരെ ചൂഴ്ന്നു.

ചപ്പാത്തിക്ക് കുഴയ്ക്കുമ്പോൾ ഗോതമ്പുണ്ട വലതുകൈയ്യിലെടുത്ത് രണ്ടു പ്രാവശ്യം ഉയർത്തി താഴ്ത്തി തല വലതു ചുമലിലേക്കും മേൽക്കൈയ്യിലേക്കും തിരിച്ചു. തലച്ചോറിനകത്ത് വേദനയോ, വിമ്മിഷ്ടമോ സംഭവിക്കുന്നുണ്ടോ.? ഓർത്തുനോക്കി. ഉണ്ട ഇടതുകൈയ്യിലേക്ക് മാറ്റി ഇളക്കിനോക്കി. രണ്ടു കൈയ്യും ഉപയോഗിച്ച് ചെറിയ ഉരുളകളാക്കി മാറ്റി വയ്ക്കുമ്പോൾ ചൊറിഞ്ഞ ഇടതുകൈ വെള്ള വലതുകൈയ്യിലെ പെരുവിരൽ കൊണ്ട് അമർത്തി ഞരടി മറ്റു വിലുകൊണ്ട് താളിച്ച് തട്ടിക്കുടഞ്ഞ മാവിന്റെ ഒരു തരി വലതുകൈ വെള്ളകൊണ്ട് കീഴ് ചുണ്ടിനകത്താക്കി ഉപ്പു നോക്കി. ഇടതുകൈ നൈറ്റിയിൽ തുടച്ച് തൃപ്തിയായി. എന്തോ അസ്വസ്ഥത അവരെ ചൂഴ് ന്നു നിന്നു. ശരീരത്തിൽ അലോപ്പതി മരുന്നുകളുടെ അംശം ശേഷിക്കുന്നതുകൊണ്ടായിരിക്കും എന്നു സമാധാനിച്ചു. ഒരു ചായകൂടി കുടിക്കണം എന്ന ചിന്ത കലശലായത് പെട്ടെന്നാണ്.

മുറ്റത്തിറങ്ങി കൈകൾ വശങ്ങളിലേക്ക് വിരിച്ച്, ഒന്നു ഞെളിഞ്ഞ് ശ്വാസം വലിച്ചുവിട്ട് വീണ്ടും രണ്ടു ചാൽ നടന്ന്, വെള്ളം തിളച്ചപ്പോഴേക്കും അവർ അടുക്കളയിൽ തിരിച്ചെത്തി. ഒരു മൂളിപ്പാട്ടുമായി പരത്തിയ മാവ് തവയിലേക്കിട്ടു. ഒഴിഞ്ഞ പലകയിൽ ഉരുളൻ തടിയുടെ രണ്ടുവശവും ബലം കൊടുത്ത് ഭാരം കൈകളിലാക്കി നോക്കി. ഇല്ല കുഴപ്പമില്ല.

തോരനുള്ളത് അരിഞ്ഞു. സ്ലാബിൽ നിന്ന് താഴെ വീണ പച്ചമുളക് കുനിഞ്ഞെടുക്കുമ്പോൾ വെറുതെ ഒന്നുകൂടി കുനിഞ്ഞ് നിവർന്ന് നോക്കണമെന്ന് തോന്നി. കൈകൾ മുകളിലേക്ക് വിരിച്ചുപിടിച്ച് ശ്വാസകോശം ഒഴിച്ച് കാൽമുട്ടുകൾ വളയാതെ കൈപ്പത്തികൾ നിലത്ത് പതിപ്പിച്ച് മൂരിനിവർന്ന് ശ്വാസകോശം നിറച്ചു. വിയർത്തപ്പോൾ ജമീലക്ക് ആശ്വാസമാണ് തോന്നിയത്.

ഭർത്താവും മകനും പോയിക്കഴിഞ്ഞപ്പോൾ കുളിച്ച് ഡ്രസ്സ് മാറി പുറത്തേക്കിറങ്ങണമെന്ന് തോന്നി. എന്തെല്ലാം ജോലികളാണ് ബാക്കി കിടക്കുന്നത്. മുറിയും ഇറയവും തൂക്കണം, തുടയ്ക്കണം, തുണി കഴുകണം...

മകൻ കോളേജിൽ നിന്ന് തിരിച്ചെത്തിയത് അവർ അറിഞ്ഞില്ല. മിറർ ഗെയ്സിംഗിലായിരുന്നു അവർ. മകന്റെ ഷർട്ട് ധരിച്ച് കണ്ണാടിയിൽ തിരിഞ്ഞും മറിഞ്ഞും നോക്കുകയായിരുന്നു.

കീഴറ്റം വരെയുള്ള കൈകൾ ഒന്നര ഇഞ്ച് വീതിയിൽ മുട്ടിനു മുകളറ്റം വരെ ഭംഗിയായി മടക്കിവച്ചിരുന്നു. തന്റെ ഉള്ളിൽ എപ്പോഴും വെരുകുന്ന ആരോഗ്യമുള്ള പുരുഷരൂപത്തെ അറിയാൻ കണ്ണാടി ആവശ്യമില്ലായിരുന്നു അവൾക്ക്. കഴിഞ്ഞ ദിവസം കുളിമുറിയിൽ കയറിയ മകൻ പാമ്പിനെക്കണ്ട് പേടിച്ചതും മരിവിച്ചുനിന്ന മകനേയും ഭർത്താവിയേും മറികടന്ന് അതിനെ കൊന്നതും ഓർമ്മ വന്നു. പാറ്റയേപ്പോലും പേടിയായിരുന്ന സാധുവായ തന്നെ പാമ്പിനെപ്പോലും നേരിടാൻ ചങ്കുറ്റമുള്ളവളാക്കിയ മനുഷ്യനെ അതിശയത്തോടെ കണ്ടു. ഒരു പട്ടാളക്കാരന്റെ ചടുതലയോടെ തന്റെ ചലനങ്ങളെ നിയന്ത്രിക്കുന്ന, പുകയില തിന്നാൻ പ്രേരിപ്പിക്കുന്ന, രാത്രിയിൽ പുറത്ത് കറങ്ങിനടക്കാൻ തോന്നിപ്പിച്ച് മക്കാറാക്കുന്ന അയാൾ നൊമ്പരമായാണോ ആശ്വാസമായാണോ തന്നിൽ നിറയുന്നതെന്ന് അവൾക്ക് സംശയമായി.

'എന്താ എന്റെ ഷർട്ട് ഇട്ടു നിൽക്കുന്നെ?' ഷമീർ ചോദിച്ചു.

കണ്ണാടിയിൽ നോക്കു നിന്ന ജമീല പെട്ടെന്ന് തിരിഞ്ഞ് മകനെ നോക്കി.. 'കഴുകാൻ എടുത്തതാണ്.' ജാള്യത മറച്ച് അവർ പെട്ടെന്ന് അഴിച്ചെടുത്തു.

'എന്താ ഉമ്മിച്ചി പട്ടാളക്കാരാ കൊഴപ്പമൊന്നുമില്ലല്ലോ.' അവൻ ചോദിച്ചു. തല ചെരിക്കാതെ, കണ്ണുകൾ അല്പംപോലും വെട്ടാതെ പതിവില്ലാത്തവിധം ഉമ്മ അവനെ നോക്കി ചിരിച്ചപ്പോൾ വല്ലായ്മ തോന്നിയെങ്കിലും കൈകൾ കെട്ടിപ്പിടിച്ച്, ഒന്ന് തോണ്ടിച്ചിരിച്ച് ഷമീർ പുറത്തേക്ക് പോയി.

മുതിർന്ന ആൺകുട്ടികൾ ഉമ്മയെ എന്തിനാണ് കെട്ടിപ്പിടിക്കുന്നത്. മകനുമായുള്ള ഇടപഴകലിൽ തനിക്ക് പഴയ സന്തോഷം കിട്ടുന്നില്ലെന്ന് ജമീലക്ക് തോന്നി.

കാര്യങ്ങൾ ഓർത്തെടുക്കാനും ഭാവനയിൽ കാണാനും ജമീലക്ക് കഴിയുന്നുണ്ടായിരുന്നു. യുക്തിയും ഭാവനയും തലച്ചോറിന്റെ ഇരുഭാഗങ്ങളിലുമായാണ് വച്ചിരിക്കുന്നത് എന്ന് ഷമീർ പറഞ്ഞതും ഓർമ്മ വന്നു.

'നമ്മുടെ പ്രാർത്ഥനകളും നമ്മക്കറിയാവുന്ന കാര്യങ്ങളും തലച്ചോറിൽ അടുക്കിവച്ചിരിക്കും. ആവശ്യമുള്ളത് പെട്ടെന്ന് എടുക്കാൻ പാകത്തിന്. ജനിക്കുമ്പോൾ മുതൽ മരിക്കുമ്പോൾ വരെയുള്ള ശീലങ്ങൾ അതിൽ പതിഞ്ഞിട്ടുണ്ടാവും. ചൊട്ടയിലെ ശീലം ചുടലവരെ എന്നു കേട്ടിട്ടില്ലേ? ആരോഗ്യമുള്ള ശരീരത്തിനും തലച്ചോറിനും വേണ്ടി തുടർച്ചയായി ഉരുവിട്ട് പ്രാർത്ഥിക്ക്.' ഷമീർ പറയും.

തലച്ചോറിലെ ഓരോ അണുവിലും അള്ളാഹുവിനെ നിറച്ച് ജമീല ലെസ്സി വിളമ്പി. കരയാതെ മിണ്ടാതെ കാത്തിരുന്നു. സൂയിസൈഡ് ബോംബറെപ്പോലെ ഇടക്ക് ചിരി അഭിനയിച്ചു.

പൂഞ്ചിൽ ഉഗ്രവാദികളുടെ നുഴഞ്ഞുകയറ്റം ശക്തമായപ്പോഴായിരുന്നു ജമീലക്ക് ഓപ്പറേഷൻ സാധ്യമാക്കിയ വീഴ്ച. അടിയന്തിര സാഹചര്യം

കണക്കിലെടുത്ത് പ്രതിരോധമന്ത്രിയും പരിവാരങ്ങളും ജമ്മുവിൽ തങ്ങുന്ന സമയം. യുദ്ധം മുറുകിയതും രോഗം മൂർച്ചിച്ച് ജമീല ബോധം കെട്ട് വീണതും ഒരേ ദിവസം. യുദ്ധകാലാടിസ്ഥാനത്തിൽ കാര്യങ്ങൾ നീങ്ങി. വിളിക്കായി സ്പെഷിലിസ്റ്റ് സ്പെയിനിൽ കാത്തിരിക്കുകയാണെന്ന് തോന്നി.അതിർത്തിയിൽ തുടരെതുടരെ ബോംബുകൾ വീണു. ജീവനുള്ള തല കിട്ടി. ചോരക്ക് ചോരയും കൈയ്യും കാലും ചേരുന്ന ന്യൂറോണുകളുള്ള ചെറിയാൻ വർഗ്ഗീസ് എന്ന മുപ്പത്തെട്ടുകാരൻ ഹിവിൽദാരിന്റെ തല; പേരിന് മാത്രം ജീവൻ വച്ച്. സുഷ്മനാ ശസ് ത്രക്രിയയിലും ന്യൂറോസർജറിയിലും തലയോട്ടിയുടെ അടിഭാഗത്തുള്ള ശസ്ത്രക്രിയയിലും അഗ്രഗണ്യനായ ഡോക്ടർ ഒലിവറുടെ മേൽനോട്ടത്തിലായിരുന്ന ഓപ്പറേഷൻ.

'ശസ് ത്രക്രിയ വിജയമായിരുന്നു. ഇതിനുമുൻപ് ചെയ്തതിനെ അപേക്ഷിച്ച് കൃത്യമായി ചെയ്യാനായി എന്നാണ് വിശ്വാസം.' ഓപ്പറേഷനുശേഷം നടത്തിയ മീഡിയകോൺഫറൻസിൽ എക്സ്പേർട്ട് പറഞ്ഞു. 'എനിക്ക് സംതൃപ്തി തോന്നുന്നു. ജമീല ശരിയായിക്കാണണം.

....ഓരോ മനുഷ്യന്റെയും തലച്ചോറിലെ ന്യൂറോണുകൾ തമ്മിൽ വ്യത്യാസം ഉണ്ട്. ജീവിതരീതി അനുസരിച്ച് തന്തുക്കൾക്ക് വലിപ്പച്ചെറുപ്പവും ഉണ്ടാവും. ടേബിളിൽ കിട്ടുന്ന രണ്ട് ബ്രെയിനുകളും പഠിക്കാനും ഒത്തുനോക്കി യോജിപ്പിക്കാനും കിട്ടുന്ന സമയത്തിന് പരിധിയുണ്ട്. ഈ കേസിൽ വലിയ വ്യത്യാസങ്ങൾ കണ്ടില്ല. ജമീലയുടെ ഭാഗ്യം.

സെറിബെല്ലത്തിൽ നിന്ന് ഹൈപ്പോതലാമസിലേക്ക് കണക് ട് ചെയ്യാൻ ഒരു പിങ്ക് കോഡ് അധികം ഉണ്ടായി. ഏകദേശം ഫങ്ഷൻ ഒത്തുവരുന്ന നിറമുള്ള തന്തുവിന്റെ കൂടെ യോജിപ്പിക്കുക എന്നത് മാത്രമായിരുന്നു പരിഹാരം. കുഴപ്പമുണ്ടാവില്ല. നമുക്ക് നോക്കാം.

ജമീലക്ക് എന്താണ് സംഭവിക്കുക എന്നറിയാതെ മീഡിയാക്കാർ അന്തിച്ചു നിന്നു.

...കമ്പ്യൂട്ടറിൽ പിങ്ക് നിറം കൊടുത്തിരിക്കുന്നത് പ്രണയം രതി തുടങ്ങിയ വികാരതന്തുക്കൾക്കാണ്. ജമീല നാല്പത് കഴിഞ്ഞതല്ലെ. പ്രശ്നം വരില്ല. ആകാംഷക്ക് മറുപടിയെന്നോണം ഡോക്ടർ വിശദീകരിച്ചു.

എല്ലാവരുടെയും പ്രാർത്ഥനപോലെ ജമീല കണ്ണുതുറന്നു. ഭാഗികമായെങ്കിലും ലോകത്ത് ആദ്യമായി തലച്ചോർ മാറ്റിവയ്ക്കൽ ശസ് ത്രക്രിയ വിജയിപ്പിക്കാനായതിൽ ഇന്ത്യ അഭിമാനിച്ചു.

സായം സന്ധ്യയിൽ തലച്ചോറിൽ ഒരു പെരുപ്പുപോലെ ജമീലക്ക് തോന്നി. അടുക്കളയിൽ ശരിക്കൊന്ന് ഇരിക്കാൻ സ്ഥലമില്ലെന്ന് മനസ്സിലായത് ചാരിയരിക്കണം എന്ന ചിന്ത കലശലായപ്പോഴാണ്. ചുണ്ടുകൾ എന്തിനോ വേണ്ടി ദാഹിച്ചു. ഇറയത്തുകിടന്ന ചാരുകസാല അടുക്കളയിലേക്ക് വലിച്ചിട്ടു. വാഷ്ബേസിനടുത്തു വച്ചിരുന്ന കട്ടൻചായ അൽപ്പം കൂടി വെള്ളം ചേർത്ത് നിറം കുറച്ച് ഉയർത്തി വെട്ടത്തിനുനേരെ പിടിച്ച് തൃപ്തയായി. വലുകാൽ ഇടതുകാലിൽ മടക്കിവച്ചിളക്കി ഊതി സിപ്പ് ചെയ്യുമ്പോൾ എന്തെങ്കിലും കൊറിക്കാൻ കിട്ടിയിരുന്നെങ്കിൽ എന്ന് തോന്നി.

മൊബൈൽ കടയിൽ ജോലി ചെയ്യുന്ന സുന്ദരിയായ പെൺകുട്ടിയുടെ തുടിക്കുന്ന മാറിടം മനോമുകുരത്തിൽ തെളിഞ്ഞു. എന്തൊരു ആകാരഭംഗിയാണ് ആ മുലകൾക്ക് എന്ന് ഒരുഭാഗം വിചാരിക്കുകയും കൈകൾക്ക് തരിപ്പ് അനുഭവപ്പെടുകയും ചെയ്തപ്പോൾ 'ശ്ശൊ' എന്ന വികാരമാണ് മറുഭാഗം മുഖത്ത് തേച്ചത്. എന്നാലും മദ്രാസ്സി ആള് മോശമായിരുന്നല്ലോ എന്ന് ജമീല പിറുപിറുത്തുപോയി. തന്റെ മനസ്സ് തെറ്റിക്കുന്ന അയാളോട് അവൾക്ക് വെറുപ്പ് തോന്നി.

'പരമകാരുണ്യകനും കരുണാനിധിയുമായ അല്ലാഹുവേ ഞങ്ങളെ ശരിയായ മാർഗത്തിൽ നയിക്കേണമെ. ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമെ. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു.

'ബിസ്മില്ലാഹി റഹ്മാനിറഹീം അൽഹംദുല്ലില്ലാഹി റബ്ബിൽ ആലമീൻ. അറഹ്മമാനിറഹീം. മാലികി യൗമിദ്ദീൻ. ഇയ്യാകനഹ്ബുദു വഹിയ്യാകനസ്തഹീൻ. ഇഹ് ദീന സീറാത്തുൽ മുസ്താഖീം. സിറാത്ത്വല്ലസീന അൻ ഹംത അലൈഹീം. ഒയിരിൽ മഗ് ലൂബിഅലൈഹിം വല്ലല്ലാലീൻ. ആമീൻ.

ശരീരം ശുദ്ധിയാക്കി സന്ധ്യക്ക് മഗ്–രബ് നിസ്കരിച്ചു. നിന്നുകൊണ്ട് പ്രാർത്ഥിച്ച് തുടങ്ങിയ താൻ മുട്ടുകുത്തിയാണ് നിൽക്കുന്നത് എന്നും കൈകൾ തൊഴുത് പിടിച്ചിരിക്കുകയാണ് എന്നും മനസ്സിലായത് നിസ്കരിക്കുന്നതിനിടക്കാണ്. ഹദീസുപ്രകാരം തോളുകൾക്കും ചെവികൾക്കുമിടയിൽ ഉണ്ടായിരുന്ന കൈകൾ തൊഴുതുപിടിക്കുമ്പോൾ സ്ഥാനത്തിന് വലിയ വ്യത്യാസമൊന്നും വരുന്നില്ലെന്നും ജമീല കണ്ടു. അള്ളാവിന്റെ സന്നിധിയിലും തന്റെ ഏകാഗ്രത നഷ്ടപ്പെടുന്നത് വലിയ പാപമായി തോന്നി ജമീലക്ക്. എഴുന്നേറ്റ് നിന്ന് കൈകൾ പിന്നോട്ട് മലർത്തി പ്രാർത്ഥന തുടർന്നു..

'ദയാനിധിയായ അള്ളാഹുവേ സത്യനിഷേധികളുടേയും കപടൻമാരുടെയും കൈകളെ എന്നിൽനിന്നും നീ തടയേണമെ. ഇഹലോകത്തും പരലോകത്തും ഞങ്ങൾക്ക് നന്മ നൽകുകയും നരകശിക്ഷയിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമെ.'

അകന്ന ബന്ധത്തിൽപ്പെട്ട സൂഫി കാണാൻ വന്നപ്പോൾ പലഞ്ഞതാണ് ഓർമ്മയിൽ തെളിഞ്ഞത്. അപരിചിതനായ ആൾ പ്രാർത്ഥനയിൽ തന്നെ നിരന്തരം ശല്യപ്പെടുത്തുന്നതിനെക്കുറിച്ച് പറഞ്ഞപ്പോഴായിരിന്നു അത്.

'മകളെ ഇത് നിന്റെ ഭാഗ്യം എന്ന് കരുതുക. എന്ത് പേരിട്ടു വിളിച്ചാലും ദൈവം ഒന്നേയുള്ളു. അന്യമതങ്ങളെ ബഹുമാനിക്കാനല്ലെ റസൂൽ പറഞ്ഞിരിക്കുന്നത്. പല രൂപത്തിൽ ഭാവത്തിൽ അവനെ കാണാൻ കഴിയുകയെന്നത് ഭാഗ്യം തന്നെ.' തിളങ്ങുന്ന കണ്ണുകളോടെ മുഖത്ത് നോക്കി അദ്ദേഹം പറഞ്ഞു.

എന്താണ് മതം? മരണത്തിന് മതമില്ലല്ലോ. മതത്തിന്റെ ചട്ടക്കൂട്ടിൽ നിൽക്കുന്നതാണോ ദൈവം? ഇപ്പോൾ ജീവനോടെ ഇങ്ങനെ നിൽക്കാൻ സാധിക്കുന്നത് ഏത് ദൈവത്തിന്റെ കാരുണ്യമാണ്? തനിക്ക് കിട്ടിയത് ഒരു ഹിന്ദുവിന്റെ തല ആയിരുന്നെങ്കിലോ? ആദ്യമായി അവൾക്ക് പട്ടാളക്കാരനോട് സ്നേഹം തോന്നി. മുട്ടുകുത്തിനിന്ന് കൈകൾ കൂപ്പി നന്ദി പറയണം എന്ന് തോന്നി.

'വിശുദ്ധ കുരിശിന്റെ അടയാളത്താൽ ശത്രുക്കളിൽ നിന്നും ഞങ്ങളെ രക്ഷിക്കണേ ഞങ്ങളുടെ തമ്പുരാനെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമേൻ.' ചെറിയാൻ വർഗീസ് എന്ന അജ്ഞാതനെ ചേർത്ത് നിർത്തി കുരിശ് വരയ്ക്കുമ്പോൾ എത്ര അനായാസമായിരുന്നു ഭാഷ എന്നും നെറ്റിയിലും കീഴ്ത്താടിയിലും ഉദരത്തിലും കൈയിന്റെ തുടർചലനങ്ങളെന്നും അവൾ അത്ഭുതപ്പെട്ടു.

■

# എം.എസ്. ചന്ദ്രശേഖരൻ, അജി പി.ബി. എന്നിവരെ അനുസ്മരിച്ചു




സമാജ താൽപ്പര്യവും, മലയാള ഭാഷയും, സാഹിത്യവും എന്നും എപ്പോഴും ഉയർത്തിപ്പിടിച്ച സാമൂഹിക സാംസ്കാരിക മേഖലയിലെ തിളങ്ങുന്ന വ്യക്തിത്വത്തിന് ഉടമയായിരുന്നു ആദരണീയനായ എം.എസ്. ചന്ദ്രശേഖരൻ എന്ന് അനുസ്മരണ യോഗം അഭിപ്രായപ്പെട്ടു. സമാജം ജനറൽ സെക്രട്ടറി. പ്രസിഡന്റ്, സാഹിത്യവിഭാഗം ചെയർമാൻ എന്നിങ്ങനെ വിവിധ നിലകളിൽ അദ്ദേഹം നൽകിയ സംഭാവനകൾ അവിസ്മരണീയമാണെന്നും യോഗം വിലയിരുത്തി. സമാജം ഓണച്ചന്ത തുടങ്ങിയത് സന്മനസുള്ള ഏതാനും സമാജം പ്രവർത്തകരിൽ നിന്ന് കടമായി ഫണ്ട് സ്വരൂപ്പിച്ചായിരുന്നു. അന്ന് ഒരുമാസത്തെ ശമ്പളം, ശമ്പള കവറടക്കം എം.എസ്. സമാജത്തിന് നൽകിയ കാര്യവും യോഗ ശ്രദ്ധയിൽ വന്നു.

പ്രശസ്ത എഴുത്തുകാർ എം.എസ്.നെ അനുസ്മരിച്ച് എഴുതിയ കുറിപ്പുകൾ യോഗ ശ്രദ്ധയിൽ പെടുത്തി.

ബാംഗ്ലൂരിന്റെ സാഹിത്യ ലോകത്തെകുറിച്ചുള്ള ഏത് ഓർമ്മയും തുടങ്ങുന്നത് എം.എസ്. ചന്ദ്രശേഖരനിലാണെന്നും, അദ്ദേഹത്തിന്റെ ആത്മാർത്ഥതയും അർപ്പണബോധവും പ്രശംസനീയമാണെന്നും പ്രശസ്ത എഴുത്തുകാരൻ വൈശാഖൻ അനുസ്മരിച്ചു.

ബാംഗ്ലൂരിലെ മലയാളി സുഹൃത്തുക്കൾക്കിടയിലെ മുതിർന്ന സുഹൃത്തും സഹൃദയനുമായിരുന്നു എം.എസ്. സുഭാഷ് ചന്ദ്രന്റെ ''ജ്ഞാനസ്നാനം'' എന്ന നോവലെറ്റിന്റെ ചർച്ചാവേളയിലായിരുന്നു അദ്ദേഹത്തെ ഏറ്റവും ഒടുവിലായി കണ്ടത്. പ്രബുദ്ധനായ ആ അഭിവന്ദ്യസുഹൃത്തിന്റെ വിയോഗമുണർത്തുന്ന വേദനയോടൊപ്പം ഞാനും പങ്കു ചേരുന്നു എന്ന് പ്രമുഖ നിരൂപകനും എഴുത്തുകാരനുമായ സജയ് കെ.വി. അഭിപ്രായപ്പെട്ടു.

ബാംഗ്ലൂരിൽ വന്ന ആദ്യ സന്ദർഭത്തിൽ തന്നെ എം.എസ്. ചന്ദ്രശേഖരൻ സാറിനെ പരിചയപ്പെട്ടിരുന്നു. കേരളത്തിൽ നിന്നു വരുന്ന എഴുത്തുകാരേയും സവിശേഷമായി പരിഗണിക്കുന്ന ഒരു മുതിർന്ന വ്യക്തിത്വം എന്ന നിലയിലാണ് അദ്ദേഹം എന്നെപ്പോലുള്ളവരുടെ മനസ്സിൽ ഒന്നാമതായി സ്ഥാനം പിടിച്ചത്. അദ്ദേഹം ശാസ്ത്ര സാങ്കേതിക കേന്ദ്രീകൃത സ്ഥാപനത്തിലാണ് ദീർഘകാലം പ്രവർത്തിച്ചത് എന്ന് നമുക്ക് അറിയാം. ശാസ്ത്രത്തിന്റെ കൃത്യതയും മാനവികതയും അദ്ദേഹത്തിന്റെ കൂടെ എപ്പോഴുമുണ്ടായിരുന്നു. അതോടൊപ്പം കലാസാഹിത്യ കാര്യങ്ങളിലുള്ള സർഗ്ഗാത്മക ശ്രദ്ധയും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഒരു Saintly presence, അങ്ങനെ പറയാം, ഒരു മുതിർന്ന സ്ഥിതപ്രജ്ഞനായ ഒരാളുടെ സാന്നിദ്ധ്യം, അതാണ് എം.എസിൽ നിന്ന് എനിക്കൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞത്. അദ്ദേഹം എപ്പോഴും പ്രസന്നവദനനായിരുന്നു. ഉത്സാഹിയായിരുന്നു, വാർദ്ധക്യത്തെ ഒരു ശാപമായി കാണുന്ന ആളായിരുന്നില്ല. അത് സ്വാഭാവികമായിട്ടുള്ള ഒരു സന്ദർഭമായിട്ട് കാണുന്ന ശാസ്ത്രീയ മനോഭാവം അദ്ദേഹത്തിന് എപ്പോഴും ഉണ്ടായിരുന്നു. ശ്രദ്ധാലുവായിരുന്നു. വാർദ്ധക്യത്തിൽ എത്തിയ പലർക്കും, പുതിയ കാര്യങ്ങൾ ഒന്നുമില്ല, പുതിയ ആളുകൾക്ക് പറയാനൊന്നുമില്ല.. എല്ലാ കാര്യങ്ങളും ഞങ്ങളുടെ തലമുറ പറഞ്ഞു കഴിഞ്ഞിരിക്കുന്നു എന്ന് വിചാരം ഉണ്ടാവാറുണ്ട്. എം.എസ്. അങ്ങനെയുള്ള ആളല്ല. പുതിയ ആളുകളുടെ സന്ദർഭങ്ങളിൽ നിന്ന്, പ്രസംഗങ്ങളിൽ നിന്ന്, പല കാര്യങ്ങളും പുതുതായി മനസ്സിലാക്കാനുണ്ട് എന്ന തുറന്ന മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു പക്ഷെ അദ്ദേഹത്തെ ദീർഘകാലം ഉത്സാഹത്തോടെ ജീവിപ്പിച്ചത് ഈ ഒരു സമീപനം ആയിരിക്കും. ഇനി ഞങ്ങൾക്കൊന്നും അറിയാനില്ല എന്ന ബോധമുള്ളവർ ഒരർത്ഥത്തിൽ സാംസ്കാരികമായി മരിച്ചു പോയവരാണ്. പക്ഷെ മരിക്കുന്നതുവരെ എം.എസ്. സാംസ്കാരികമായി മരിക്കാതെ ഉണർന്നിരുന്നു. കാരണം പുതിയ കാര്യങ്ങൾ ഉൾക്കൊള്ളാനുള്ള പുതിയ തലമുറയിൽനിന്ന് കേൾക്കാനുള്ള സർഗ്ഗാത്മകമായ സന്നദ്ധത എം.എസ്.ന് എപ്പോഴും ഉണ്ടായിരുന്നു. ബാംഗളൂരിലെ സാംസ്കാരിക പ്രവർത്തകരോടൊപ്പം ഞാനും അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖിതനാണ്. അദ്ദേഹത്തിന്റെ ഓർമ്മ എപ്പോഴും നമ്മോടൊപ്പം ഉണ്ടാവും. ആ ഓർമ്മക്ക് കേരളത്തിൽ നിന്ന് ഞാനും അഭിവാദ്യം അർപ്പിക്കുന്നു എന്ന് പ്രശസ്ത എഴുത്തുകാരൻ ഇ.പി. രാജാഗോപാലൻ പറഞ്ഞു.

എനിക്ക് ഏറെ സ്നേഹവും ബഹുമാനവും തോന്നിയ വ്യക്തിയാണ് എം.എസ്. അദ്ദേഹത്തിന്റെ വേർപാടിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു എന്ന് പ്രമുഖ എഴുത്തുകാരനായ അശോകൻ ചരുവിൽ പറഞ്ഞു. വിദ്യാർത്ഥി ജീവിത കാലത്തു തന്നെ സമാജം പ്രവർത്തനങ്ങളിലെ സജീവ സാന്നിദ്ധ്യമായിരുന്ന അജി പി.ബി, അഭിനേതാവ്, ഗായകൻ എന്നീ നിലകളിൽ ബാംഗ്ലൂരിലെ സഹൃദയ ലോകത്തിന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ച വ്യക്തിയായിരുന്നെന്ന് യോഗം വിലയിരുത്തി. യുവജന വിഭാഗം പ്രവർത്തകരിൽ സഹോദര നിർവ്വി

ശേഷമായ സ്ഥാനം നേടിയ അജി അവരുടെ പ്രിയ മാർഗ്ഗദർശി കൂടിയായിരുന്നു. ജീവിത മാർഗ്ഗത്തിന്റെ ഭാഗമായ ചുമതലകൾപോലും സമാജ താൽപ്പര്യം മുൻനിർത്തി മാറ്റിവെച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം ഓരോ സമാജം പ്രവർത്തകർക്കും എക്കാലത്തും മാതൃകയായിരിക്കും. സാമൂഹിക പ്രതിബദ്ധത ജീവിത ദൗത്യമാക്കിയ അജിയുടെ സ്നേഹവും സൗഹാർദ്ധവും നിറഞ്ഞ സമീപനം സഹപ്രവർത്തകരുടെ ഹൃദയത്തിൽ ശാശ്വത പ്രകാശമായി ജ്വലിക്കുമെന്നും യോഗം വിലയിരുത്തി.

എം.എസ്.ന്റെയും അജിയുടെയും വേർപാടിൽ രണ്ടു നിമിഷം മൗനം ആചരിച്ച് യോഗം ആദരാഞ്ജലികൾ അർപ്പിക്കുകയുണ്ടായി.

സമാജം പ്രസിഡന്റ് മുരളീധരൻ നായർ, വൈസ് പ്രസിഡന്റ് എം.പി. വിജയൻ, എഡുക്കേഷണൽ സെക്രട്ടറി ചന്ദ്രശേഖരക്കുറുപ്പ്, ജോയന്റ് സെക്രട്ടറി ബീനോ ശിവദാസ്, സാഹിത്യ വിഭാഗം കൺവീനർ സി. കുഞ്ഞപ്പൻ, മുൻ പ്രസിഡന്റ് എസ്.കെ. നായർ, കാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ എ. ഗോപിനാഥ്, സമാജത്തിന്റെ മുൻ ഭാരവാഹികളും പ്രവർത്തകരുമായ വി.കെ. സുരേന്ദ്രൻ, ബാലകൃഷ്ണൻ നമ്പൂതിരി, ബാലകൃഷ്ണൻ നമ്പ്യാർ, ചന്ദ്രശേഖരൻ നായർ, ജി. രാധാകൃഷ്ണൻ നായർ, വി.കെ. ത്യാഗരാജൻ, ടി.ഐ. സുബ്രൻ, രാധാകൃഷ്ണ പിള്ള, കെ.പി. രാമചന്ദ്രൻ, സജി പി.ബി., വനിതാ വിഭാഗം കൺവീനർ സരസമ്മ സദാനന്ദൻ, ഡോ. രാജൻ, അജിയുടെ സുഹൃത്ത് നാഗരാജ്, ജനറൽ സെക്രട്ടറി ഡെന്നീസ് പോൾ എന്നിവർ, വിട പറഞ്ഞവരെ അനുസ്മരിച്ച് സംസാരിച്ചു.

■

കവിത

# പൊന്നിൻ ചിങ്ങം

പൂവും പൊന്നോണ പുലരിയിൽ
പൂക്കളായ് ഒരുങ്ങവേ..
നീയും പൂന്തേൻ തുമ്പി
മുക്കുറ്റി പൂമേലെ മൂളവേ..
മുത്തശ്ശി കഥചൊല്ലും തറവാടിൻ മുറ്റത്ത്
കളി കൊഞ്ചും പൈതലായ് മനം
തൊടിയിലെ തെച്ചിയും മന്ദാരവും
ചേമ്പില കുമ്പിളിൽ നിറമേകവേ
കൽപടവുകളിൽ നനവിൽ പച്ചപ്പിൽ
കോടിയുടുത്തൊരാ കാഞ്ചനകാൽകൊഞ്ചൽ
തെയ്യം തുള്ളും നാടൻ വയൽ വരമ്പും
അകലെയൊരാ പാണന്റെ തുടിക്കൊട്ടും
മത്തനും കുമ്പളവും ചേനയും പാവലും
കൈചേരുന്നൊരാ ഉത്രാടപ്പാച്ചിലും
ചാന്തിട്ട് അണിഞ്ഞൊരാ ഓണത്തപ്പനും
തുമ്പക്കുടവും പൂവടയും
ഇലയിട്ട് പുന്നെല്ലിൻ തുമ്പപ്പൂചോറും
കാളനും ഓലനും അവിയലും തോരനും
നിറഞ്ഞൊരാ രുചിയേകും തൊടുകറികളും
ഓർമതൻ മധുര പാലട പ്രഥമനും
ഒന്നായ് ഇരുന്നുണ്ണും സുദിനം
മാവേലി മന്നന്റെ വരവിൽ സ്മൃതിദിനം
തിത്തന്നം തെയ്യന്നം മേളത്തിൽ
വർണ്ണ വരപുലികളും കുമ്മാട്ടിയും
വഞ്ചിപ്പാട്ടിൻ താളം തുഴഞ്ഞൊരു ചുണ്ടനും
ഊണത്തിൽ ചുവടുമായ് തിരുവാതിരയും
ആടിത്തിമിർത്തൊരാ പൂനൂലിൽ ഊഞ്ഞാലും
ആർപ്പോം കുരവയുമായ് തുമ്പിതുള്ളലും
നീയോ ഞാനോ ഞങ്ങളോ നിങ്ങളോ
മേനി വരിഞ്ഞൊരാ വടം വലിയും
അകലങ്ങൾ അടുത്തൊരാ ദിനങ്ങൾ
എല്ലാരും ഒന്നായൊരാ നേരം
മലയാള തനിമതൻ പെന്നോണം
മാവേലി നാടിൻ തിരുവോണം!!

**ഷീബ മനോജ്**

കവിത

# തീരം തേടുന്ന തിര

തീരം പുൽകി തിര
ആദ്യ സമാഗമം പോലെ
തീരം പുളകിതയായി
താരുണ്യവതിയെപോലെ

ക്ഷണനേരം കൊണ്ട് തിര മടങ്ങി
തീരാദുഃഖത്തിലായി തീരം
നക്ഷത്രം പൂത്ത നീലാകാശത്തെ
നിരാശയോടെ നോക്കി

കടൽ ഉൾ വലിഞ്ഞു
കരയെ തുടരെ ചുംബിച്ച
തിരയും ഉൾവലിഞ്ഞു
പ്രണയ വിരഹിണിയായ തീരം
വിരഹ വേദനയിൽ മൂകസാന്ദ്രമായി

നിശയുടെ യാമങ്ങളിൽ
നിശ്ചലമായ ആഴിയെ നോക്കി
നിശബ്ദമായി തേങ്ങി തീരം
നിർ വികാരവതിയായി

പുലരിയുടെ കിരണങ്ങൾ പരന്ന്
മണൽത്തരികൾ വെട്ടിത്തിളങ്ങി
ചെറു വള്ളങ്ങൾ പ്രയാണം തുടങ്ങി
മന്ദമാരുതൻ വീശി

അംബരം കാർമേഘഭരിതമായി
തീരത്ത് പ്രതീക്ഷയേറി
തന്നെ പുൽകാൻ തിര വരുമെന്ന്
വെറുതെ മോഹിച്ചു തീരം.

**കെ. സോമൻ**

# എഴുത്തുകാരോളം സർഗ്ഗാത്മകത ഉള്ളവരാണ് വായനക്കാർ – പി.എഫ്. മാത്യൂസ്



എഴുത്തുകാരോളം സർഗ്ഗാത്മകത ഉള്ളവരാണ് വായനക്കാരെന്നും അവരെക്കൊണ്ട് വായിപ്പിക്കേണ്ട ചുമതല എഴുത്തുകാർക്കില്ലെന്നും പി.എഫ്. മാത്യൂസ് പറഞ്ഞു. കേരള സമാജം ദൂരവാണിനഗർ, ഓണാഘോഷത്തോടനുബന്ധിച്ച നടത്തിയ സാഹിത്യ സംവാദത്തിൽ സാഹിത്യത്തിന്റെ സാംസ്കാരിക സ്വാധീനം എന്ന വിഷയത്തോടൊപ്പം എഴുത്തനുഭവങ്ങളും പങ്കുവെക്കുകയായിരുന്നു അദ്ദേഹം.

ഈയിടെ ഒരു ചർച്ചയിൽ കാലം മാറി അത് കൊണ്ട് എഴുത്തു വളരെ ലളിതമായിരിക്കണം, രസിപ്പിക്കുന്നതാവണം യുവാക്കളെ ആകർഷിക്കുന്നതാവണം എന്നും അഭിപ്രായമുണ്ടായി. വായനക്കാരെ രസിപ്പിക്കേണ്ട ബാധ്യത എഴുത്തുകാർക്കില്ല. ഒരു മിമിക്രി ആർട്ടിസ്റ്റിന്റെ റോളിൽ എഴുത്തുകാരെ കാണാൻ നല്ല വായനക്കാർ തയാറാവില്ല. ചെറുപ്പക്കാർക്ക് മുപ്പതു മുതൽ അറുപതു സെക്കന്റ് വരെ ദൈർഘ്യമുള്ള ഇൻസ്റ്റാഗ്രാം റീലുകളോടാണ് താൽപ്പര്യം. അവർക്ക് മുപ്പതു സെക്കന്റിൽ കൂടുതൽ ഒരു വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കാൻ കഴിയില്ല.

എഴുത്തുകാർ ഒരു ടെക്സ്റ്റോ കഥയോ പാഠമോ എഴുതുന്നു. സർഗ്ഗാത്മകതയുള്ള വായനക്കാർ അതിൽ നിന്ന് അസംഖ്യം പാഠങ്ങൾ വായിച്ചെടുക്കുന്നു. അതാണ് അതിന്റെ സൗന്ദര്യം. പങ്കുവെക്കലാണ് കല. എന്റർടെയിൻമെന്റ് എന്നതിന്ഇപ്പോൾപുതിയ അർത്ഥതലങ്ങളാണ്. എഴുത്തുകാർ അവരുടെ സൃഷ്ടികൾ പ്രൊമോട്ട് ചെയ്യണം എന്നാണ് ഇപ്പോൾ പ്രസാധകർ ആവശ്യപ്പെടുന്നത്. സാഹിത്യവും കലയും വിപണിവൽക്കരിക്കപ്പെട്ടിട്ട് കുറച്ചുകാലമായി. നല്ല നാടകങ്ങളെ കുറിച്ച് അരിസ്റ്റോട്ടിൽ പറഞ്ഞത് അതിന് വ്യതിരിക്തമായ കഥയും തിരിച്ചറിയാവുന്ന ആദി മദ്ധ്യാന്തങ്ങളും വേണം എന്നാണ്. ഒരു കാലത്ത് വൈക്കം മുഹമ്മദ് ബഷീർ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ നടന്നു വിറ്റിരുന്നു. ഗതികേട് കൊണ്ടാണെന്നാണ് ആദ്ദേഹം തന്നെ പറഞ്ഞത്. എന്നാൽ പരസ്യങ്ങളൊന്നും നല്കാതെ തന്നെ വായനക്കാർ അദ്ദേഹത്തിന്റെ കൃതികൾ സ്വീകരിച്ചത് ആ കൃതികളുടെ വൈശിഷ്ട്യം കൊണ്ടാണ്. ഇപ്പോൾ വിപണിയിൽ ധാരാളം പുസ്തകങ്ങൾ വിറ്റഴിക്കപ്പെടുന്നുണ്ട്. പക്ഷെ അതൊക്കെ ആരെങ്കിലും വായിക്കാറുണ്ടോ, ചർച്ച ചെയ്യപ്പെടുന്നുണ്ടോ, അതൊക്കെ സമൂഹത്തിൽ എന്ത് ചലനങ്ങൾ ഉണ്ടാക്കുന്നു എന്നൊന്നും ആരും ശ്രദ്ധിക്കാറില്ല. ഗൗരവത്തോടെ എഴുതുന്നവരുടെ പുസ്തകങ്ങൾ വിപണി സ്വീകരിക്കുന്നില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

കഥകൾ ധാരാളം ഉണ്ടാവുന്നുണ്ട്. പ്ലോട്ടുകളെ അധികരിച്ചാണ് കഥകൾ, ഇപ്പോഴെന്നല്ല പണ്ടും അങ്ങനെയാണ്. ഭാഷ ഒരിഞ്ച് മുന്നോട്ട് പോയിട്ടില്ല. വാസ്തവത്തിൽ വേണ്ടത് ഭാഷയുടെ ശിൽപഭംഗിയാണ്. പ്ലോട്ടല്ല വേണ്ടത് എന്നാണ് അഭിപ്രായം. പ്രശ്നമേഖലകൾ കൈകാര്യം ചെയ്യുന്ന കഥകൾ ധാരാളം ഉണ്ടാവുന്നുണ്ട്.

ഫാഷിസ്റ്റ് വിരുദ്ധ കഥ, ഫെമിനിസ്റ്റ് കഥ, ദളിത് കഥ എന്നിങ്ങനെയാണ് ഇപ്പോൾ കഥകൾ വരുന്നത്. അത് എഴുതാനും വിലയിരുത്താനും വിശകലനം ചെയ്യാനും എളുപ്പമാണ്. ഇത്തരം പ്രശ്നങ്ങളൊക്കെ കുമാരനാശാനെപ്പോലുള്ള വലിയ കവികൾ കൈകാര്യം ചെയ്യ്തത് എങ്ങനെയാണെന്ന് ഇവരൊന്നും വായിച്ചു നോക്കിയിട്ടില്ല. അവർക്ക് സമയമില്ല. ഇന്ന് ഈ സോഷ്യൽ മീഡിയകാലത്തും 2500 വർഷം മുമ്പ് അരിസ്റ്റോട്ടിൽ ഉണ്ടാക്കിയ "Poetics" സ്ട്രക്ച്ചർ പിന്തുടരുകയാണ് എഴുത്തുകാർ ചെയ്യുന്നത്. അത് സർഗ്ഗാത്മകമല്ലാതാകുന്നു വായനക്കർക്ക് താല്പര്യവും ഇല്ലാതാകുന്നു. ഈ പ്രാചീന രീതിയിൽ എഴുത്തുകാർ തല്ലിക്കൂട്ടുന്ന കാര്യം തങ്ങളെന്തിന് വായിക്കണം എന്നാണ് വായനക്കാരുടെ നിലപാട്. മഹാഭാരതം ഒരാളല്ല എഴുതിയതെന്നും പലതും പല കാലങ്ങളിൽ എഴുതി ചേർക്കപ്പെട്ടതാണെന്നും വായിക്കുമ്പോൾ മനസ്സിലാകും. പിൽക്കാലത്ത് എഴുതി ചേർത്തിട്ടുള്ള ഭാഗങ്ങൾക്ക് സൗന്ദര്യവും കാവ്യാത്മകതയും കൂടുതലാണെന്നതിന് നള ദമയന്തി കഥ ഉദാഹരണമാണ്. മഹാഭാരതം വായിക്കുമ്പോൾ എന്തു കൊണ്ടാണ് എങ്ങനെയാണ് ഒരു കൃതി പുതുക്കപ്പെടുന്നത് എന്ന് നമുക്ക് മനസ്സിലാകും.

1856–ൽ ഗുസ്താവ് ഫ്ലോബർട്ട "മഡാം ബോവറി" എഴുതി തീർന്നപ്പോൾ തന്റെ കാമുകി ലൂയിസ് കോളറ്റിന് ഒരു കത്തെഴുതി. താൻ പുതിയ ശൈലിയിൽ ഒരു നോവൽ എഴുതിയിരിക്കുകയാണെന്നും അത് സംഭവ ബഹുലത കൊണ്ടല്ല ഭാഷയുടെ സൗന്ദര്യം കൊണ്ടാണ് വായനക്കാരെ ആകർഷിക്കാൻ പോകുന്നതെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം. ഇന്നും എഴുത്തുകാർക്ക് അതൊരു ടെക്സ്റ്റ് ബുക്ക് ആണ്. പക്ഷെ എഴുത്തുകാർ ഇതൊന്നും വായിക്കാതെ പഴയ പ്ലോട്ട് രീതിയിൽ എഴുതിക്കൊണ്ടിരിക്കുകയാണ്. ജീവിതത്തിലെ അപൂർണ്ണതകൾ ഭാഷകൊണ്ട് നികത്താൻ ശ്രമിക്കുന്നതാണ് കവിത എന്ന ഭാരതീയ സങ്കൽപ്പം ഇതൊക്കെ തന്നെയാണ് പറയുന്നത്.

വൈക്കം മുഹമ്മദ് ബഷീറിനെ ഇന്ന് വായിക്കുമ്പോൾപോലും നമ്മൾ അന്തം വിട്ടു പോകും. ഭാഷ ഉഴുതു മറിച്ചുകൊണ്ട് അദ്ദേഹം എഴുതിയ കൃതികളിൽ ആടും പൂച്ചയും ഒക്കെ കഥാപാത്രങ്ങളായി. ശബ്ദങ്ങളെ കുറിച്ചും അദ്ദേഹം എഴുതി.

1794–ൽ A Journey Around My Room എന്ന ഫ്രഞ്ച് കഥ, നടക്കാൻ സ്ഥലമുള്ള ഒരു മുറിയിൽ 42 ദിവസം ശിക്ഷിക്കപ്പെട്ട ഒരു വ്യക്തിയുടേതാണ്. അത് ശ്രദ്ധേയമാവുകയും എഴുത്തുകാർക്ക് ഊർജ്ജവുമായി മാറി.

സമ്പ്രദായത്തെ റദ്ദാക്കിയത് കൊണ്ടാണ് വിജയന്റെ ഖസാക്കിന്റെ ഇതിഹാസം വിജയിച്ചത്. വിജയൻ പുതിയ ഭാഷ സൃഷ്ടിക്കുകയായിരുന്നു. ആ കൃതിയിലെ ലൈംഗിക ആരാജകത്വമേ വിമർശകർ കണ്ടുള്ളൂ. അവർക്ക് അതിന്റെ മർമ്മം അറിയാതെ പോയി.

അർജന്റീനിയൻ എഴുത്തുകാരൻ ബോർഹെസ് 55 വയസ്സിൽ അന്ധനായി. അദ്ദേഹത്തിന്റെ യാത്രയിൽ അദ്ദേഹത്തെ അനുഗമിച്ച വ്യക്തി

യോട് അയാൾ കണ്ടതൊക്കെ പറയാൻ പറഞ്ഞു. സഹയാത്രികന്റെ വിവരണത്തിൽ ബോർഹെസ് തൃപ്തനായില്ല. കാണുന്നതിന്റെ നിറവും മണവും ഒന്നും വിടാതെ പറയണം എന്നായിരുന്നു ബോർഹെസിന്റെ നിർദ്ദേശം. ആ നോവൽ വായിച്ചപ്പോൾ യാത്രയുടെ അനുഭവം നമ്മുടേതായി.

കടലിന്റെ മണം എന്ന നോവലിന്റെ ഉള്ളടക്കവും അത് രൂപപ്പെടാൻ ഇടയായ സാഹചര്യവും അദ്ദേഹം വിശദീകരിച്ചു. ഔദ്യോഗിക ജീവിത കാലത്ത് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിൽ താമസിച്ചിരുന്നു. അവിടെ അടുത്ത ഫ്ലാറ്റിൽ താമസിച്ച വ്യക്തി നല്ലവണ്ണം ചിരിക്കുന്ന ഒരു കലാകാരനായിരുന്നു. ഭാര്യയും ഒരു മകനുമുള്ള നല്ല കുടുംബം. ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന ആ പയ്യൻ അതേ ക്വാർട്ടേഴ്സുകളിൽ ഒന്നിൽ താമസിക്കുന്ന 45 വയസ്സുള്ള ഒരു സ്ത്രീയെ കുത്തിക്കൊന്ന സംഭവമാണ് കടലിന്റെ മണം എഴുതാൻ കാരണമായത്. അവന്റെ അച്ഛൻ അമ്മയെ ഭീകരമായി മർദ്ദിച്ചിരുന്നു. അതിന് കാരണം അച്ഛൻ ആ സ്ത്രീയുമായുള്ള അവിഹിത ബന്ധമാണെന്ന് ആ കുട്ടി മനസ്സിലാക്കിയിരുന്നു. അതാണ് അവനെ ആ കൊലപാതകത്തിന് പ്രേരിപ്പിച്ചത്. മലയാളിയെ ഗ്രസിച്ച, നമ്മുടെ ചോരയിലും മാംസത്തിലും കലർന്ന, ഹിപ്പൊക്രസിയെ ആവിഷ്കരിക്കാനാണ് കടലിന്റെ മണം എഴുതിയത്. സച്ചിദാനന്ദൻ എന്ന കഥാപാത്രം ലൈംഗിക കുറ്റത്തിൽ നിന്ന് രക്ഷനേടാൻ ചെയ്യാത്ത കൊലക്കുറ്റം ചെയ്തതായി സമ്മതിക്കുന്നു കടലിന്റെ മണത്തിൽ. ആശാൻ എന്ത് കൊണ്ട് വീണ്ടും വീണ്ടും വായിക്കപ്പെടുന്നു എന്ന് നമ്മൾ അറിയണം. ലോക സാഹിത്യത്തെ ആന്റണ് ചേക്കോവ് എന്ന എഴുത്തുകാരൻ മാറ്റി മറിച്ചത് എങ്ങനെയെന്നു നമ്മൾ പഠിക്കണം, മനസ്സിലാക്കണം.

മനുഷ്യർക്ക് ജീവിക്കാൻ കഥകൾ വേണം. ഹിറ്റ്ലറുടെ കോൺസെൻട്രേഷൻ ക്യാമ്പിൽ നരകയാതന അനുഭവിക്കുമ്പോൾ വിക്ടർ ഫ്രാങ്കിൽ എന്ന മനഃശാസ്ത്രജ്ഞൻ: 25 വർഷം കൊണ്ട് താൻ തയാറാക്കിയ തീസിസ് കത്തിച്ചു കളയുന്നു. ആ ക്യാമ്പിൽ അസ്ഥിപഞ്ചരം പോലൊരു സ്ത്രീയെ അയാൾ കണ്ടുമുട്ടുന്നു. അവരിൽ ജീവൻ തുടിക്കുന്നു എന്നത് പരിശോധിച്ച ഡോക്ടറെ പോലും അമ്പരപ്പിച്ചു. ജനലിൽ കൂടി കാണുന്ന പൂത്തു നില്ക്കുന്ന മരമാണ് അവരുടെ പ്രചോദനം എന്നാണ് അവർ ഡോക്ടർക്ക് നല്കിയ ഉത്തരം. എന്നാൽ ഡോക്ടർ നോക്കിയപ്പോൾ അവിടെ മരമോ പൂക്കളോ ഇല്ലായിരുന്നു. അവർക്ക് അതിജീവനം സാദ്ധ്യമായത് ജീവിതത്തെ ഭാവനാപൂർണ്ണമായ പ്രതീക്ഷയിൽ അർപ്പിച്ചത് കൊണ്ടാണ്.

രക്തസ്നാനം നടത്തിയ ഒരു പുണ്യാളന്റെ കഥ കുട്ടിക്കാലത്ത് അമ്മയും അമ്മൂമ്മയും പറയാറുണ്ട്. അമ്മ കഥ പെട്ടെന്ന് പറഞ്ഞു തീർക്കും. അമ്മൂമ്മ പറയുമ്പോൾ ഒരു മണിക്കൂർ ആകും. ഒരു Post Modern Novel–ന്റെ രീതി ആ കഥ പറച്ചിലിനുണ്ട്.

പാബ്ലോ പിക്കാസോ എന്ന വിശ്വ വിഖ്യാത കലാകാരൻ, ചിത്രങ്ങൾ ക്യൂബിസം മാതൃകയിൽ അവതരിപ്പിച്ചപ്പോൾ ആദ്യം പരിഹസിക്കപ്പെട്ടു. അമൂർത്തമായ കലാവിഷ്ക്കാരം പിന്നീട് നവീന മാതൃകയായി പരക്കെ അംഗീകരിക്കപ്പെട്ടു. ആഫ്രിക്കൻ ഗോത്ര സമൂഹത്തിൽ കലാരൂപങ്ങൾ അവതരിപ്പിക്കുന്നവരുടെ മുഖാവാരണ (Mask) രീതിയിൽ നിന്നാണ് താൻ Cubism–ത്തിൽ എത്തിയതെന്ന് അദ്ദേഹം പിന്നീട് പറഞ്ഞിരുന്നു. ന്യൂയോർക്കിലെ ഒരു ആർട്ട് ഗാലറിയിൽ അദ്ദേഹത്തിന്റെ ഒരു ചിത്രത്തിനു മുന്നിൽ അത്ഭുതാദരങ്ങളോടെ അരമണിക്കൂർ നേരം ചെലവഴിക്കുകയുണ്ടായി. സംസ്കാരം രൂപപ്പെടുന്നത് ഇങ്ങനെയൊക്കെയാണ്.

1989–ലാണ് ചാവു നിലം എന്ന നോവൽ എഴുതാൻ തുടങ്ങിയത്. ഒരു ബന്ധുവിന്റെ മരണമാണ് തനിക്കതിന് പ്രേരണയായത്. ആജാനബാഹുവായിരുന്ന അദ്ദേഹം മുഴുക്കുടിയനും ഭാര്യയെ മാരകമായി തല്ലുന്ന ക്രൂരനുമായിരുന്നു. ലഹരി കൂട്ടാൻ ഒരു നാൾ അയാൾ മദ്യത്തിൽ കീടനാശിനി കലർത്തി കുടിച്ചു. ആശുപത്രിയിൽ എത്തിച്ചു. അയാൾ ഒരു നല്ല കാര്യം ചെയ്തു. താൻ തന്നെ കുടിച്ചതാണെന്ന് സമ്മതിച്ചു. വീട്ടിൽ ബോഡി കൊണ്ടു വന്നപ്പോൾ എടുത്തടിച്ച പോലെ മഴ. പന്തലിലും വീട്ടിലും എല്ലാം വെള്ളം. എന്നാലും കാത്തോലിക്കരുടെ അയ്യോ എന്റെ പൊന്നു ചത്തേത് പോലുള്ള കണ്ണോക്ക് പാട്ട്. അതൊരു അനുഷ്ഠാനമാണ്. സിമിത്തേരിയിലേക്ക് കൊണ്ടു പോയപ്പോൾ അവിടെയെല്ലാം വെള്ളം. മരിച്ചയാളുടെ ഭാര്യക്കും അവിടെ ഉണ്ടായിരുന്ന എല്ലാവർക്കും ചെങ്കണ്ണ് വന്നു. ഇതിന്റെയൊക്കെ ഇതൊന്നുമല്ലാത്ത ആവിഷ്ക്കാരമാണ് ചാവു നിലം. എഴുതിയത് പലവട്ടം പുനർ വായനക്ക് വിധേയമാക്കുന്നതാണ് രീതി.

ജപ്പാനിൽ സ്ത്രീകൾക്ക് യാതൊരു അവകാശവും ഇല്ലാതിരുന്ന കാലത്ത് അവർ അവരുടെ സങ്കടങ്ങൾ കവിതയാക്കി ആരെയും കാണിക്കാതെ തലയിണക്കടിയിൽ സൂക്ഷിക്കുന്ന ഒരു രീതിയുണ്ടായിരുന്നു. അത് പോലെ ചാവു നിലം ദീർഘനാൾ പെട്ടിയിൽ കിടന്നു. കല സംസ്കാരവും സമൂഹവും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ നടത്തുന്നത് എങ്ങനെയെന്ന് പ്രശസ്ത ചിന്തകനായ Raymond Williams വിവരിക്കുന്നുണ്ട്.

മരിക്കുന്നതിന് രണ്ടു വർഷം മുമ്പ് Orhan Pamukന്റെ പിതാവ് പാമുക്കിന് ഒരു ചെറിയ Suitcase കൈമാറി. അതിൽ നിറയെ അദ്ദേഹത്തിന്റെ കുറിപ്പുകളും, രചനകളും, നോട്ട് ബുക്കുകളുമായിരുന്നു. അദ്ദേഹത്തിന് ആ ചെറിയ സൂട്ട്കേസ് പരിചിതമായിരുന്നു. അച്ഛൻ ദീർഘ യാത്ര കഴിഞ്ഞുവരുമ്പോഴൊക്കെ അത് അയാളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പക്ഷെ എഴുത്തുകാരൻ എന്ന നിലയിൽ അയാൾക്ക് പിതാവിനെ ഒരിക്കലും സങ്കൽപ്പിക്കാൻ കഴിഞ്ഞില്ല. അത് കൊണ്ട് അയാൾക്ക് അത് തുറന്നു വായിക്കാൻ ആശങ്കയായിരുന്നു. സാഹിത്യത്തിന് നോബൽ സമ്മാനം ലഭിച്ചപ്പോൾ അദ്ദേഹം നടത്തിയ My Father's Suitecase എന്ന പ്രസംഗം വളരെ ശ്രദ്ധേയമാണ്. ഒരു എഴുത്തുകാരൻ എന്താണെന്ന് പാമുക്കിന്റെ പ്രഭാഷണം ശ്രദ്ധിച്ചാൽ മനസ്സിലാകും.

നിരവധി തവണ നടത്തിയ പുനർ വായനക്കും തിരുത്തലിനും ശേഷം 1996–ൽ ചാവുനിലം പുസ്തകമായി. പക്ഷെ അന്നത് ആരും വായിച്ചില്ല. എന്നാൽ ഇന്ന് അത് വായിക്കപ്പെടുന്നുണ്ട്. ഇത്രയും പറഞ്ഞു കൊണ്ട് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു. തുടർന്ന് പ്രശസ്ത സാഹിത്യകാരനായ സുസ്മേഷ് ചന്ത്രോത്ത് സംസാരിച്ചു. പി.എഫ്. മാത്യൂസ് സുഹൃത്താണ്. അദ്ദേഹത്തെ കാണാനും കേൾക്കാനുമാണ് വന്നത്. കൊൽക്കത്തയിലാണ് കുറച്ചു കാലമായിട്ട്. അവിടെ ഇതുപോലുള്ള പരിപാടികൾ സംഘടിപ്പിക്കുമ്പോഴുണ്ടാവുന്ന വൈഷമ്യങ്ങൾ സംഘാടകൻ എന്ന നിലയിൽ അനുഭവിച്ചിട്ടുള്ളതാണ്. അത് കൊണ്ടാണ് വേദിയിലിരിക്കാൻ മടിച്ചത്. പ്രസംഗിക്കാൻ ശ്രമിക്കുന്നില്ല. നല്ല ഒരു പ്രഭാഷണം നിങ്ങൾ കേട്ടതുമാണ്.

കൊൽക്കത്തയിലെ അനുഭവവും മറിച്ചല്ല. അവിടെയും ഇത് പോലുള്ള പരിപാടികളിൽ യുവാക്കളുടെ അഭാവമുണ്ട്. അതിന്റെ കാരണം മാത്യൂസ് സാർ സൂചിപ്പിച്ചു. പക്ഷെ അതു മാത്രമല്ല അവരുടെ താല്പര്യം എന്താണെന്ന് നമ്മൾ കണ്ടെത്തണം. അതിനനുസരിച്ച് പരിപാടികൾ ആസൂത്രണം ചെയ്യണം.

സാഹിത്യം കല തുടങ്ങിയ കാര്യങ്ങൾ, പ്രത്യേകിച്ച് പാഠന സ്വഭാവത്തോടെ കൈകാര്യം ചെയ്യുമ്പോൾ അതുമായി ബന്ധപ്പെട്ടവരും സാഹി

ത്യ വിദ്യാർത്ഥികളും ശ്രദ്ധിച്ചാൽ മതിയെന്നാണ് അവരുടെ വിചാരം. കുറച്ചു കാലം മുമ്പൊരു സ്കൂളിൽ ഭാഷയും സാഹിത്യവും പഠിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഒരു അദ്ധ്യാപകൻ പറഞ്ഞു താൻ മലയാളമല്ല കെമിസ്ട്രിയാണ് പഠിപ്പിക്കുന്നതെന്ന്. ഞാൻ അതിശയത്തോടെ ആലോചിച്ചത് ഏത് വിഷയവും ആകട്ടെ നിങ്ങൾ പഠിപ്പിക്കുന്ന വിഷയം വിദ്യാർത്ഥികൾക്ക് മനസ്സിലാകുന്ന വിധത്തിൽ ഒരു ഭാഷയിൽ അവതരിപ്പിക്കണമെങ്കിൽ നിങ്ങൾക്ക് വായനയുടെ സഹായം വേണ്ടി വരും. അത് മലയാളമാകട്ടെ, ഇംഗ്ളീഷാകട്ടെ ഏത് ഭാഷയുമാകട്ടെ വായനയുടെ പിൻബലം അദ്ധ്യാപകർക്ക് ആവശ്യമാണ്. അതില്ലാതെ പഠിപ്പിക്കുന്നത് കൊണ്ടാകണം പുതിയ തലമുറ ഇതു പോലുള്ള പരിപാടികളോട് ഉദാസീനരാകുന്നത്. അതിന്റെ വലിയ ഉത്തരവാദിത്വം അദ്ധ്യാപകർ ഏറ്റെടുക്കേണ്ടതുണ്ട്. പത്രം പോലും വായിക്കാതെ, സമീപകാലത്തെ സാഹിത്യകൃതികൾ മനസ്സിലാക്കാതെ കുട്ടികളെ ടെക്സ്റ്റിലുള്ള വിഷയം മാത്രം പഠിപ്പിച്ചാൽ അത് കേട്ടു വളരുന്ന കുട്ടികൾ ഇങ്ങനെയായാൽ അതിൽ ഒട്ടും അതിശയമില്ല. രക്ഷിതാക്കളുടെ കാര്യം പ്രത്യേകം പറയേണ്ടതില്ല. രാത്രി ഉറങ്ങാൻ പോകുന്നത് വരെ മൊബൈൽ ഫോൺ നോക്കിയിരിക്കുന്ന മാതാപിതാക്കൾ സെൽ ഫോൺ ഉപയോഗിക്കരുതെന്ന് കുട്ടികളോട് പറയുന്നതിൽ ഒരർത്ഥവുമില്ല. രക്ഷിതാക്കൾ നല്ല പുസ്തകങ്ങൾ വായിച്ചും നല്ല സിനിമകൾ കണ്ടും സംഗീതം നൃത്തം തുടങ്ങിയ നല്ല കലാപരിപാടികൾ കണ്ടും കേട്ടും കേൾപ്പിച്ചും വളർത്തിയാലേ കുട്ടികൾ കലയേയും സാഹിത്യത്തെയും ഗൗരവത്തോടെ കാണുന്ന അവസ്ഥയുണ്ടാകൂ. രക്ഷിതാക്കളും അദ്ധ്യാപകരും ചേർന്നാണ് ഉത്തരവാദിത്തമുള്ള തലമുറയെ വാർത്തെടുക്കേണ്ടത്.

ഇത്രയും വൈകിയ വേളയിൽ വിഷയത്തിലേക്ക് കടക്കുന്നില്ല. സാഹിത്യത്തിന്റെ സാംസ്കാരിക സ്വാധീനം എന്നതിന്റെ അടിസ്ഥാനം തിരിച്ചറിയലാണ് എന്നാണ് ഞാൻ കരുതുന്നത്. തിരിച്ചറിയാനുള്ള ശേഷി ഒരു മനുഷ്യന് ആർജ്ജിക്കുമ്പോഴാണ് കലയുടെ സൂക്ഷ്മ തലങ്ങളിലേക്കും മാനവികതയിലേക്കും കടന്നു ചെല്ലാൻ കഴിയുക. ആ തിരിച്ചറിവ് എന്നത് പഠിച്ച എല്ലാ സിലബസ്സുകളും, എല്ലാ മുന്ധാരണകളും മുൻവിധികളും മാറ്റി വെച്ചു കൊണ്ടുള്ള തയാറെടുപ്പായിരിക്കണം.

കലയെ സമീപിക്കേണ്ടത് വളരെ തുറന്ന, അങ്ങേയറ്റം സത്യസന്ധമായ, കുട്ടികളെ പോലെ നിഷ്ക്കളങ്കമായ മനസ്സോടെയാണ്. ഒരു ചിത്രത്തിനു മുന്നിൽ അരമണിക്കൂറോളം നിന്ന് ആസ്വദിച്ച കാര്യം മാത്യൂ സാർ പറയുകയുണ്ടായി.

കലയുടെ ആസ്വാദനം അത് പോലെ അത്യന്തം ക്ഷമയോടെയായിരിക്കണം. 24 മണിക്കൂർ എന്നത് എത്രയോ തലമുറകൾ പിന്നിട്ടിട്ടും, എത്രയോ കണ്ടു പിടുത്തങ്ങൾ ഉണ്ടായിട്ടും തലമുറകൾ അവരുടെ ദൈനംദിന വ്യവഹാരങ്ങൾ നടത്തി വന്നിട്ടുള്ളത് ഈ 24 മണിക്കൂറിനുള്ളിലാണ്. ഈ സമയത്തെ ക്ഷമാപൂർവ്വം ഉപയോഗപ്പെടുത്തുകയാണ് ആവശ്യം. എല്ലാ തിരക്കുകൾക്കിടയിലും ക്ഷമയാകണം നമ്മുടെ നിക്ഷേപം. ക്ഷമയുണ്ടെങ്കിൽ മാത്രമേ ജീവിതത്തിലും സാഹിത്യത്തിലും കലയിലുമുണ്ടാകുന്ന നവീനമായ മാറ്റങ്ങൾ തിരിച്ചറിയാൻ കഴിയുകയുള്ളൂ. അക്ഷമ കാണിക്കാതിരിക്കണം. ക്ഷമയുണ്ടെങ്കിൽ മാത്രമേ ഇതുപോലുള്ള സംഘടനകൾ സാഹോദര്യവും മാനവികതയും ഉയർത്തിപ്പിടിക്കാൻ നടത്തുന്ന ശ്രമങ്ങൾ തിരിച്ചറിയാൻ കഴിയുകയുള്ളൂ എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ ചുരുങ്ങിയ വാക്കുകൾ അവസാനിപ്പിക്കുന്നു.

കെ.ആർ. കിഷോർ, ആർ.വി. ആചാരിരതി സുരേഷ് വി., കെ സുരേന്ദ്രൻ, ശാന്തൻകുമാർ എലപ്പുള്ളി പി. ഗീത, ദീപ ബാലകൃഷ്ണൻ നമ്പ്യാർ മനോജ് പിഷാരടി ഗോപിവാര്യർ, എസ്. കെ. നായർ, കെ. ചന്ദ്രശേഖർ നായർ, ഡോക്ടർ രാജൻ, എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

സമാജം പ്രസിഡന്റ് മുരളീധരൻ നായർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡെന്നീസ് പോൾ അവതാരകനായി. പി.എഫ്. മാത്യൂസിനെ, സാഹിത്യ വിഭാഗം കൺവീനർ, സി കുഞ്ഞപ്പൻ പരിചയപ്പെടുത്തി. സമാജം ട്രഷറർ എം.കെ. ചന്ദ്രൻ, ബിനോ ശിവദാസ് എന്നിവർ പി.എഫ്. മാത്യൂസിനും സുസ്മേഷ് ചന്ദ്രോത്തിനും പൂച്ചെണ്ടുകൾ നൽകി സ്വീകരിച്ചു. സൗദാറഷാന്റെ കവിതാലാപനത്തോടെ പരിപാടി ആരംഭിച്ചു. സ്കൂൾ സെക്രട്ടറി ചന്ദ്രശേഖരക്കുറുപ്പ് സുമേഷ് ചന്ദ്രോത്തിനെ പരിചയപ്പെടുത്തുകയും നന്ദി പറയുകയും ചെയ്തു. ■

## എഴുത്തിൽ നല്ലതും ചീത്തയുമില്ല ; എഴുത്തുമാത്രം – സുസ്മേഷ് ചന്ദ്രോത്ത്



എഴുത്തിൽ നല്ലതും ചീത്തയുമില്ല എന്നാണ് തന്റെ അഭിപ്രായമെന്നും, വായനക്കാരൻ ജീവിത പശ്ചാത്തലത്തിലൂടെ ആർജ്ജിച്ചിട്ടുള്ള അഭിരുചിക്കനുസരിച്ച് നല്ലത്, ചീത്ത എന്നൊക്കെ വിധിക്കുന്നു എന്നേയുള്ളുവെന്നും പ്രശസ്ത സാഹിത്യകാരനായ സുസ്മേഷ് ചന്ദ്രോത്ത് പറഞ്ഞു. കേരളസമാജം ദൂരവാണിനഗർ ഏർപ്പെടുത്തിയ സാഹിത്യ സംവാദത്തിൽ നല്ലെഴുത്തിന്റെ നവലോക നിർമ്മിതി എന്ന വിഷയത്തോടൊപ്പം എഴുത്തനുഭവങ്ങളും പങ്കു വെച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

എഴുത്തിനെ പൈങ്കിളി, ജനപ്രിയം എന്നൊക്കെ വർഗ്ഗീകരിക്കാറുണ്ടെങ്കിലും എല്ലാം സാഹിത്യം തന്നെയാണ്. നല്ലെഴുത്ത് എന്നത് പൊതു സമൂഹത്തിന്റെ ഇഷ്ടമല്ല. വായിക്കുന്ന എല്ലാ

കഥകളും എല്ലാവർക്കും ഇഷ്ടപ്പെട്ടു കൊള്ളണം എന്നില്ല.

മുട്ടത്ത് വർക്കി ''പാടാത്ത പൈങ്കിളി'' എന്ന നോവൽ എഴുതിയ ശേഷമാണ് ''പൈങ്കിളി സാഹിത്യം'' എന്ന വർഗ്ഗീകരണം ഉണ്ടായത്. സാധാരണ മനുഷ്യരെ കഥാപാത്രങ്ങളാക്കി സാധാരണക്കാരുടെ മോഹങ്ങളും മോഹഭംഗങ്ങളുമൊക്കെയാണ് മുട്ടത്ത് വർക്കി എഴുതിയിരുന്നത്. സാധാരണ മനുഷ്യരുടെ ഒഴിവു സമയ ആശ്വാസമായിരുന്നു വായന. മുട്ടത്ത് വർക്കി, ബാറ്റൺ ബോസ് തുടങ്ങിയ എഴുത്തുകാരാണ് അക്കാലത്ത് കൂടുതൽ വായിക്കപ്പെട്ടത്. നമുക്ക് നമ്മളെത്തന്നെ കാണിച്ചു തരുന്ന കണ്ണാടിയായിരുന്നു അവരുടെ രചനകൾ.

ഏകദേശം നാൽപ്പത് വർഷക്കാലം ആധുനിക സാഹിത്യത്തിന്റെ കാലമായിരുന്നു. ഇക്കാലത്ത് തന്നെയാണ് ഉത്തമ കൃതികളും ഉണ്ടായത്. ഭാഷയുടെ അതി ഭാവുകത്വമോ വളച്ചു കെട്ടലോ ഇല്ലാത്ത രചനകളായിരുന്നു അവ. അഭിരുചികളും സെൻസിബിലിറ്റിയും രൂപപ്പെടുന്നത് ലഭിക്കുന്ന വിദ്യാഭ്യാസം, അനുഭവങ്ങൾ, രക്ഷിതാക്കളുടെ സ്വാധീനം, വായന എന്നിവയെ അടിസ്ഥാനമാക്കിയാണ്. ഈ സെൻസിബിലിറ്റിയാണ് വായനക്കാരെ വിധിക്കുന്ന വ്യക്തികളാക്കുന്നത്. ഈ വിഭാഗമാണ് ഉത്തമ സാഹിത്യ അന്വേഷണം നടത്തുന്നത്. എന്നാൽ ശാശ്വതമായി ഒന്നും ശരിയല്ല, ഒന്നും തെറ്റുമല്ല എന്നാണ് തന്റെ അഭിപ്രായം.

നിലവിലുള്ള പരിതസ്ഥിതികൾക്ക് എന്തൊക്കെയോ പോരായ്മകൾ ഉണ്ടെന്നത് കൊണ്ടാണ് നവലോക നിർമ്മിതിക്ക് ശ്രമിക്കുന്നത്. ഇത് വ്യക്തിപരമാണ്. എന്നെ ഞാൻ നവീകരിക്കുമ്പോൾ എഴുതുന്നതാണ് ഉത്തമ സാഹിത്യം. വായനശാലയിൽ ചെല്ലുമ്പോൾ ചില പുസ്തകങ്ങൾ വേണ്ടെന്നും മറ്റു ചിലത് വേണമെന്നും തോന്നുന്നത് വായനയിലൂടെ നേടിയ വകതിരിവു കൊണ്ടാണ്.

നല്ല രചനകൾ സൃഷ്ടിച്ചവർ നല്ലവരായി ക്കൊള്ളണമെന്നില്ല. കലാകാരനല്ലേ അങ്ങനെയൊക്കെ ഉണ്ടാകും എന്നത് നിലവിലുള്ള നൈതികത പാലിക്കുന്നവരല്ല കലാകാരന്മാർ എന്നും ഞങ്ങൾ മാന്യന്മാരാണ് നിങ്ങൾ നിങ്ങളുടെ വഴിക്ക് നടന്നോളൂ എന്നതിന്റെ സാമൂഹിക ധാരണയാണ്.

കേരളീയ നവോത്ഥാന മുന്നേറ്റങ്ങൾ ജനങ്ങളിൽ എത്തിച്ചതിൽ കഥാപ്രസംഗം വലിയ പങ്കു വഹിച്ചിട്ടുണ്ട്. നമ്മുടെ സമൂഹത്തിന്റെ പുഴുക്കുത്തുകൾ ചൂണ്ടികാണിക്കുന്നത് കൊണ്ടാണ് ചിലവ വേറിട്ട് നിൽക്കുന്നത്.

രാജ്യദ്രോഹക്കുറ്റം ചുമത്തി വധശിക്ഷക്ക് വിധിക്കപ്പെടുകയും ഫയറിങ്ങ് സ്ക്വാഡിന് മുന്നിലേക്ക് കൊണ്ടു പോകുന്ന നിമിഷത്തിൽ വിട്ടയക്കപ്പെടുകയും ചെയ്ത വ്യക്തിയാണ് ഡോസ്റ്റോവസ്കി. സാർ ചക്രവർത്തിയെ അട്ടിമറിക്കാൻ ആഹ്വാനം ചെയ്യുന്ന സാഹിത്യം വായിച്ചതും എഴുതിയതുമായിരുന്നു ഡോസ്റ്റോവസ്കിയുടെ മേൽ ആരോപിക്കപ്പെട്ട രാജ്യദ്രോഹക്കുറ്റം. എഴുത്തുകാരനായ അദ്ദേഹത്തിന്റെ ചൂതുകളിയിലുള്ള അമിതാസക്തി കൊണ്ടുണ്ടായ ദാരിദ്ര്യത്തിനിടയിലും, ഇടയ്ക്കിടെ അലട്ടിയ അസുഖങ്ങൾക്കിടയിലും സാന്ത്വനം നല്കിയത് സ്ത്രീകളായിരുന്നു.

ഒരർത്ഥത്തിൽ എല്ലാവരും കലാകാരന്മാരാണ്. ഒരാൾ മറ്റൊരാളുടെ സംഭാഷണ ശകലം ആവർത്തിക്കുമ്പോൾ പലപ്പോഴും അത് അനുകരണ കലയായി മാറാറുണ്ട്.

On the Road എന്ന മികച്ച അമേരിക്കൻ നോവലിന്റെ രചയിതാവ് ജാക്ക് കെറോക്ക് അമിത മദ്യപാനം കൊണ്ട് നാൽപ്പത്തി ഏഴാം വയസ്സിൽ മരിച്ചുപോയ വ്യക്തിയാണ്. ന്യൂ യോർക് ടൈംസ് തിരഞ്ഞെടുത്ത ഇരുപതാം നൂറ്റാണ്ടിലെ മികച്ച നൂറു ഇംഗ്ലീഷ് നോവലുകളിൽ അമ്പത്തിഅഞ്ചാം സ്ഥാനം നേടിയ കൃതിയാണ് On the Road. എന്നാൽ ജീവിതം ധൂർത്തടിച്ച് ജീവിച്ച ജാക്ക് കെറോക്ക്, പൊതു സമൂഹത്തിന്റെ മാനദണ്ഡമനുസരിച്ച് തെമ്മാടിയായി പരിഗണിക്കപ്പെട്ട വ്യക്തിയാണ്.

എഴുത്തുകാർ മത ജാതി ജീർണ്ണതകളിൽ നിന്ന് മുക്തരാകുമ്പോഴേ നല്ല രചനകൾ സൃഷ്ടിക്കാനാകൂ. തിഹാർ ജയിലിലെ അനുഭവങ്ങളെക്കുറിച്ച് സുനിൽ ഗുപ്തയും സുനേത്ര ചൗധരിയും ചേർന്നെഴുതിയ ''ബ്ലാക്ക് വാറന്റ് – ഒരു ജയിലറുടെ കുമ്പസാരം'' എന്ന പുസ്തകത്തിൽ സുനിൽ ഗുപ്ത ചാൾസ് ശോഭരാജ് എന്ന കൊടും കുറ്റവാളിയെ ഭംഗിയായി വസ്ത്രം ധരിച്ചനിലയിൽ ജയിലിൽ കണ്ട കാര്യം പറയുന്നുണ്ട്.

There is no other (മറ്റൊരാളില്ല) എന്ന രമണ മഹർഷിയുടെ ദാർശനിക നിലപാടിലേക്ക് മനുഷ്യർ ഉയർന്നാൽ നന്നായിരിക്കും. ഭരതേട്ടൻ എന്ന കഥ കൊൽക്കത്തയിൽ വെച്ചു എഴുതിയതാണ്. പാലക്കാടിൽ വേനൽക്കാലത്തെ ഉണങ്ങിവരണ്ട വയലുകളും വരണ്ട ചാലുകൾക്കിരുവശത്തും വളർന്നു നിൽക്കുന്ന കൈതച്ചെടികളും ഒക്കെ മനസ്സിലുണ്ടായിരുന്നു. അത് കൊണ്ടാണ് കഥക്ക് പാലക്കാട് പശ്ചാത്തലമൊരുക്കിയത്. അവിടത്തെ സംഭാഷണ രീതി നല്ലവണ്ണം അറിയുന്ന ഒരു സുഹൃത്തിന്റെ സഹായം തേടിയാണ് അതൊക്കെ എഴുതിയത്. എഴുതി വന്നപ്പോഴാണ് ഭരതൻ കഥാപാത്രമായത്.

ഏറ്റവും ഒടുവിലെഴുതിയ ബ്രഹദ് രചനയാണ് വഴിച്ചെണ്ട, തകഴിയുടെ കയറിനെക്കാളും, വിലാസിനിയുടെ അവകാശികളെക്കാളും വലിയ പുസ്തകമാണ് വഴിച്ചെണ്ട. പ്രി പബ്ലിക്കേഷൻ സൗജന്യം ഉപയോഗപ്പെടുത്തി പുസ്തകം വാങ്ങി സഹകരിക്കണമെന്ന അഭ്യർത്ഥനയോടെ അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു.

സംവാദത്തിൽ സമാജം പ്രസിഡന്റ് മുരളീധരൻ നായർ അദ്ധ്യക്ഷത വഹിച്ചു. ട്രഷറർ എം.കെ. ചന്ദ്രൻ അതിഥിക്ക് പൂച്ചെണ്ട് നൽകി. എഡ്യുക്കേഷനൽ സെക്രട്ടറി ചന്ദ്രശേഖരക്കുറുപ്പ് സുസ്മേഷ് ചന്ദ്രോത്തിനെ പരിചയപ്പെടുത്തി.

പരിപാടിയുടെ ഭാഗമായ ഭരതേട്ടൻ എന്ന കഥ വായന മലയാളം മിഷൻ കോർഡിനേറ്റർ (നോർത്ത്–ഈസ്റ്റ്) ഡോ. ഹരിത എസ്.ബി. ഉദ്ഘാടനം ചെയ്തു. തുടർന്ന് രമപ്രസന്ന പിഷാരടി, ടി.ഐ. ഭരതൻ, സദ റഹ്മാൻ, ഹസീന ഷിയാസ്, മനോജ് പിഷാരടി, ഡോഷി മുത്തു, സുരേന്ദ്രൻ വി.കെ., ആര്യ സജീവ്, വീണ മോഹൻ എന്നിവർ വായനയിൽ പങ്കെടുത്തു.

സദ റഹ്മാൻ, രമ പ്രസന്ന പിഷാരടി, ഷമീമ, നീതു വിനോദ്, ശാന്ത, വീണ മോഹൻ, ജയശ്രീ, വിവേക് എന്നിവർ കവിതാലാപനം നടത്തി. ടി.എ. കലിസ്റ്റസ്, കുട്ടി, അഡ്വ. പ്രശാന്ത്, എസ്.കെ. നായർ, ടി.ഐ. ഭരതൻ, വി.കെ. സുരേന്ദ്രൻ, രമ പ്രസന്ന പിഷാരടി, വിവേക്, സുദേവ് പുത്തൻഞ്ചിറ എന്നിവർ സംവാദത്തിൽ പങ്കെടുത്തു. സാഹിത്യ വിഭാഗം കൺവീനർ സി. കുഞ്ഞപ്പൻ, ജനറൽ സെക്രട്ടറി ഡെന്നിസ് പോൾ എന്നിവർ പരിപാടി നിയന്ത്രിച്ചു.

■

# BRIDES WANTED:

**G 195** 44 years, (28-10-1979) MCA, Director-Solutions India Pvt Ltd, star Uthradam, Height 173cm Nair family from Kunissery Palakkad.

**G 204** 44 years, (24-10-1979) BTech. Working as Sales Manager for a reputed company in Doha, Qatar,Star: Anizham (Sudha Jathakam) Fair Complexion, Divvorcee-no kids, Height 6'1'' settled in Chalavara, Cherppulassery, Palakkad.

**G 205** 32 yrs, (25.07.1992), Diploma, Store Manager-Go Colour,, Star-Karthika, (Sudda), Height: 5"4" , Nair family from Chengannur, Alapuzha.

**G 208** 38 years, (14.10.1985), Diploma in Aurveda, Star: Chithira, Height: 5"8", Thiyya family from Calicut.

**G 211** 40 years, (07.06.1984), BE Mtech (Mechanical), Manager-Baker Hughes, US MNC, Whitefield Bangalore, Star:Uthram, Height:166 cm, Settled in Bangalore, Nair family from Palakkad. (cast No Bar)

**G 212** 39 years, (06.05.1985), MBA, Working as Managerwith London Stock exchange group, Star: Trikketta, Height: 5"8", Settled in Bangalore, Hindu Ezhava (cast no Bar) family from Ponnore Trissur.

**G 213** 31 Years, (19.09.1992), BCom Computer science EBAC, Senior software Engineer, Wipro Ltd Bangalore, Star: Makayiram, Height: 5"6", Family from Pattambi Palakkad.

**G 214** 42 Years, (22.03.1982), Bcom, Team Leader in LSK Global Solutions Bangalore, Star: Avittam, Height:5"10", Family from Plazhy, Palakkad.

**G 215** 36 Years, (25.02.1988), BE (IT), Vice President (VP) in JP Morgan Bangalore, Star: Rohini, Height: 5"10", Fair Complexion, Family from Malaparamba Kozhikode.

**G 216** 33 Years, (10.10.1990), Bcom, Working as Senior Technician in Pixelon Technologies, Whitefield, Bangalore., Star: Thiruvathira, Height: 164cm, Whitish, Thiyya Family from Kozhikode settled in Bangalore.

**G 217** 34 Years, (08.06.1990), Bcom, Working as Accountant Analyst in IBM Bangalore Whitefield, Star: Thriketa, Height: 6"2". Medium Black colour. Hindu (Viswakarma) family from Palakkad now settled in Bangalore.

**G 218** 37 Years, (18-06-1987), MBA, Working As SAS in Consero Services India OCT Ltd. Peenya, Bangalore, Star: Uthruttathi, Height: 5"8", Medium colour, Hindu-Viswakarma (Carpenter) from Palakkad now Settled in Bangalore.

**G 219** 36 Years, (03-11-1987), BA LLB, Working as Legal Manager, in B12 DROUT Bangalore, Star: Uthruttathi, Height: 5"10", Fair, Hindu Family from Kollam and Settled in Bangalore.

**G 220** 35 Years, (30-11-1988), BE, Working as Principal Architect in Microland, Eco space,Bangalore. Star: Makam, Height: 5"7", Whitish, Hindu ( Ezhava ) family from Kozhikode now residing at Bangalore.

**G 221** 32 Years, (21.08.1991), BE, Working as Network Engineer in New Era Technology. Star: Pooradam, Height:5"6", whitish, Hindu Nair Family from Palakkad and settled in Bangalore.

**G 222** 31 Years, (08.11.1992), Bsc science, working as Business Manager in Akesiss Pharma Pvt Ltd, Star: Revathi, Height: 162cm, Fair, Hindu Nair family from Trissur and settled in Bangalore.

**G 224** 31 Years, (08.04.1993), Batchelor Degree, working in Honda Bangalore. Star: Chodi, Height: 5"9", whitish, Hindu Nair family from Palakkad and settled in Bangalore.

**G 225** 29 Years, (28.02.1995), MBA (Marketing and HR), working as HR in Wolkus Technology (Fasal) Bangalore, Star: Avittam, Height: 168cm, whitish, Hindu Warrier family from Kottayam, Kerala.

**G 226** 36 Years, (11.06.1988), BCom, Working as Operation Team Leader in Jaste Energe Bangalore, Star: Bharani, Height: 5"7", whitish, Hindu Vishwakarma (Aashari) family from Palakkad settled in Bangalore.

**G 227** 33 Years, (14.04.1991), BE Mechanical+Computers, Working in Myantha Embassy Park Bangalroe, Star: Revathi, Height:158 cm, whitish, Hindu Viswakarma Aashary family from Palakkad.

**G 228** 29 Years, (06.08.1994), BE Mechanical Engineer, Working as Engineer in Peninsula Electronics Bangalroe, Star: Pooyam, Height: 5"3", whitish, Hindu Viswakarma family Ottappalam, Palakkad.

**G 229** 41 Yars, (19.05.1983), PUC, own business(Interior Decorator), Star:Magham, Height:5"4". Whitish, Viswakarma (Carpenter) family from Palakkad settled in Bangalore.

G 230 29 Years, (29.11.1994), BCom, Working as Senior Operation Exicutive in World Line Indian Pvt. Ltd (WGS) Bangalore, Star: Atham, Height: (173cm) 5"8". Whitish, Hindu Nair family from Puramannur, Malappuram.

**G 231** 29 Years, (01.06.1995), BCom, Working as PWC Australia, Star: Thiruvathira, Height: 5"6", Whitish, Hindu Nair family from Panthalam, Pathanamthitta.

**G 232** 39 Years, (26.09.1984), BCom, Working as Operation Exicutive in M/s Bhuruka Gases Ltd, Whitefield, Bangalore, Star: Chithira, Height: 5"8", Whitish, Hindu Nair family from Chiriyankeezhu, Thiruvanathapuram.

**G 233** 32 Years, (06.01.1992), BBM, Working as Team Leader in Forte Management Office Bangalore, Star: Uthradam, Height: 5"7", Whitish, Hindu Nair family from Thiruvanathapuram.

**G 234** 30 Years, (18.06.1994), BE Mechanical, Working as Senior Engineer in Alten India Pvt.Ltd Koramangala, Bangalore, Star: Atham, Height: 5"7", Whitish, Hindu Nair family from Ottappalam, Palakkad.

**G 235** 36 Years, (30.03.1988), BE Computer Science, Working as Team Leader in First American India Pvt Ltd, Indiranagar, Bangalore, Star: Pooram, Height: 6"0", Whitish, Hindu Nair family from Kollengode, Palakkad.

**G 236** 38 Years, (08.09.1985), Msc IT, Working as Systems Engineer in Oracle, Bangalore, Star: Makeeryam, Height: 179cm, Whitish, Hindu Nair (Vaniya) family from Kuthuparamba, Kannur Dist, Kerala

**G 237** 40 Years, (12.03.1984), ME (Master of Engineering), Working as Engineer in Aerospace Field, (Non IT MNC) Mahadevapura, Bangalore, Star: Thiruvathira, Height: 5"11", Whitish, Hindu Brahmin Iyer family from Thirunelveli and settled in Bangalore.

**G 238** 28 Years, (02.09.1995), BCom, Working as Operations Exicutive in Omega Shipping Agencies Pvt. Ltd Bangalore, Star: Anizham, Height: 5"4", Whitish, Hindu Nair family from Chalakara,Thrissur and settled in Robertsonpet, KGF.

**G 239** 36 Years, (28.08.1987), BCom, Working as Process Managaer in Diageo Pvt. Ltd Bangalore, Star: Atham, Height: 5"6", Whitish, Hindu Thiyya family from Chattukapara, Kannur and settled in Bangalore.

**G 240** 33 Years, (12.01.1991), Bcom and IT Diploma, Working as Sales Exicutive Capalline, UAE, Star: Anizham, Height: 160cm, Whitish, Hindu Nair family from Kalpathy, Palakkad and settled in Bangalore.

**G 241** 27 Years, (13.10.1996), BE and MBA, Working as Business Analyst, Target Corporation Manyata Tech Park Bangalore, Star: Chithira, Height: 172cm, Whitish, Hindu Viswakarma (Goldsmith) family from Madurai and settled in Bangalore.

**G 242** 31 Years, (02.09.1992), Engineering (Information Technology), Working as Software Engineer IDS NEXT, Oman, Dubai, Star: Vishakham, Height: 5"5", Whitish, Hindu Ezhava family from Mundur, Palakkad and settled in Bangalore.

**G 243** 29 Years, (27.10.1994), MBA from JIMS Delhi, Working as Dy. Managar Corporate Sales at Jubilant fords Cochin, Star: Pooyam, Height: 5"9", Whitish, Hindu Menon family from Kuthanur, Palakkad.

**G 244** 35 Years, (21.08.1989), BE (EEE), Working as Associate at Cognizant Technology solutions Bangalore, Star: Aswathy, Height: 5"5", Whitish, Hindu Ezhava family from Trissur and settled in Bangalore.

**G 245** 30 Years, (04.03.1994), BE (Mechanical Engineering), Working as Lead Engineer at HCL Technologies, Jigani, Bangalore, Star: Anizham, Height: 170cm, Whitish, Hindu Viswakarma (Carpenter) family from Kunnamkulam, Trissur.

**G 246** 29 Years, (15.11.1995), Bcom, Working in MNC Bangalore, Star: Makam, Height: 5"8", Whitish, Hindu Nair family from Aluva, Ernakulam and settled in Bangalore.

**G 247** 37 Years, (21.01.1987), BE (Electronics and communication), Working as Manager at Cap Gemini, Whitefield, Bangalore, Star: Atham, Height: 174cm, Whitish, Hindu Thiyya family from Azhikode, Kannur.

**G 248** 33 Years, (08.06.1991), BE (E & C), Working as Software Engineer (QA) at Sr. Software Engineering (QA), Jayanagar, Bangalore, Star: Revathy, Height: 168 cm, Whitish, Hindu- Kavu Thiyya family from Thalassery, Kannur and settled in Bangalore.

**G 249** 29 Years, (08.03.1995), BCom, Working as Manager at Nilsen Sports Bangalore (IT Company), Star: Karthika, Height: 5"8", Whitish, Hindu-Ezhuthachan family from Ottappalam Palakkad and settled in Bangalore.

**G 250** 30 Years, (18.03.1994), BTech, Working as Engineer (non IT) at Schneider Electric India Pvt. Ltd, Star: Rohini, Height: 5"10", Whitish, Hindu-Vishwakarma family from Thalassery, Kannur Dist, Kerala.

## GROOMS WANTED

**B 215** 36 Years (11-12-1987) BCom. Accounts Assiistant for a Private Trading company Star: Makam, Height: 5'2'' Fair complexion, Viswakarma (Goldsmith) family from Thrissur.

**B 216** 35 Years (25-7-1989) MBA, HR for a MNC Star Aswathy Height: 160 cms fair complexion, Alappuzha based Ezhava family residing Bangalore.Father works in Gulf.

**B 217** 32 Years (18-11-1991) BE (CSE), Storage Deployment Engineer in HP, Star Uthratathi, Height:5' (152cm) Fair complexion, viswakarma family from Chovva Kannur Dist.

**B 219** 33 Years (05.10.1991), Mcom, Working as Senior Financial Specialist in ABB Global BusinessServices Bangalore, Star: Makham, Height: 5"5", Fair Complexion, Viswakarma family from Palakkad and settled in Bangalore.

**B 220** 36 Years (30-08-1987) BSc Nurse, NIMHANS, Star: Vishakam (Chovva Dosham) Height: 175 cm, fair complexion, Thiya family Vadakara, Kozhikkode

**B 221** 33 Years (05-11-1990), Bachelor of Physiotheraphy, Physiotherapist-Kasturba Medical College, Star: Rohini Height: 5'4" fair complexion, Ezhava family from Palakkad.

**B 223** 46 Yrs (02.07.1978), BCom, Employed in Private company, Star: Rohini, Height: 163 cm, Fair complexion, Thiyya family from Kuthuparamba (Kannur Dist.)

**B 227** 29 Years, (10.10.1994), B Com and MBA, Working as Team Leader in JP Morgan Bangalore, Star: Moolam, Height: 5"2", Colour: Fair, Nair Family from Kozhikode and settled in Bangalore.

**B 229** 36 Years, (24-01-1988), BSc Computer Science & Electronics, Working as Team Leader in First Advantage, ITPL, Whitefield, Bangalore. Star: Revathi, Height: 5"4", Complexion: Whitish, Hindu Nair family from Kozhikode and Settled in Bangalore.

**B 230** 25 Years, (04.05.1999), BE Civil, Working as Civil Engineer in CNIL consultant Bangalore, Star: Trikketta, Height: 5"1" Complexion: Whitish, Hindu Viswakarma family from Kozhikode and Settled in Bangalore.

**B 231** 25 Years, (10.04.1999), Masters on Social work (HR), Working as Exicutive: Admissions, Marketing and comunication in Chevalier Academy Bangalore, Star: Uthradam, Height: 150cm, Complexion: Whitish, Hindu Nambiar family from Thalassery Kannur and Settled in Bangalore.

**B 233** 27 Years, (16.07.1997 ), Bachelors in Architecture, Working as architect in Studio Bedeck Bangalore, Star: Anizham, Height: 5"2", Complexion: Whitish, Hindu Viswakarma (Blacksmith) family from Palakkad and Settled in Bangalore.

**B 234** 35 Years, (18.01.1989), Bcom Graphic Designer, Working as Graphic Designer in Bangalore, Star: Rohini, Height: 5"5", Complexion: Whitish, Christian (RC) family from Vadakkanchery, Trissur and Settled in Bangalore.

# KERALA SAMAJAM DOORAVANI NAGAR - NEW MEMBERS LIST

| Sl. No. | M/S No. | Name | | ZONE | |
|---|---|---|---|---|---|
| 1 | 3903 | ASHRITHA.P.ASHIK | | VJP | |
| 2 | 3904 | SURESH NAIR | M G | UDN | |
| 3 | 3905 | RAMANKUTTY NAIR | A K | UDN | |
| 4 | 3906 | PRAMEELA | L | UDN | |
| 5 | 3907 | PRADEEP KUMAR | K V | UDN | |
| 6 | 3908 | BABY | C T | UDN | |
| 7 | 3909 | BENNY THOMAS | | MDP | |
| 8 | 3910 | SOWMYA | S | VJP | |
| 9 | 3911 | PREMA | R | VJP | |
| 10 | 3912 | SASIDHARAN | C N | RMN | EAST |
| 11 | 3913 | RAJESH MON | M | KRP | |
| 12 | 3914 | SAIRAM | C | KRP | |
| 13 | 3915 | VINODKUMAR | K M | RMN | EAST |
| 14 | 3916 | MANESH MADHAVAN | | MGH | |
| 15 | 3917 | SATISH SIVAN | | RMN | WEST |
| 16 | 3918 | VARSHA MADHAVAN | | RMN | EAST |
| 17 | 3919 | SYMA SUNNY | | RMN | EAST |
| 18 | 3920 | SHIJO | M P | KRP | |
| 19 | 3921 | PRAVEEN | PV | UDN | |

| Sl. No. | M/S No. | Name | | ZONE | |
|---|---|---|---|---|---|
| 20 | 3922 | KESAVAN | K | UDN | |
| 21 | 3923 | VASANTHA KUMARI | | RMN | EAST |
| 22 | 3924 | VARGHESE CHETTUPUZHA | | RMN | EAST |
| 23 | 3925 | ASHA GIRISH | | KRP | |
| 24 | 3926 | ANCY | A M | KRP | |
| 25 | 3927 | JOJO PETER | | KRP | |
| 26 | 3928 | ANJU GEORGE | | KRP | |
| 27 | 3929 | PREEJITH | T V | VJP | |
| 28 | 3930 | RAJESH RAJAPPAN | | RMN | WEST |
| 29 | 3931 | PRASANTH | V | MGH | |
| 30 | 3932 | SABITHA | K | RMN | EAST |
| 31 | 3933 | NARAYANA SWAMY | R | RMN | WEST |
| 32 | 3934 | GOKUL KRISHNA | A | VJP | |
| 33 | 3935 | VINODAN | P K | UDN | |
| 34 | 3936 | RAKESH | P | RMN | EAST |
| 35 | 3937 | MANEESHA BIPIN | | VJP | |
| 36 | 3938 | SHUBINKUMAR | TP | KRP | |
| 37 | 3939 | RAJEESH | K | KRP | |
| 38 | 3940 | JUBIN THOMAS | | RMN | WEST |



**Smt. Vishalakshi Amma K.M.**
**(83 Years)**
DOD: 08.08.2024
No. 410, Emarald,
7th Main Road, Kalyan Nagar,
Bengaluru-43.



**Sri. Sanjith Kumar**
**(42 Years)**
DOD: 18.08.2024
#399/1, 4th Cross,
1st Main, Kuvempu Nagar,
Ramamurthynagar, Bengaluru-16.



**Sri. K.C. Antony**
**(93 Years)**
DOD: 21.08.2024
#23/2, Ground floor,
4th Cross, Kalkeri Main Road,
Ramamurthynagar, Bengaluru-16.



**Sri. C. Sureshan**
**(70 Years)**
DOD: 21.08.2024
#Sreyas, Peralasseri,
Kannur Dist., Kerala.



**Sri. D. Varghese**
**(63 Years)**
DOD: 25.08.2024
#259, Vini Bhavan, Kavery
Road,1st Main, Udayanagar,
Bengaluru-16.



**Smt. Radha**
**(76 Years)**
DOD: 25.08.2024
#80, Sujaya Nilayam,
2nd Cross, Kavery Road,
Udayanagar, Bengaluru-16.



**Sri. Ajithkumar P.K.**
**(43 Years)**
DOD: 26.08.2024
Manasa Bakery,
Ayyappanagar, KR Puram,
Bengaluru-38.



**Smt. P. Sathidevi**
**(78 Years)**
DOD: 28.08.2024
#843, "Krishna",
6th A Cross, VSR Layout,
Udayanagar, Bengaluru-16.



**Smt. Devayani**
**(55 Years)**
DOD: 31.08.2024
7th Cross, Chikkaramaiah L/O,
Varanasi Rd, Bengaluru-36.



**Sri. K. Sukumaran**
**(72 Years)**
DOD: 06.09.2024
#10/230, "Sneham",
Athaniparambu, Olavakode,
Palakkad-36, Kerala.



**Sri. Gopalakrishnan Achari**
**(83 Years)**
DOD: 07.09.2024
#22/23, RG Bhavan,
11th Cross, Ramamurthynagar,
Bengaluru-16.



**Sri. Raghavan Vellachalil**
**(79 Years)**
DOD: 22.09.2024
Near Cheeramveetil Peedika,
Vadakara, Kozhikode Dist.
Kerala.



**Sri. Xavier Bastian**
**(80 Years)**
DOD: 01.10.2024
#37, Kunnel House, 8th A Cross,
Sir MV Nagar, Ramamurthynagar,
Bengaluru-16.



**Smt. Rekha**
**(50 Years)**
DOD: 01.10.2024
#60, Jai Kawan Street,
Chandanavathana Layout,
Ramamurthynagar, Bengaluru-16.



**Sri. Johny K.L.**
**(71 Years)**
DOD: 12.10.2024
#92, 6th Cross,
Brindavan Layout, Vijinapura,
Bengaluru-16.



**Sri. Ramesh Babu**
**(56 Years)**
DOD: 13.10.2024
#1684, 3rd Cross, Near Om
Sakthi Temple, Vijinapura,
Bengaluru-16.



**Smt. Radha Amma**
**(76 Years)**
DOD: 17.10.2024
#292, Dassappa Layout,
3rd Block, Ramamurthynagar,
Bengaluru-16.



**Sri. Umesh Dev S.**
**(50 Years)**
DOD: 26.10.2024
#A405, Pavani Divine, Hoodi,
Bengaluru-560048



**Smt. Rugmini Amma**
**(79 Years)**
DOD: 01.11.2024
#2, Lakshmivenketeswara
Layout, Margondanahalli,
Bengaluru-36.



**Sri. Jimmy Mathew**
**(50 Years)**
DOD: 03.11.2024
#66, "Shreyas", 12th Cross,
PWD Road, B. Narayanapura,
Bengaluru-16.

## Award for Jubilee English High School - CBSE




Jubilee English High School - CBSE has been awarded for the excellence in "Affordable and Quality Education" by IKA - 2024 Bengaluru. In the award ceremony held at KTPO Trade Centre Whitefield the award has been received by Sri. Chandrasekhara Kurup, Secretary DKSES and Smt. Rashmi, Vice Principal, JEHS.




Jubilee English High School - CBSE, Bangalore has been selected as one of the 'Dynamic Schools', a prestigious recognition for excellence in education by Education News Network (ENN). This honour is formally presented during the 12th National Conference on K-12 Leadership & India School Merit Awards, hosted on 10th December 2024 at The Taj, Bangalore Airport and award has been received by Smt. Rekha Kurup, Principal JEHS.

## Family Day - JEHS Kiddo Zone







## Blossom 2024







## Independence Day










## Jubilee College - Onam Celebration







## Hindi Diwas - Jubilee School




## Gandhi Jayanthi



## Obituary



Ajee PB



KCR Nambiar

## Kannada Rajyotsava - Jubilee College







## Jubilee Premier League - Season 6







# ADMISSION IS OPEN FOR ACADEMIC YEAR 2025-26

## JUBILEE ENGLISH HIGH SCHOOL (CBSE)

12th Main, Phase II, NRI Layout,
T.C. Palya Post, Bangalore - 560 036
Telephone: 6366372314 / 6366372313
www.jubileecbsenri.in






## JUBILEE PRE-UNIVERSITY COLLEGE

Old UCO Bank Road, Vijinapura,
Bangalore - 560 016
Telephone: 6366372316 / 080-25654661
www.jubileecollege.in
**Courses Offered: PCMB, PCMC & EABC**

## JUBILEE SCHOOL

Old UCO Bank Road,
Vijinapura, Bangalore - 560 016
Telephone: 080-25651999 / 6366372321
www.jubileeschool.in




**WE PROVIDE QUALITY EDUCATION AT AFFORDABLE COST**

**42 YEARS OF DEDICATION, ACHIEVEMENTS, ETHICS & INNOVATION.**